# മലങ്കരസഭ



ദൈവമേ..! അങ്ങ് സത്യമായും ഉയർത്തെഴുന്നേറ്റു..!



## ആത്മീയസൗഖ്യത്തിന്റെ നാനാർത്ഥങ്ങൾ

HOLISTIC HEALING


# മൈലപ്രാ വലിയപള്ളി പെരുന്നാൾ

2011
മെയ് 6, 7





പരിശുദ്ധ ബസേലിയോസ് മാർത്തോമാ
പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ



ഭദ്രാസനാധിപൻ
അഭി. കുറിയാക്കോസ്
മാർ ക്ലിമിസ് തിരുമേനി



അഭി. യൂഹാനോൻ മാർ
പോളിക്കാർപ്പോസ്



*അഭയം യാചിക്കുന്നവർക്ക് അനുഗ്രഹമായി*

## മൈലപ്രാ വലിയപള്ളി പെരുന്നാൾ



ഫാ. റോയി പി. തോമസ്
വികാരി

വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും ചരിത്രമുറങ്ങുന്ന മദ്ധ്യതിരുവിതാംകൂറിൽ മലങ്കര സഭയിലെ അതിപുരാതനവും ദക്ഷിണ കേരളത്തിലെ പ്രസിദ്ധതീർത്ഥാടന കേന്ദ്രവുമായ പത്തനംതിട്ട മൈലപ്രാ സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയുടെ കാവൽപിതാവും മദ്ധ്യസ്ഥനുമായ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപെരുന്നാൾ 2011 മെയ് 1 മുതൽ 7 വരെയുള്ള തീയതികളിലായി പ.കാതോലിക്കാബാവായുടെയും അഭിവന്ദ്യ തിരുമേനിമാരുടെയും കാർമ്മികത്വത്തിൽ ആഘോഷിയ്ക്കുകയാണ്.

19-ാം നൂറ്റാണ്ടിൽ വി.ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയം മൈലപ്രാ ദേശത്തെ ആദ്യത്തെ ക്രൈസ്തവ ദേവാലയമാണ്. 'ചക്കിട്ടേൽ പള്ളി' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഈ ദേവാലയത്തിൽ സഹദായുടെ അനുഗ്രഹത്തെപ്പറ്റി കേട്ടറിഞ്ഞ് വിവിധ ദേശങ്ങളിൽ നിന്നായി അനേകം വിശ്വാസികൾ എത്തി അനുഗ്രഹം പ്രാപിയ്ക്കുന്നു. വിളിച്ചാൽ വിളികേൾക്കുന്നവനായ വി.ഗീവർഗീസ് സഹദായുടെ ആത്മീയ സാന്നിദ്ധ്യം അറിഞ്ഞ് അനുഭവിയ്ക്കുന്നവരുടെ അനുഭവസാക്ഷ്യം അനേകായിരങ്ങളെ ഇവിടേക്ക് ആകർഷിയ്ക്കുന്നു. ദൈവരാജ്യത്തിന്റെ പടയാളിയായ വി.ഗീവർഗീസ് സഹദായുടെ ദിവ്യസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ഈ ആലയത്തിലേക്ക് പെരുന്നാൾ ദിവസം മാത്രമല്ല ഓരോ ദിവസവും അനേകം വിശ്വാസികൾ കടന്നുവന്ന് കണ്ണുനീരോടെ പ്രാർത്ഥിയ്ക്കുന്നത് ദൃശ്യമാണ്.

ദൈവാനുഗ്രഹത്താൽ അത്ഭുതം പ്രവർത്തിയ്ക്കുന്ന പള്ളിയുടെ മുമ്പിൽ 1929-ൽ സ്ഥാപിതമായ കുരിശിൻതൊട്ടി ജാതിമതഭേദമന്യേ എവർക്കും ആശ്വാസമരുളുന്നു. എല്ലാ സമയങ്ങളിലും നേർച്ച കാഴ്ചകൾ അർപ്പിയ്ക്കുന്ന ഭക്തജനങ്ങളുടെ തിരക്ക് ഇവിടെ ദൃശ്യമാണ്. ഈ കുരിശടിയിലെത്തി കണ്ണീരൊഴുക്കി പ്രാർത്ഥിയ്ക്കുന്നവർക്ക് ആഗ്രഹപൂർത്തീകരണം ഉടനടി എന്നതാണ് അനുഭവം. മുത്തുക്കുട വെയ്ക്കുക, പിടിപ്പണം വാരിക്കുക, നേർച്ചയായി കുരിശെടുക്കുക, കുർബ്ബാന ചൊല്ലിക്കുക, ചെമ്പ് വഹിക്കുക ആദിയായവയാണ് ഇവിടത്തെ പ്രധാന നേർച്ചകൾ.

അഭയം യാചിയ്ക്കുന്നവർക്ക് അനുഗ്രഹം ചൊരിയുന്ന സഹദായുടെ ദിവ്യചൈതന്യം നിറഞ്ഞുനിൽക്കുന്ന മൈലപ്രാ വലിയ പള്ളിയിലേക്ക് കടന്നുവന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഏവരെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു.

വിലാസം - സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്, മൈലപ്രാ ടൗൺ പി. ഒ., പത്തനംതിട്ട.
ഫോൺ - 0468 222319, 2328219. email : stgeorgemylapra@radiffmail.com

ലക്കം 4,
പുസ്തകം 68
ഏപ്രിൽ 2011



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

## അകത്താളുകൾ

CONTENTS

Healing **8** സമഗ്ര ആരോഗ്യത്തിന്... -ഫാ. ഡോ. ജേക്കബ് ജോൺ

Guest **23** രാഷ്ട്രീയത്തിലെ വ്യക്തി ബന്ധവും..... ഡോ. സിറിയക് തോമസ്

From Our Church **24** ഒരൊറ്റ നിലപാട് ശ്രീ. ജോസഫ് എം. പുതുശ്ശേരി

**6** എഡിറ്റോറിയൽ
നല്ല വാക്കോതുവാൻ
- ഡോ. സഖറിയ മാർ അപ്രേം

**5** മഹാപുരോഹിത സന്ദേശം

**12** Healing
രോഗസൗഖ്യം മരുന്നിനും....
- ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ

**10** Healing
ഹോളിസ്റ്റിക് ആരോഗ്യ സംരക്ഷണം
- ഡോ. ആർ. സേതുമാധവൻ MSc, Ph.D.

**14** Healing
ചില സൗഖ്യദാന ചിന്തകൾ
- ഡോ. അലക്സ് ഫിലിപ്പ്, ചാത്തന്നൂർ

**20** Priest Hood
ഇത്ര മഹത്വമുള്ള പദവിയെ...
- ഫാ. കെ. കെ. വർഗീസ്, മുട്ടം

**46** Youth
Silence in Resurrection
- ഫാ. വിൽസൺ മാത്യു, ബേസിൽ ദയറ

**44** Easter
കർത്താവ് ഉയിർത്തെഴുന്നേറ്റു അവൻ...
- ലാലു കെ. ജോൺ, കൊച്ചേരിൽ

ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, വിശ്വാസപാഠം, വനിതാസഭ, ബുദ്ധിമാൻ, യുവജനം,
സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

EDITORIAL BOARD

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
**ഡോ. സഖറിയ മാർ അപ്രേം**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*സബ് എഡിറ്റർ*
**ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം**
Mob:- 9446707276

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
(അസ്സോസിയേഷൻ സെക്രട്ടറി)
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

*Cover Design & Layout:-*
Jinto Kurichy at
**Malankara Sabha, Devalokam.**

## വരിസംഖ്യ

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റ പ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 1500 രൂപ |



## ലളിതം മധുരം

സഖറിയാ മാർ അന്തോനിയോസ്
(പ്രസിഡന്റ്, മലങ്കരസഭ)



# എല്ലാം നന്മയ്ക്കായി

ഒരു രാജാവും, ദൈവവിശ്വാസിയായ മന്ത്രിയും ജീവിച്ചരുന്ന കാലം. ജീവിതത്തിൽ എന്ത് സംഭവിച്ചാലും 'അത് നന്മയ്ക്കായി' എന്നായിരിക്കും ദൈവവിശ്വാസിയായ മന്ത്രിയുടെ പ്രതികരണം.

ഒരിക്കൽ രാജാവിന്റെ വിരൽത്തുമ്പിൽ മുറിവുണ്ടായി. നീറുന്ന വേദനയിൽ ഇരിക്കുമ്പോൾ മന്ത്രി പറഞ്ഞു 'അത് നന്മയ്ക്കായി'

രാജാവ് ക്രുദ്ധനായി. അതൊരാശ്വാസ വചനമായി അദ്ദേഹത്തിന് തോന്നിയില്ല. ആലിലപോലെ വിറച്ചുകൊണ്ട് ആജ്ഞ പുറപ്പെട്ടു "തന്നെ മന്ത്രി സ്ഥാനത്തുനിന്നു മാറ്റിയിരിക്കുന്നു. മുഖം മേലാൽ കണ്ടുപോകരുത്. ഇത്രയും കാലം വിശ്വസ്ഥനായി സേവിച്ചതുകൊണ്ടു കൊല്ലാതെ വിടുന്നു."

മന്ത്രി പറഞ്ഞു "അതും നന്മയ്ക്കായി" ശാന്തനായി അദ്ദേഹം കൊട്ടാരത്തിനു പുറത്തേക്കു നടന്നു.

* * * *

നായാട്ടിനു പോയ രാജാവ് കൂട്ടം തെറ്റി ഒരു മരച്ചുവട്ടിൽ അഭയം തേടി. കാനനവാസികളായ ചില ആളുകൾ അദ്ദേഹത്തെ പിടികൂടി. അപരിഷ്കൃതരായ അവർ രാജാവിനെ കാട്ടുമൂപ്പനുമുമ്പാകെ ഹാജരാക്കി.

"വരുന്ന അമാവാസി ദിവസം ദേവീ പ്രീതിക്കായി ഇവനെ നമുക്ക് യാഗം കഴിക്കാം." രാജാവ് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു.

അമാവാസി ദിവസം ബലിമൃഗമായ രാജാവിനെ കുളിപ്പിച്ചുകൊണ്ടിരിക്കെ ഭൃത്യൻ ഓടി കാട്ടുമൂപ്പന്റെ അരികിലെത്തി. "അരുത് ഇയാൾ മുറിവേറ്റവനാണ്. അംഗഹീനനെ യാഗം കഴിക്കരുതെന്നല്ലേ നിഷ്കർഷ."

രാജാവ് വിമുക്തനാക്കപ്പെട്ടു. മേലിൽ കാട്ടിൽ കണ്ടുപോകരുതെന്നുള്ള ആജ്ഞയോടുകൂടി.

കൊട്ടാരത്തിലെത്തിയ രാജാവ് ആദ്യം മന്ത്രിയെ വിളിപ്പിച്ചു. കെട്ടിപ്പിടിച്ചു. "നീ നന്മയ്ക്കായി എന്നു പറഞ്ഞത് വളരെ ശരിയായി. കൈമുറിഞ്ഞതു കാരണമാണ് എന്നെ വെറുതെ വിട്ടത്."

"നിന്റെ മന്ത്രി സ്ഥാനം പോയത് 'നന്മയ്ക്കായി' എന്നു പറഞ്ഞതിന് അർത്ഥമെന്താണ്"

"രാജാവേ നായാട്ടിനിടയിൽ എല്ലാവരും ഓടിപ്പോയപ്പോഴും ഞാനവിടെയുണ്ടായിരുന്നുവെങ്കിൽ അങ്ങെ വിട്ടുപോകില്ലായിരുന്നു. അങ്ങനെയെങ്കിൽ മുറിവുകളൊന്നുമില്ലാത്ത ഞാൻ ബലിമൃഗമായി മാറിയേനേ" രാജാവ് സന്തോഷം കൊണ്ട് മന്ത്രിയെ വാരിപ്പുണർന്നു.

*റോമർ 8:28 : എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്. നിർണ്ണയപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കപ്പെട്ടിരിക്കുന്നു.* ■

# മഹാപുരോഹിത സന്ദേശം



## 'ക്രിസ്തുവിന്റെ പത്രം'

വാത്സല്യ മക്കളെ,

2 കോരിന്ത്യർ 3-ാം അദ്ധ്യായം 2, 3 വാക്യങ്ങളിൽ ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ അർത്ഥത്തേയും, ലക്ഷ്യത്തേയും വിശദീകരിക്കുന്നതിനുവേണ്ടി പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഉപയോഗിച്ചിരിക്കുന്ന അതി മനോഹരവും അർത്ഥസമ്പുഷ്ടവുമായ ഒരുപമാനമാണ് 'നാം ക്രിസ്തു വെളിപ്പെടുന്ന പത്രം' ആകുന്നു എന്നുള്ളത്. തന്റെ ഹൃദയത്തിൽ എഴുതിയതും, സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ പത്രമാണ് കോരിന്തിലെ വിശ്വാസസമൂഹമെന്ന് പരിശുദ്ധനായ പൗലോസ് അവരെ ഓർമിപ്പിക്കുമ്പോൾ അത് സമകാലിക ക്രിസ്തുസമൂഹത്തിന്റെ മുഴുവൻ ആത്മീയ ജീവിതത്തിലേക്കുള്ള അന്വേഷണത്തിന് നമ്മെ നിർബന്ധിക്കുന്ന ഒരു ആഹ്വാനമായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ജീവിതം വായിക്കുവാൻ ലോകത്തിന് കഴിയുന്ന ഒരു പത്രമായി ജീവിക്കാനാകുക എന്നത് അത്ര നിസ്സാരമായ സംഗതിയല്ല. വാക്കിലും പ്രവൃത്തിയിലും, രഹസ്യവും പരസ്യവുമായ ജീവിതത്തിലും ക്രിസ്തു ജീവിച്ചതുപോലെ ജീവിക്കുവാനും, നമ്മെ കാണുന്നവർ ക്രിസ്തുവിനെ നമ്മിൽ ദർശിക്കുവാൻ പര്യാപ്തമാകത്തക്ക രീതിയിൽ മശിഹായിലുള്ള ഭാവങ്ങളെ നമ്മിലേക്ക് സ്വാംശീകരിക്കുവാനും കഴിയുമ്പോൾ മാത്രമാണ് നമ്മിൽ ക്രിസ്തുവിനെ വായിക്കുവാൻ ലോകത്തിന് സാധിക്കുന്നത്. ഓരോ വിശ്വാസിയെയും ക്രിസ്തുവിന്റെ പത്രമാക്കി രൂപാന്തരപ്പെടുത്തുക എന്ന വലിയ ദൗത്യമാണ് പ. സഭയ്ക്ക് ഇന്ന് നിർവ്വഹിക്കുവാനുള്ളത്.

ഈ പത്രം മഷികൊണ്ട് കൽപലകകളിൽ എഴുതിയതല്ല, മറിച്ച് ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ വിശ്വാസികളുടെ ഹൃദയമാകുന്ന മാംസപലകകളിലാണ് എഴുതിയിരിക്കുന്നത് എന്ന പ. പൗലോസിന്റെ വാക്കുകൾ നാം ഗൗരവത്തോടെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്റർനെറ്റ്, മറ്റ് അച്ചടി മാധ്യമങ്ങൾ തുടങ്ങിയവ വലിയ സ്വാധീനം ചെലുത്തുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ആധുനിക ലോകത്ത്, നമ്മെ അറിയുവാനും ലോകത്തെ അറിയുവാനും സാമൂഹിക നവോത്ഥാനത്തിന്റെ പ്രേരക ശക്തിയാകുവാനും പത്രമാധ്യമങ്ങൾ ഉപയോഗപ്പെടുന്നുണ്ട് എന്ന വസ്തുത നാം മനസ്സിലാക്കണം. ഈ ചുറ്റുപാടിൽ നിന്നുകൊണ്ട് വേണം നാം ക്രിസ്തുവിനെ വെളിപ്പെടുത്തുന്ന പത്രമാണ് എന്ന ചിന്തയെ നാം മനസ്സിലാക്കുവാൻ. കേവലം ക്രിസ്തുനാമ ധാരികൾ മാത്രമായി ഈ ലോകത്തിൽ ആയിരുന്നാൽ നമ്മിലൂടെ അവനെ പ്രദർശിപ്പിക്കുവാൻ നമുക്ക് സാധിക്കുകയില്ല. ''നിങ്ങൾ നിമിത്തം അവന്റെ നാമം ഭൂമിയിൽ ദുഷിക്കപ്പെടുന്നു'' എന്ന പരിദേവനമായിരിക്കും ഇന്ന് ലോകത്തിന് നമ്മുടെ ജീവിതങ്ങളെ നോക്കിയിട്ട് പറയുവാൻ സാധിക്കുന്നത്.

ക്രിസ്തുയേശുവിലൂടെ ലോകത്തിന് ലഭിച്ച സ്നേഹസ്പർശനം നമ്മിലൂടെ ലോകം അറിയണം. അഗതികൾക്കും അശരണർക്കും ദരിദ്രർക്കും ക്രിസ്തു നൽകിയ ആശ്വാസവും അഭയവും നമ്മിലൂടെ അതിന് അർഹരായവർക്ക് ലഭ്യമാകണം. ക്രിസ്തു നൽകിയ ദൈവരാജ്യവാഗ്ദാനം പ. സഭയിലൂടെ നിറവേറ്റുവാൻ സഭാമക്കൾ തങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും അധികമധികം ഉറപ്പാക്കണം. ഇവ സാധ്യമായിത്തീരുന്ന ഒരു ആത്മീയ അവസ്ഥയിൽ മാത്രമേ ക്രിസ്തുവിന്റെ പത്രമായി രൂപാന്തരപ്പെടുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ സുവിശേഷം ഹൃദയങ്ങളിലെഴുതിയ നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിന്റെ പത്രങ്ങളായി രൂപാന്തരപ്പെടുവാൻ ദൈവത്തിന്റെ പരിശുദ്ധ റൂഹാ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

from the DESK

എഡിറ്റോറിയൽ



# സൗഖ്യം എന്ന പ്രതിഭാസം

**സൗ**ഖ്യം ഒരു പ്രതിഭാസമാണ്; ആന്തരീകവും ബാഹ്യവുമായ തലങ്ങൾ ഉൾപ്പെടുന്ന പ്രതിഭാസം; പ്രതിഭാസ വിജ്ഞാനീയത്തിലെ(phenomenology) ശ്രദ്ധേയനായ പണ്ഡിതൻ അർമ്മീനിയാക്കാരൻ മെർച്ചെ ഏലിയാഡെ (Mirce Eliade) പ്രതിഭാസങ്ങൾക്ക് സത്താപരം (essential) പ്രകടനപരം (manifesting) എന്നീ രണ്ടു അടിസ്ഥാന തലങ്ങൾ ഉണ്ടെന്ന് വാദിക്കുന്നു. ഏതൊരു പ്രതിഭാസത്തെയും മനസ്സിലാക്കുന്നതിന് ഈ രണ്ടു തലങ്ങളിലൂടെയും ഈ പ്രതിഭാസത്തെ വിശകലനം ചെയ്യേണ്ടിയിരിക്കുന്നുവെന്ന് സാരം. സത്താപരമായ യാഥാർത്ഥ്യം ബാഹ്യലോകത്തിന് വെളിവാക്കുന്നതിനുള്ള ഉപാധിയാണ് പ്രകടനപരമായ സ്പന്ദനങ്ങൾ. അതായത് പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നവ ആന്തരിക ഭാവത്തിന്റെ പ്രതിഫലനം ആയിരിക്കണം. ശാരീരികവും, മാനസികവും, ആത്മികവും ആയ ഏതു മണ്ഡലത്തിലും സൗഖ്യം അർത്ഥപൂർണ്ണമാകുന്നത് ആന്തരികവും ബാഹ്യവുമായ തലങ്ങളിൽ സൗഖ്യസുഖം അനുഭവിക്കുവാൻ കഴിയുമ്പോഴാണ്.

അത്ഭുതരോഗശാന്തിയും അനുബന്ധ വാദഗതികളും ചർച്ചചെയ്യുകയും വിലയിരുത്തുകയും ചെയ്യുമ്പോൾ ഈ സംഗതികളും ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു; പ്രത്യേകിച്ച് രോഗശാന്തി ശുശ്രൂഷകൾ വാണിജ്യവൽകരിക്കപ്പെട്ട പശ്ചാത്തലത്തിൽ.

വി. വേദപുസ്തകത്തിലൂടെ, പ്രത്യേകിച്ച് സുവിശേഷങ്ങളിലൂടെ വെളിവാകുന്ന അത്ഭുത രോഗസൗഖ്യാനുഭവങ്ങളിലെല്ലാം സൗഖ്യം കേവലം ബാഹ്യതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന അനുഭവമായിട്ടല്ല രേഖപ്പെടുത്തിയിരിക്കുന്നത്. തളർവാതരോഗിയെ സൗഖ്യമാക്കുന്ന കർത്താവ് രോഗസൗഖ്യം അറിയിച്ചത് "മകനെ, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" എന്ന പ്രഖ്യാപനത്തിലൂടെയായിരുന്നു. രോഗസൗഖ്യത്തിന്റെ പ്രത്യക്ഷാനുഭവത്തിനു പിറകിൽ അന്തരംഗത്തിൽ സംഭവിക്കുന്ന ഒരു പ്രക്രിയയുണ്ട്. ഈ തിരിച്ചറിവ് ഇല്ലാതെ പോകുന്ന സന്ദർഭത്തിലാണ് പരീശമനസ്സുകൾ നെറ്റിചുളിക്കുന്നത്. സൗഖ്യം ആന്തരികമായ വ്യതിയാനം വരുത്തണമെന്ന് സാരം.

Editorial

EDITORIAL

രോഗശാന്തി ശുശ്രൂഷയുടെ കച്ചവടവൽക്കരണം നിർമ്മല സുവിശേഷത്തിനു സംഭവിച്ച അപചയമാണ്. മദ്ധ്യകാലയൂറോപ്പിലെ ക്രിസ്തീയ സഭയ്ക്കു സംഭവിച്ചു എന്നു പറയപ്പെടുന്ന അപചയത്തെക്കാൾ വികലവും വികൃതവുമായ സ്ഥിതിവിശേഷമാണ് ഒട്ടുമിക്ക കരിസ്മാറ്റിക്-രോഗശാന്തി മേളകളിലും അരങ്ങേറുന്നത്. കമ്പോള സംസ്കാരവും, ആഗോളവൽക്കരണത്തിന്റെ ഫലമായി ഉടലെടുത്ത കച്ചവട രീതികളും അവലംബിച്ച് നടത്തപ്പെടുന്ന ശുദ്ധ 'മെഗാഷോകൾ' ആയി മാറിക്കൊണ്ടിരിക്കുകയാണ് അത്ഭുത രോഗശാന്തിയുടെ പല വേദികളും ക്രിസ്തീയ ആദ്ധ്യാത്മികതയുടെ അടിസ്ഥാനാശയങ്ങളെ കശക്കിയെറിയുകയാണ് ഇത്തരം നാടകങ്ങൾ.

കണ്ണുനീരോടുകൂടിയ പ്രാർത്ഥന രോഗസൗഖ്യത്തിനു കാരണമാകും എന്നത് തർക്കമറ്റ സംഗതിയാണ്. ദൈവീകമായി സംഭവിക്കുന്ന ഈ രൂപാന്തരം ആന്തരീകവും ബാഹ്യവുമായ സൗഖ്യത്തിന്റെ പ്രതിഫലനമാണ്. രോഗസൗഖ്യത്തിന്റെ പ്രത്യക്ഷ ഭാവങ്ങൾ യഥാർത്ഥത്തിൽ ആന്തരികമായ സൗഖ്യത്തിന്റെ തെളിവാണെന്ന് സാരം.

രോഗവും, രോഗസൗഖ്യവും ക്രിസ്തീയമായി കൈകാര്യം ചെയ്യേണ്ടതെങ്ങനെയാണെന്നുള്ളതാണ് ഏറെ പ്രാധാന്യമർഹിക്കുന്ന സംഗതി. രണ്ടും ദൈവമഹത്വം വെളിപ്പെടുന്നതിനുള്ള സാധ്യതകളാണെന്ന് അടിസ്ഥാനപരമായി വിശ്വസിക്കേണ്ട വസ്തുതയാണ്. ക്രൈസ്തവ ജീവിത വീക്ഷണത്തിൽ കഷ്ടത ഏറെ പ്രാധാന്യമർഹിക്കുന്നതാണല്ലോ. "ക്രിസ്തുവിൽ വിശ്വസിപ്പാൻ തന്നെയല്ല കഷ്ടം സഹിക്കുവാനും നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു" എന്ന വി. പൗലോസിന്റെ പ്രബോധനം (ഫിലി. 1 : 29) ക്രിസ്തീയ ജീവതിവീക്ഷണത്തിന്റെ അന്ത:സത്ത തന്നെയാണ്. "തന്നെത്താൻ ത്യജിച്ച് കുരിശ് എടുത്ത് അനുഗമിക്കുന്ന" രീതി ശാസ്ത്രത്തിൻ ഭൗതിക സമൃദ്ധിയിലൂന്നിയ ജീവിത വീക്ഷണത്തിന് സാധ്യതയില്ല. മറിച്ചുള്ള പ്രലോഭനങ്ങളും, പ്രചരണങ്ങളും നിർമ്മല സുവിശേഷത്തിനെതിരാണുതാനും.

വലിയ നോമ്പിലെ പ്രത്യേക ധ്യാനത്തിനും പഠനത്തിനും വിധേയമാകുന്ന ഏവൻഗേലിയോൻ ഭാഗങ്ങളിലെ രോഗസൗഖ്യാനുഭവങ്ങൾ എല്ലാം തന്നെ അനുപമമായ ദൈവസ്നേഹത്തിന്റെ, സൃഷ്ടിയുടെ വൈകല്യത്തിൽ ഭാരപ്പെടുന്ന സൃഷ്ടാവിന്റെ, കരുതലിന്റെ പ്രതിഫലനങ്ങളായിട്ടാണ് വർണ്ണിക്കപ്പെട്ടിരിക്കുന്നത്. ദൈവപുത്രന്റെ അത്ഭുത സിദ്ധി വർണ്ണിക്കുവാനുള്ള വ്യഗ്രതയോ, ജനക്കൂട്ടത്തെ ആകർഷിക്കുന്നതിനുള്ള മാർഗ്ഗമായോ ഒന്നും സൗഖ്യദാനത്തിന്റെ ഈ സംഭവങ്ങൾക്കു പിന്നിലുണ്ടെന്ന് ആരും പറയുകയില്ല. രോഗവും, സൗഖ്യവും ഒരുപോലെ ദൈവമഹത്വം വെളിപ്പെടുന്നതിനുള്ള സന്ദർഭങ്ങളായി കാണുകയാണു വേണ്ടത്. ആത്മശരീര മനസ്സുകളിലെ സമഗ്രമായ സൗഖ്യം ആർജ്ജിച്ചുകൊണ്ട് ഉയിർപ്പിന്റെ ജീവനുവേണ്ടി പീഢാനുഭവ ധ്യാനത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ** ■

ഗുരുമൊഴി



**പ്രാർത്ഥനയ്ക്കായി നിന്റെ കരങ്ങൾ ദൈവത്തിങ്കലേക്ക് നീട്ടുമ്പോൾ മറ്റേതൊരു കാര്യത്തിനോ, നിന്റെ ആത്മാവിനോ വേണ്ടി പ്രാർത്ഥിക്കുന്നതിനു മുമ്പ് ഹൃദയപൂർവ്വം നിന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. ഈ സൽപ്രവർത്തിയെ പ്രതി പിന്നീട് ദൈവത്തോട് എന്തു ചോദിച്ചാലും ദൈവം നിന്നെ ശ്രവിക്കും.**

*– അബ്ബാ സിൽവാനിയോസ്*

Healing

ഫാ. ഡോ. ജേക്കബ് ജോൺ, ഇളമ്പൽ



# സമഗ്ര ആരോഗ്യത്തിന് ചില ദർശനങ്ങൾ

**"ഒരാൾ ശരിയായ ആഹാരരീതിയും ദിനചര്യയും പാലിക്കുമ്പോൾ, ശരിയായി ചിന്തിച്ചതിനുശേഷം മാത്രം കർമ്മനിരതനാകുമ്പോൾ, ഇന്ദ്രിയ സുഖാനുഭവങ്ങളിൽ അമിതാവേശം കാണിക്കാതിരിക്കുമ്പോൾ, ഉദാരമതിയായിരിക്കുമ്പോൾ എല്ലാ ജീവജാലങ്ങളോടും സഹാനുഭൂതിയോടെ പെരുമാറുമ്പോൾ സത്യത്തെ മുറുകെപ്പിടിക്കുകയും അതിൽ അടിയുറച്ചു ജീവിക്കുകയും ചെയ്യുമ്പോൾ മറക്കുവാനും പൊറുക്കുവാനും സന്നദ്ധനാവുകയും ചെയ്യുമ്പോൾ വിനയത്തോടെ മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ തനിക്കുള്ളതുകൊണ്ട് സംതൃപ്തനായിരിക്കുമ്പോൾ സ്വാർത്ഥ താല്പര്യം വെടിഞ്ഞ് നിസ്വാർത്ഥതയോടുകൂടി പ്രവർത്തിക്കുമ്പോൾ ബുദ്ധിമാനായ അയാളെ ഒരിക്കലും ഒരു രോഗത്തിനും കീഴ്പ്പെടുത്താനാകുന്നില്ല."**

***– ചരകൻ***

ഹെൽത്ത് എന്ന വാക്കിന്റെ ഉൽപത്തി 'ഹോളോസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. അതിന്റെ അർത്ഥം സമഗ്രത, സമ്പൂർണ്ണം എന്നാണ്. അങ്ങനെയാകുമ്പോൾ പ്രാപഞ്ചിക അവബോധത്തിൽ നിന്ന് സ്വയത്തിലേക്ക് ചുരുങ്ങിപ്പോകുന്നതാണ് രോഗം എന്ന് കാണേണ്ടിവരും.

ശരീരത്തിന്റെ ബാഹ്യവും ആന്തരീകവുമായ സ്വാധീനങ്ങളാണ് പല രോഗങ്ങളുടെയും കാരണങ്ങളാകുന്നത്. രോഗാണുക്കൾ പോഷകക്കുറവ്, വിഷാംശങ്ങൾ, മലിനീകരണം, വ്യായാമക്കുറവ്, ശ്വാസോച്ഛ്വാസ പോരായ്മകൾ, വെള്ളം ആവശ്യത്തിനു കുടിക്കാത്തത് ഇവ ബാഹ്യകാരണങ്ങളും ദുഷിച്ച ഊർജ്ജം കൊണ്ടുള്ള മോശ വികാരങ്ങൾ, വ്യക്തിബന്ധങ്ങളുടെ തകർച്ച, ആസക്തികൾ, ശരീരത്തിന്റെ ഊർജ്ജവലയത്തിലെ തടസ്സങ്ങൾ എന്നിവ ആന്തരിക കാരണങ്ങളുമാണ്.


സമഗ്ര ആരോഗ്യത്തിന് ഒരു വിശുദ്ധ ഭക്ഷണക്രമം അനിവാര്യമാണ്. അലോപ്പതിയുടെ ആചാര്യനായ ഹിപ്പോക്രാറ്റസ് 'ഭക്ഷണമായിരിക്കട്ടെ നിങ്ങളുടെ ഔഷധം. ഔഷധമായിരിക്കട്ടെ നിങ്ങളുടെ ഭക്ഷണം' എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്.

ആയുർവേദത്തിൽ പഥ്യത്തിൽ അടിസ്ഥാനമായ ഒരു വിശുദ്ധ ഭക്ഷണരീതിയുണ്ട്. ജീവകോശങ്ങളുടെ നിലനില്പിന് പോഷകങ്ങളും ഊർജ്ജവും ആവശ്യമാണ്. ഇവ നൽകുന്ന ഭക്ഷണമാണ് കഴിക്കേണ്ടത് എന്നാണ് പൊതുവിചാരം. മനുഷ്യന്റെ ശരീരഘടന പരിശോധിച്ചാൽ മനുഷ്യൻ ഫലഭുക്കാണ്. പ്രകൃതി ചികിത്സയിൽ ഇത് സ്പഷ്ടമാണ്. ഉൽപത്തിയിൽ മനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പുവരെ പൂർണ്ണ ഫലഭുക്കായിരുന്നുവെന്നു കാണാം. പാപത്തിനു ശേഷമാണ് മനുഷ്യൻ മാംസഭുക്കായതെന്നു വാദിക്കുന്നവരുമുണ്ട്. ദൈവത്തിലേക്ക് തിരിയേണ്ട നോമ്പനുഷ്ഠാനത്തിൽ മനുഷ്യൻ സസ്യഭുക്കായിരിക്കണമെന്ന് പിതാക്കന്മാർ ശഠിക്കുന്നതിന് മറ്റ് കാരണം തേടേണ്ടതില്ലല്ലോ. പഴവർഗ്ഗങ്ങൾ, പച്ചയ്ക്കു തിന്നാവുന്ന ധാന്യങ്ങൾ, ഖരധാന്യങ്ങൾ എന്നിവ പ്രധാന ഭക്ഷണമാക്കുമ്പോൾ ഭക്ഷണത്തിന്റെ അളവ് കുറയ്ക്കുവാനും രോഗപ്രതിരോധ ശേഷി കൂട്ടുവാനും കഴിയുമെന്നു തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഭക്ഷണത്തിനപ്പുറം വായു, ജലം, സൂര്യപ്രകാശം, ഭൂമിയുമായുള്ള ബന്ധം, ഇതെല്ലാം ആരോഗ്യപരമായി നമ്മെ പോഷകസമൃദ്ധമാക്കുന്നുണ്ട്.

ബേക്കറി, ഫാസ്റ്റ്ഫുഡ്, ഇവ ജീവനാംശം കുറഞ്ഞ ആഹാരമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. നിറമുള്ള മിഠായികൾ, പാനീയങ്ങൾ, അച്ചാറുകൾ കേടുകൂടാതെ സൂക്ഷിക്കാൻ ചേർക്കുന്ന രാസവസ്തുക്കൾ, അശാസ്ത്രീയമായ ഭക്ഷണക്കൂട്ടുകൾ ഇവ ദഹന വ്യവസ്ഥയെ വിഷലിപ്തമാക്കാറുണ്ട് എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പഞ്ചസാര, ഉപ്പ്, ഡാൽഡ, മൈദ ഇവ

ദഹന പ്രക്രിയയെ താറുമാറാക്കി രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നുമുണ്ട്. ചായ, കാപ്പി, തുടങ്ങിയ പാനീയങ്ങൾ, ഉത്തേജകങ്ങളെങ്കിലും, ഇവയുടെ അനിയന്ത്രിത ഉപയോഗം ശരീരത്തിന്റെ സ്വാഭാവിക ശക്തി കെടുത്തും.

സമഗ്ര ആരോഗ്യത്തിന് ജോലി ചെയ്യുന്നവർ എങ്കിലും ഒരു വ്യായാമ ക്രമം അനിവാര്യമാണ്. ജോലി ആയാസം തരുമ്പോൾ വ്യായാമം സ്വസ്ഥത നൽകുന്നു. പ്രായം, രോഗാവസ്ഥ എന്നിവ കണക്കിലെടുത്ത് വ്യായാമ ക്രമങ്ങൾ, പാലിക്കുകയും യോഗശാസ്ത്രത്തിലെ പ്രാണയാമം പോലെയുള്ള ശ്വസനക്രിയകൾ സ്വീകരിക്കുകയും ലഘു ആസനങ്ങൾ ശീലിക്കുകയും ചെയ്യുകയാണെങ്കിൽ ആന്തരിക ശരീരവും ബാഹ്യ ശരീരവും ഒരുപോലെ ഊർജ്ജസ്വലമാകും.



## കർമ്മനിയമം

1. **മനസ്സാ വാചാ കർമ്മണാ ആരെയും ഉപദ്രവിക്കാതിരിക്കുക.**
2. **ചെയ്യുന്ന കർമ്മങ്ങൾ ആത്മാർത്ഥതയോടെ ചെയ്ത് അതിൽ ആനന്ദം അനുഭവിക്കുക.**
3. **നാം വിതയ്ക്കുന്നത് കൊയ്യും എന്നു നിരൂപിച്ച് സത്ക്കർമ്മങ്ങളിൽ ഉത്സാഹിക്കുക.**
4. **നിഷ്ക്കാമ കർമ്മം – ഫല പ്രാപ്തി മാത്രം ലക്ഷ്യമിട്ട് കർമ്മം ചെയ്യാതിരിക്കുക.**

കൃത്യസമയത്ത് എഴുന്നേല്ക്കുകയും, ദിനചര്യകൾ പ്രാർത്ഥനാ ഭക്ഷണം ഉപവാസം, വിശ്രമം, തുടങ്ങിയവ ചിട്ടയായി അനുഷ്ഠിക്കുകയും ചെയ്യുന്നത് ആരോഗ്യം നിലനിർത്താൻ ഉതകും.

മാനസിക ആരോഗ്യത്തിന് ധാർമ്മിക മൂല്യങ്ങൾ മുറുകപ്പിടിക്കുകയെന്നത് പ്രഥമമാണ്. അറിഞ്ഞുകൊണ്ട് തെറ്റ് ചെയ്യാതിരിക്കുക. അത് ആവർത്തിക്കാതിരിക്കുക. തെറ്റ് ചെയ്തെങ്കിൽ ക്ഷമ ചോദിക്കാനുള്ള മനസ്സ് ഉണ്ടാകുക. പ്രതികാരം ചെയ്യാൻ തെല്ലും താല്പര്യമില്ലാതാകുക. എന്നിവയും പ്രധാനമാണ്. ക്ഷമിക്കുക എന്നത് മാനസികാഘാതത്തിൽ നിന്നുള്ള പിൻവാങ്ങലാണ്. ക്ഷമിക്കുന്നത് കഴിവില്ലായ്മയല്ല, കഴിവ് നേടലാണ്. സഭ്യമായി സംസാരിക്കുവാൻ കഴിയുക എന്നത് ആരോഗ്യത്തിന്റെ മറ്റൊരു ലക്ഷണവുമാണ്. തന്റെ പ്രത്യയ ശാസ്ത്രങ്ങൾ മാത്രമാണ് ശരിയെന്നും മറ്റുള്ളത് മിഥ്യയെന്നും ചിന്തിക്കുന്നത് ഒരു മാനസികാരോഗ്യ പ്രശ്നമാണ്. ലക്ഷ്യത്തിലും പരിശ്രമത്തിലും സ്ഥിരത പാലിക്കുന്നത് ആരോഗ്യകരമാണ്.

ആത്മീയ ആരോഗ്യത്തിന്റെ അടിസ്ഥാന തന്തു ഞാൻ ആത്മാവാകുന്നു. (I am the Soul) എന്നാണ്. ആത്മാവിന് മരണമില്ല കാരണം അത് ദൈവത്തിന്റേതാണ്. ആത്മീയ വളർച്ചയും പക്വതയും അതിവേഗം നേടിയെടുക്കാൻ അത് ശരീരത്തിലായിരിക്കുമ്പോൾ സാധിക്കുമെന്നതിനാലാണ് ദൈവം മനുഷ്യനെ ഭൗതിക ശരീരം നൽകിയിരിക്കുന്നത്. അതുകൊണ്ട് ശരീരത്തിൽ കുടികൊള്ളുന്ന ആത്മാവിനെ മുന്നിൽകണ്ടുള്ള ആത്മീയ പരിശീലനങ്ങളാണ് പൗരസ്ത്യ പിതാക്കന്മാർ വിഭാവനം ചെയ്തിട്ടുള്ളത്. യഹൂദ ക്രൈസ്തവ ഇസ്ലാമിക പാരമ്പര്യങ്ങളിലെ കുമ്പിട്ട നമസ്ക്കാരം ഒരാളുടെ ആത്മീയ ഊർജ്ജം ഉന്നതാവസ്ഥയിൽ എത്തുന്ന ഒരു ക്രിയയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഭാരതീയ യോഗയും ചൈനീസ് ആയോധന കലാ സമ്പ്രദായങ്ങളും ഉദാഹരണവുമാണ്. ഉപവാസം പട്ടിണിയല്ല, ശരീരത്തെ ആത്മീയ പരിശീലനത്തിൽ ഉൾപ്പെടുത്തുകയാണ്. ആരാധനാലയത്തിൽ നമ്മുടെ അനുഷ്ഠാനങ്ങൾ (ക്രിയകൾ ചലനങ്ങൾ) ഇതെല്ലാം ആത്മ ശരീരത്തെ ചലനാത്മകമാക്കുന്നതാണ്. ഓരോ കൂദാശയിലും ആത്മശുദ്ധീകരണത്തിലൂടെ ആത്മ സാക്ഷാത്ക്കാരത്തിലെത്തുവാനുള്ള സാധ്യതയുണ്ട്. കുരിശു വരയ്ക്കുന്നതും, പ്രദക്ഷിണം വയ്ക്കുന്നതും, തീർത്ഥാടനം നടത്തുന്നതും, നേർച്ച നൽകുന്നതും, ഗണം ഗണമായി ഈണം തെറ്റാതെ പാട്ടുപാടുന്നതും ഒരേ മനസ്സോടെ കർത്താവിന്റെ ശരീര രക്തങ്ങൾ അനുഭവിക്കുന്നതും എല്ലാം ഈ സാധ്യതയെയാണ് നൽകുന്നത്.



**വ്യക്തിബന്ധങ്ങൾ ശക്തമാക്കി സൂക്ഷിക്കുക. മുതിർന്നവരെ ആദരിക്കുക, ക്ഷമിക്കുവാനുള്ള കഴിവ് നേടുക, മറ്റുള്ളവരുടെ കഴിവും കഴിവുകേടും അംഗീകരിച്ച് പെരുമാറാനുള്ള ശേഷി ഉണ്ടാകുക. സാമ്പത്തിക അച്ചടക്കം പാലിക്കാൻ ശ്രമിക്കുക. എന്നിവ ആരോഗ്യപരതയുടെ ലക്ഷണമാണ്.**

ശരീരത്തെ മനസ്സുകൊണ്ട് നിയന്ത്രിച്ച് ആത്മാവ് തന്റെ ഉറവിടത്തിലേക്ക് നോക്കി പറയുന്നതാണ് "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന്" അപ്പോൾ ഉണ്ടാകേണ്ട തിരിച്ചറിവാണ് തന്റെ തേജസ്സുകൊണ്ട് ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ... എന്ന് ഇവിടെ ആരാധനയുടെ ആത്മാവ് പ്രപഞ്ച മദ്ധ്യഭാഗത്തുനിന്ന് ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിനും സുഖം നേരുകയാണ് ചെയ്യുന്നത്. കാരണം അതുതന്നെയാണ് അവന്റെയും സുഖം.

"അവനവനാത്മസുഖത്തിന് ആചരിക്കുന്നവ അപരന് സുഖത്തിനായി വരേണം."

*(ശ്രീനാരായണ ഗുരു, ആത്മോപദേശ ശതകം)*



# ഹോളിസ്റ്റിക് ആരോഗ്യസംരക്ഷണം: ദർശനവും ശാസ്ത്രവും

*ഹോളിസ്റ്റിക് ആരോഗ്യസംരക്ഷണത്തിന്റെ ദർശനം*

*"ക്രൈസ്തവനെ മറ്റുള്ളവരിൽ നിന്നും യഥാർത്ഥത്തിൽ മാറ്റി നിർത്തുന്നത് പ്രാർത്ഥിക്കാൻ അവനുള്ള ശക്തിയും, സാദ്ധ്യതയുമാകുന്നു. പ്രാർത്ഥനയില്ലാതെ യാതൊരാൾക്കും പക്വത പ്രാപിച്ച ക്രൈസ്തവനാകാനോ തികഞ്ഞ മാനവനാകാനോ സാദ്ധ്യമല്ല. സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദമാണ് പ്രാർത്ഥന. അതാണ് ദൈവസുതന്മാരുടെ സവിശേഷ സ്വഭാവം."*

*- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് (സ്വാതന്ത്ര്യദീപ്തിയിൽ നിന്ന്)*

**ഡോ.** പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഈ വാചകങ്ങളിൽ ഹോളിസ്റ്റിക് ആരോഗ്യ സംരക്ഷണത്തിന്റെ ദർശനവും ആദ്ധ്യാത്മികതയും പൂർണ്ണമായി അടങ്ങിയിരിക്കുന്നു. ഓർത്തഡോക്സ് സഭയുടെ അനുഷ്ഠാനപരമായ സമയ സങ്കല്പത്തിൽ നിന്നുകൊണ്ട് ഹോളിസ്റ്റിക്സ് ആരോഗ്യ സംരക്ഷണത്തിന്റെ ദർശനം കൂടുതൽ എളുപ്പത്തിൽ മനസ്സിലാക്കാം. അനുസ്യൂതമായ പ്രാർത്ഥനയുടെ ശക്തിയാണ് രോഗസൗഖ്യത്തിനു കാരണമാകുന്നത്.

1. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ആത്മാധിഷ്ഠിതമായ മനോ-ബുദ്ധി-ശാരീരക സാകല്യമാണ്.

2. അവൻ ഈ പ്രപഞ്ച ശൃംഖലയിലെ ഒരു കണ്ണിയായി നിലകൊള്ളുന്നു.

3. അവനിലെ ജീവശക്തി ഈ പ്രപഞ്ച പ്രാണന്റെ തുടർച്ച തന്നെയാണ്.

മനുഷ്യനിലെ രോഗകാരണം ശരീരത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അത് മനസ്സ്, ബുദ്ധി, ആത്മാവ് എന്നീ സൂക്ഷ്മ തലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു; അതുകൊണ്ട് രോഗചികിത്സയും ആ തലങ്ങളെ കൂടി കണക്കിലെടുത്തുകൊണ്ടുള്ളതാവണം.

മനോവര, ബുദ്ധിവര, ശരീരതലങ്ങളിൽ ശുദ്ധമായ ജീവശക്തിയുടെ ശക്തവും സന്തുലിതവുമായ പ്രവാഹം ഇവ നേടിയെടുക്കുകയും നിലനിർത്തുകയും ചെയ്യുമ്പോഴാണ് ആരോഗ്യസംരക്ഷണവും രോഗശമനവും സാധ്യമാകുന്നത്.

ആത്മാവിന്റെ സമ്പൂർണ്ണ പോഷണത്തിനുവേണ്ടി നോമ്പിനും, പ്രാർത്ഥനയ്ക്കും വേണ്ടി പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ജീവിതമണ് ഒരു ഓർത്തഡോക്സ് വിശ്വാസി നയിക്കുന്നത്. ഇതുതന്നെയാണ് ഹോളിസ്റ്റിക് ആരോഗ്യ സംരക്ഷണം ആചരിക്കേണ്ടവരും അറിയേണ്ടത്. യാമപ്രാർത്ഥനകളുടെയും ഉപവാസത്തിന്റെയും ചാക്രികതയിൽ കൂടിയുള്ള ജീവിതത്തിലാണ് സൗഖ്യവും, സ്വാതന്ത്ര്യവും.

ആത്മാവിന്റെ പോഷണമാണ് പ്രാർത്ഥനയും ഉപവാസവും മനസിന്റെ പോഷണം ഉല്ലാസവും, വിശ്രാന്തിയും, ബുദ്ധിയുടെ പോഷണം പഠനവും, ക്രിയാത്മക പ്രവർത്തനവും ശരീരത്തിന്റെ പോഷണം ആരോഗ്യവും വ്യായാമവുമാണ് നേരിടുന്നത്. ഒരു ചെറു സസ്യം സംരക്ഷിച്ച് വളർത്തുന്നതിന് പല തരം വേലിക്കെട്ടുകളോ ചെറിയ ഇഷ്ടിക മതിലോ ആവാം. വ്യക്തിയുടെ ആത്മസത്ത സംരക്ഷിച്ച് വളർത്തുന്നതിന് ഉപവാസവും പ്രാർത്ഥനയും ഈ വേലിക്കെട്ടു പോലെയാണ്.

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി പറയുന്നു, "ആരാധനയും പ്രാർത്ഥനയും നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വ്യാപാരത്തിൽപ്പെട്ടവയാണ് പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്തെങ്കിൽ മാത്രമെ തിന്മയിൽ നിന്നും നാം രക്ഷപ്പെടുകയുള്ളു. പ്രലോഭനങ്ങളിൽ നിന്നും നാം പരിപാലിക്കപ്പെടേണ്ടത് അങ്ങനെയാകുന്നു."

## സൗഖ്യം: ഇസ്ലാം വീക്ഷണം



**ഇ**സ്ലാമിക വീക്ഷണത്തിൽ ശരീരം ഹൃദയത്തിന്റെ പ്രതിരൂപമാണ്. രോഗം, വേദന, ഇതൊക്കെ ഹൃദയരോഗത്തിന്റെ പ്രതിബിംബങ്ങൾ.

ഹൃദയത്തിന് മാറ്റം വരുത്താതെ അള്ളാ ഒരാളുടെ ശരീരത്തിന് ശമനം നല്കില്ല.

'സ്വയ'ത്തിന്റെ (Self) അപരിഹൃതമായ കലഹങ്ങളിൽ നിന്നുമാണ് രോഗം ഉടലെടുക്കുന്നത്. ഒരു വ്യക്തി ആഴമായി ആഗ്രഹിക്കുന്നതും എന്നാൽ കണ്ടെത്താനാകാത്തതുമായ ഒന്നായി 'ആത്മാവ്' (Soul) മാറുന്നു. ആത്മാവിന് അതിന്റേതായ ഗൂഢ സംഗീതമുണ്ട്. അതിന്റേതായ അംഗങ്ങളിലൂടെ ഗതികളിലൂടെ മറ്റ് ആത്മാക്കളുമായി സംവേദിക്കുവാൻ നിരന്തരം ആത്മാവ് ശ്രമിക്കുന്നു. "ഞാൻ ഇവിടെ ഇവിടെ" എന്നു പാടുന്ന ഒഴിഞ്ഞ കൊട്ടാരത്തിലെ ഏകാന്ത ഗായികയെപ്പോലെ...

എന്നാൽ മനസ്സ് ആത്മാവായി ചമയുകയും ഞാനിവിടെ എന്നു പറയുകയും ചെയ്യുന്നു ആവരണം യഥാർത്ഥ്യമാകുന്ന സാങ്കല്പികക്കാഴ്ച.

സ്വാവബോധം എന്നാൽ ദൈവാവബോധം എന്ന ചിന്തയിൽ ചിത്തശുദ്ധിയും സൗഖ്യവും നേടാം.

Man 'arafa nafsah, Fazad arafa Rabbah"
"Who know his soul, knows his Lord"

ഓർത്തഡോക്സ് സഭ, അനുശാസിക്കുന്ന ആരാധന ക്രമവും, സ്തുതിഗീതങ്ങളും വ്യക്തിയുടെ ആത്മോത്ർഷക ത്തിന്റെ പൂർണ്ണതയ്ക്ക് പര്യാപ്തമായവയാണ്. ദൈവശരീരത്തിന്റെ ഭാഗമായിത്തീർന്ന പരിശുദ്ധന്മാർക്കും വേർപെട്ടവർക്കും വേണ്ടിയുള്ള പ്രാർത്ഥന എത്ര ഉദാത്തമായ ഒരു സങ്കല്പമാണ്. ത്രിയേക ദൈവത്തിലേക്ക് നമ്മെ അടുപ്പിക്കുന്നതിന് ഏറ്റവും ആവശ്യമായത് അഹന്ത, മമതകളുടെ നിരാസമാണ്. ഇഷ്ടാനിഷ്ടങ്ങൾ കുറച്ച്, ആഗ്രഹങ്ങളും ആവശ്യങ്ങളും മിതപ്പെടുത്തി, പ്രകൃതിയോടെ ഇണങ്ങി പ്രപഞ്ചതാളത്തോട് അനുരഞ്ജനപ്പെടുന്നതാണ് ഹോളിസ്റ്റിക് ആരോഗ്യ സംരക്ഷണത്തിന്റെ പ്രായോഗിക ദർശനം.

ഹോളിസ്റ്റിക് ആരോഗ്യസംരക്ഷണത്തിന്റെ ദർശനം

നിരുപാധികമായ സ്നേഹത്തിന്റെ ആചരണവും നിസ്വാർത്ഥമായ കർമ്മത്തിന്റെ അനുഷ്ഠാനവും നീതിയുക്തമായ വിഭവങ്ങളുടെ പങ്കിടലുമാണ് ദർശനപാതയിലൂടെ മുന്നോട്ടുള്ള ഗതി സാദ്ധ്യമാക്കുന്നത്. ഭൗതികമായ ആസക്തികളും പ്രലോഭനങ്ങളും അതിജീവിച്ച് മുന്നേറുമ്പോൾ നിസ്സാരമായ ജീവിതാനുഭവങ്ങളും ദൈവാനുഭവരായി മാറും. ഉള്ളിൽ പരിശുദ്ധാത്മാവിന്റെ നിറവ് ജീവന്റെ ഉറവയായി തിരിച്ചറിയുകയും ദൈവീകരണം (Deification) സ്വാഭാവികമായ ഒരു ഒരു ആന്തരിക പരിണാമം (Psychospiritua Evolution) ആകുകയും ചെയ്യും. രോഗസൗഖ്യം, ദൈവീകരണ പ്രക്രിയയിലൂടെ മുന്നേറുമ്പോഴുള്ള പാർശ്വഫലം മാത്രമായിരിക്കണം. പുതിയ കാലഘട്ടത്തിലെ വിടുതൽ വചന പ്രഘോഷണങ്ങളിലൂടെയും, കരിസ്മാറ്റിക് ധ്യാന ശുശ്രൂഷയിലൂടെ പ്രോജക്ട് ചെയ്യുന്ന (മുന്നോട്ടു വെയ്ക്കുന്ന) രോഗസൗഖ്യത്തിന് ഹോളിസ്റ്റ്ക് ആരോഗ്യ സംരക്ഷണ ദർശനത്തിൽ പ്രസക്തിയില്ല. അതിന് ശാശ്വതമായ ഫലസിദ്ധിയും ഉണ്ടാകില്ല. നിശബ്ദ ധ്യാനമാണ് ഇവിടെ കൂടുതൽ പ്രധാനം.

**ഹോളിസ്റ്റിക് ആരോഗ്യ സംരക്ഷണ ശാസ്ത്രം**

ശരിയായ ശരീരനില, ശരിയായ ശ്വാസോച്ഛ്വാസം ശരിയായ ആഹാരം, ശരിയായ ലൈംഗീകത, ശരിയായ ഉറക്കം, ശരിയായ തൊഴിൽ മനോഭാവം, എന്നീ ആറ് ഘടകങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഔഷധത്തെ ഏഴാം ഘടകമായി വേണം സമഗ്ര ആരോഗ്യ പരിചരണത്തിൽ ഉൾപ്പെടുത്തേണ്ടത്. ഔഷധത്തോടൊപ്പം തെരഞ്ഞെടുത്ത സമാന്തര ചികിത്സാ സങ്കേതങ്ങളും അവലംബിക്കുന്നത് വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

**ഡോ. ആർ . സേതുമാധവൻ MSc, Ph.D.**

(പ്രോഗ്രാം ഡയറക്ടർ, ഹോളിസ്റ്റിക് ഹെൽത്ത് കെയർ മിഷൻ)

## 'മൃത്യുദാന' ശുശ്രൂഷ

"എനിക്കറിയാവുന്ന ഒരു പൗരാണിക കുടുംബത്തിലെ ഒരംഗത്തിന് മാരകമായ രോഗം ബാധിച്ച് ആശുപത്രികളിലൊക്കെ സുദീർഘമായ ചികിത്സകൾ നടത്തിയിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ശിഷ്ടായുസ്സ് ശാന്തമായും സമാധാനമായും കഴിയുകയെന്ന ഉപദേശത്തോടെ ഡോക്ടർമാർ ബന്ധുക്കളോടൊപ്പം രോഗിയെ ഭവനത്തിലേയ്ക്കയച്ചു.

ചികിത്സകളും പ്രാർത്ഥനകളുമായി ദിവസങ്ങൾ തള്ളിനീക്കവേ എറണാകുളത്ത് ഒരു വിദ്വാൻ രോഗശാന്തിയുമായി വരുന്നുണ്ടെന്നും അവിടെച്ചെന്നാൽ ഫലം ഉറപ്പാണെന്നും ഉപദേശിച്ചുകൊണ്ട് ഒരു പാർട്ട്ടൈം ഉപദേശി ആ വീട്ടിൽ ചുറ്റിപ്പറ്റാൻ തുടങ്ങി. ആദ്യമൊക്കെ ശക്തമായി എതിർത്തുവെങ്കിലും അവസാനത്തെ ഒരു കച്ചിത്തുരുമ്പായാലോ എന്നു കരുതി വീട്ടുകാർ അർദ്ധസമ്മതം മൂളി.

വലിയ ഫ്ളഡ് ലൈറ്റുകളുടെ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചത്തിൽ വിദേശ വിദ്വാൻ രോഗശാന്തി തകർക്കുന്നു. ഇടയ്ക്കെപ്പോഴോ നമ്മുടെ കഥാനായകന്റെ പേരു വിളിയ്ക്കുകയുണ്ടായി. വിളികേട്ട മാത്രയിൽ അയാളെ താങ്ങി സ്റ്റേജിലേയ്ക്കു കൊണ്ടുപോയി. താളമേളങ്ങളുടെയും അട്ടഹാസങ്ങളുടെയും ഇടയിൽ വിരണ്ടു നിന്ന അയാളുടെ ശരീരം മുഴുവൻ വിരൽച്ചൂണ്ടി ഒരു മർമ്മാണി വിദഗ്ധനെപ്പോലെ വിദേശി രോഗത്തെ **ഭർസിച്ചു.** അയാളോട് നിന്റെ രോഗം സൗഖ്യമായെന്നും നിനക്കിനി സാധാരണക്കാരെപ്പോലെ ജീവിക്കാമെന്നും ഉപദേശിച്ചുകൊണ്ട് അയാളുടെ കൈപൊക്കാനും കാലു നിവർത്താനുമൊക്കെ ആജ്ഞാപിച്ചു. ഒടുവിൽ അയാളുടെ കൈ പിടിച്ച് ടിയാന്റെ ശാരീരിക ശേഷി തെളിയിക്കുന്നതിനായി സ്റ്റേജിൽ തെക്കോട്ടും വടക്കോട്ടും ഓടിക്കുവാൻ തുടങ്ങി. പാവപ്പെട്ടവൻ വയറും താങ്ങിപ്പിടിച്ച് കൂടെയോടി.

567 പേർക്ക് ഇന്ന് സൗഖ്യം ലഭിച്ചെന്ന് അത്താഴം കഴിഞ്ഞ് പല്ലു കുത്തിക്കൊണ്ട് ഒരു സംഘാടകൻ പ്രസ്താവിക്കുന്നതു കേട്ട് സംതൃപ്തിയോടെ ഇവർ വീട്ടിലേക്ക് മടങ്ങി

രണ്ടാഴ്ചയ്ക്കകം നമ്മുടെ കഥാപുരുഷൻ പരലോകം പൂകി. 'ഒരല്പം ആയുർവേദവും സുഖചികിത്സകളും കൊണ്ടൊക്കെ സ്വസ്ഥതയും ശമനവുമായി കഴിഞ്ഞുവരികയായിരുന്നു. അച്ചായൻ'. മരിച്ചുപോയ ആളുടെ അനുജൻ ഓർമ്മിച്ചു. 'ആ സ്റ്റേജിലെ അഭ്യാസിയുടെ പിടിവലി ഇല്ലായിരുന്നെങ്കിൽ ഒരു മാസം കൂടി ജ്യേഷ്ഠൻ ജീവിച്ചേനേ."

*(ഫാ. ഡോ. ഒ. തോമസിന്റെ പ്രസംഗ ശകലം)*

■ ■


**Form IV**
**Malankara Sabha**

| | | |
|---|---|---|
| Place of Publication | : | Kottayam |
| Periodicity | : | Monthly |
| Printer | : | Fr. T.A.Edayadi |
| Whether Citizen of India | : | Yes |
| Address | : | Catholicate Aramana, Kottayam |
| Publisher | : | Fr. T.A. Edayadi |
| Address | : | Item No.5 |
| Editor | : | Fr. Dr. Sabu Kuriakose |
| Whether Citizen of India | : | Yes |
| Address | : | P.O. Box 98, Kottayam-1 |
| Name&Address of the owner | : | Orthodox Viswasa Paripalana Samithy Devalokam, Kottayam-38 |

I, Fr. T.A. Edayadi here by declare that the particulars given above are true to the best of my knowledge and belief.

03.03.2011 Fr. T.A. Edayadi

ഡോ. മാത്യു വൈദ്യൻ കോർ
എപ്പിസ്ക്കോപ്പാ

# രോഗസൗഖ്യം മരുന്നിനും സർജറിക്കുമപ്പുറം



**' രോഗാതുരത ചൂഷണത്തിന്റെ വഴിയാണ്. ആരോഗ്യം അതിനെ അതിജീവിക്കലാണ്. മരുന്നിന് അടിമയാകുന്നവർ, തന്നിൽത്തന്നെ സൗഖ്യം ദൈവം കരുതിയിട്ടുണ്ടെന്ന് ഓർക്കുക. '**

മരുന്നുകൾ സൗഖ്യദാന പ്രക്രിയയ്ക്കു സഹായകരമായ ഒരു ഘടകം മാത്രമാണെന്ന് ഇന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അടുത്ത കാലത്തു പുറത്തു വന്ന webnberg study എന്ന പഠന റിപ്പോർട്ട് അനുസരിച്ച് അലോപ്പതി മാർഗ്ഗത്തിൽ സൗഖ്യം ലഭിച്ചാൽ 20 ശതമാനത്തിനു മാത്രമാണ് മരുന്നുകൾ കൊണ്ടുള്ള ചികിത്സ ഫലിച്ചത്. 30 ശതമാനത്തിന് രോഗമുണ്ടെന്ന് തെറ്റായി ധരിച്ചവരെ ശാന്തരാക്കുവാൻ മരുന്നിനു പകരം നൽകുന്ന നിരുപദ്രവകരമായ വസ്തുക്കൾ മൂലം ആശ്വാസം ലഭിച്ചു. (placebo effect). 25 ശതമാനത്തിന് കൂടുതൽ ശുദ്ധീകരണ പ്രക്രിയയിലൂടെ രോഗശമനം ലഭിച്ചു. (some form of catharsis). ശേഷിച്ച 25 ശതമാനം രോഗികൾക്ക് X-factor എന്ന് വിശേഷിപ്പിക്കപ്പെട്ട വിശ്വാസം, പ്രാർത്ഥന, ധ്യാനം, അനുഷ്ഠാനങ്ങൾ ഇവയിലൂടെ രോഗശമനം ലഭിച്ചു. ഈ റിപ്പോർട്ടിന്റെ ആധികാരികതയെ സംശയിക്കുന്നവരുണ്ടെങ്കിലും ഒരു കാര്യം വ്യക്തമാണ്. മരുന്നുകൊണ്ടും സർജറി കൊണ്ടും മാത്രമാവില്ല സൗഖ്യം ലഭിക്കുക. അതീന്ദ്രിയ പ്രതിഭാസങ്ങളും പ്രസക്തമാകുന്നു.

പൊതുവേ നാം ഇന്ന് സ്വീകരിക്കുന്ന ചികിത്സാരീതിയ്ക്ക് പല നല്ല വശങ്ങളുമുണ്ടെങ്കിലും താഴെപ്പറയുന്ന പരിമിതികളുമുണ്ട്.

1. മരുന്നുകൾ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ പാർശ്വഫലങ്ങളുണ്ടാക്കുന്നു.

2. ശരീരത്തിന് പ്രയോജനകരമായ ബാക്ടീരിയാകളെക്കൂടി antibiotics നശിപ്പിക്കുന്നു.

3. ശരീരത്തിന്റെ രോഗപ്രതിരോധശേഷി മരുന്നുകൾ മൂലം നഷ്ടപ്പെടുന്നു.

4. രോഗികളെക്കാൾ മരുന്ന് ഉൽപ്പാദിപ്പിക്കുന്നവർ, കച്ചവടക്കാർ, ഇൻഷറൻസ് കമ്പനികൾ, ഭിഷഗ്വരന്മാർ, ഇവർക്ക് ഗുണം കിട്ടുന്ന രീതിയിൽ ചൂഷണ സംസ്ക്കാരം വർദ്ധിക്കുന്നു.

Healing was art, not science ഇതായിരുന്നു പൗരസ്ത്യ ദേശങ്ങളിലെ ചികിത്സാ പാരമ്പര്യം. ഡോ. ദീപക് ചോപ്രാ പറയുന്നതുപോലെ "The human body is consciousness first and matter second". ഡോക്ടർ ചികിത്സിക്കുന്നു, ദൈവം സുഖപ്പെടുത്തുന്നു എന്നതാണ് മഹർഷി പാരമ്പര്യവും ദൈവവിശ്വാസികളുടെ അനുഭവവും. മതഗ്രന്ഥങ്ങളുടെ സാക്ഷ്യവും അതാണ്. പ്രകൃതിക്ക് അതിന്റെ തന്നെ സൗഖ്യപ്രദാന രീതികളുണ്ടെന്ന് മനുഷ്യൻ തിരിച്ചറിയണം. പ്രകൃതിവിരുദ്ധ ജീവിതശൈലി തിരിച്ചടികൾക്കിടയാക്കാം എന്നും ഗ്രഹിക്കണം.

ആരോഗ്യപരിപാലനത്തിന് ഹോളിസ്റ്റിക് മെഡിസിൻ (Alternate Medical systems) ഇന്ന് വ്യാപകമായി അംഗീകരിക്കപ്പെടുന്നു. ആരോഗ്യത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണം ജീവൻ എന്ന പ്രതിഭാസത്തെക്കുറിച്ചുള്ള വീഷണത്തിൽനിന്ന് വേർതിരിക്കാനാവില്ല. പ്രകൃതത്തെ മാത്രം ചികിത്സിക്കുന്നത് അപൂർണ്ണമാണ്. യഥാർത്ഥ സൗഖ്യം ശരീരാത്മ മനസ്സുകളുടെ സൗഖ്യമാണ്. (Healing the whole person). ആത്മിക നിഷ്ഠകൾ ഈ രംഗത്ത് അവഗണിക്കാനാവില്ല. മാനസിക ഘടനയെ മെരുക്കിയെടുക്കാതെ ശരിയായ ആരോഗ്യപരിപാലനം സാദ്ധ്യമല്ല. ശരീരം മാത്രമല്ലല്ലോ മനുഷ്യൻ. മരുന്നും സർജറിയും മാത്രമല്ല, സമൂഹത്തിന്റെ സ്നേഹം, കരുതൽ, ഒരുമനപ്പെട്ടുള്ള പ്രാർത്ഥന, വിശ്വാസത്തോടെയുള്ള ദൈവ വിചാരം, സ്പർശനത്തിന്റെ പുണ്യം, അനുഷ്ഠാനകർമ്മങ്ങൾ, മനോധൈര്യം, പ്രത്യാശ, ഇച്ഛാശക്തി ഇവയൊക്കെ സൗഖ്യം പ്രാപിക്കുന്നതിനുള്ള അനുകൂല ഘടകങ്ങളാണ്.

യോഗദർശന വിദ്യകൾ, ഔഷധച്ചെടികൾ, മൊട്ടുസൂചിവിദ്യകൾ, ടിബറ്റിലും ചൈനയിലും ജപ്പാനിലും ആഫ്രിക്കയിലും മറ്റും വിജയകരമായി പരീക്ഷിക്കപ്പെടുന്ന High Genki, Jorei രോഗസൗഖ്യ വിദ്യകൾ, പ്രാണിക് ഹീലിംഗ്, യുനാനി, സിദ്ധ, അകു പംക്ചർ, അകുപ്രഷർ, ഇലക്ട്രോ മാഗ്നറ്റിക് രീതി, ആയുർവേദം, ഹോമിയോപ്പതി, പ്രകൃതി ചികിത്സ തുടങ്ങിയ രീതികൾ പാർശ്വഫലങ്ങൾ ഒഴിവാക്കാൻ അനേകർ സ്വീകരിക്കുന്നു. മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുവാനുള്ള അലക്സാണ്ടർ ടെക്നിക് ഇന്ന് അനേകർ പരീക്ഷിക്കുന്നു. കൈവിരലുകളുടെ സ്വാഭാവിക ശാന്തത (Tranquility of the mind and intellect) കൈവരിക്കാനും ഇതുവഴി പഠിപ്പിക്കുന്നു. മനുഷ്യശരീരത്തിലെ PMF-ന്റെ (Pulsed Magnetic Field) സന്തുലുതാവസ്ഥ നിലനിർത്തുന്ന ചികിത്സാക്രമങ്ങളാണ് ഇലക്ട്രോ മാഗ്നറ്റിക് തെറാപ്പി കൊണ്ട് നിർവ്വഹിക്കുന്നത്.

ഹഠയോഗം, രാജയോഗം, ക്രിയായോഗം, ലയയോഗം തുടങ്ങിയ താന്ത്രിക ധ്യാനവിധികളും ബുദ്ധമതത്തിലെ Zen Meditation, ക്രൈസ്തവ സന്യാസ പാരമ്പര്യത്തിലെ Hesychism (ശ്വാസം ക്രമീകരിച്ച് പ്രാർത്ഥന ആവർത്തിച്ച് ഉരുവിടുന്ന രീതി) ഇവയും ആത്മശുദ്ധിക്കും രോഗസൗഖ്യത്തിനും സഹായകരമാണ്.

മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മത നിഷ്ഠകൾ, ദൈവകരുതലിൽ സ്വയം സമർപ്പിച്ചുകൊണ്ട് കുറ്റബോധത്താൽ നീറുന്ന മനസ്സ് ദൈവസ്നേഹത്തിന്റെയും വാഗ്ദാനത്തിന്റെയും നിറവിൽ ശാന്തമാക്കൽ, ധ്യാനരീതികൾ, മതഗ്രന്ഥങ്ങളിലെ ദിവ്യവചനങ്ങൾ വിശ്വസിച്ചും ഇരുവിട്ടും ധ്യാനിച്ചും മനഃശാന്തി നേടുന്ന ഉപാസനകൾ എന്നിവയിലൂടെ ദൈവവിശ്വാസത്തിലും ധാർമ്മികതയിലും അധിഷ്ഠിതമായ ജീവിതം രോഗസൗഖ്യത്തിന് സഹായിക്കും.

പ്രാചീനവും ആധുനികവുമായ എല്ലാ ചികിത്സാ സമ്പ്രദായങ്ങളേയും ബഹുമാനിക്കുകയും ഉൾക്കൊള്ളുകയും ചെയ്യണം. പരമ്പരാഗതമായും പ്രാദേശികമായും ലഭിച്ച ചികിത്സാ വിധികളെക്കുറിച്ച് കൂടുതൽ ഗവേഷണം നടക്കണം. ആദിവാസികളുടെ അലിഖിത പാരമ്പര്യങ്ങളും താളിയോല ഗ്രന്ഥങ്ങളുടെ അമൂല്യ വിവരങ്ങളും ശാസ്ത്രീയമായി അപഗ്രഥിക്കണം. പ്രകൃതി മൂലകങ്ങളുടെ അപൂർവ്വ കൂട്ടു വിധിക്രമങ്ങൾ പരീക്ഷിക്കണം. ഔഷധച്ചെടികളുടെ പ്രചാരണം വർദ്ധിക്കണം. പുതിയ വൈറസുകളും അവ മൂലമുണ്ടാക്കുന്ന രോഗങ്ങളും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് പ്രകൃതിയിൽത്തന്നെ മറഞ്ഞുകിടക്കുന്ന സംവിധാനങ്ങൾ കണ്ടെത്തി സജ്ജീകരിക്കണം. ഇത്തരം ഗവേഷണ ഫലങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള മുൻകരുതലും ആവശ്യമാണ്.

ശാസ്ത്രം സ്പർശിക്കാത്ത മേഖലകളെയും അപഗ്രഥിക്കാൻ ശ്രമിക്കണം. ശരീരവും മനസ്സും തമ്മിലുള്ള നിഗൂഢ ബന്ധം (Psycho-somatic relationship) ഇന്നും ശാസ്ത്രലോകത്തിന് നിഷേധിക്കാനാവാത്ത അത്ഭുത പ്രതിഭാസമാണല്ലോ. പക്വമായ ആദ്ധ്യാത്മികതയും ശ്രേഷ്ഠമായ പ്രാർത്ഥനാനുഭവവും രോഗസൗഖ്യത്തിന് സഹായകമാകുന്നതിനെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ സമൂഹത്തിന് പകർന്നു കൊടുക്കണം. രോഗസൗഖ്യം ലഭിച്ചാലും ഒരിക്കൽ നാം മരിക്കേണ്ടവരായതുകൊണ്ട് ധൈര്യവും പ്രത്യാശയും ക്ഷമയോടെ ഉൾക്കൊള്ളുകയും വേണം. ■


## 40th Day of Demise, 03-04-2011



Retd. Flt. Lft. **ITTY**

**Puliyappara Chacko** (84)

Son - **Jacob P. Itty** (Nedumangad)

Brothers - **Mathew P. Chacko** (Thiruvalla)

**Paulose P. Chacko** (Agra)

ഡോ. അലക്സ് ഫിലിപ്പ് ചാത്തന്നൂർ



# ചില സൗഖ്യദാന ചിന്തകൾ

**ആ**ധുനിക ലോകത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് 'അത്ഭുത സൗഖ്യ ശുശ്രൂഷകൾ' കൺവെൻഷനുകൾ പരസ്യങ്ങളോടൊപ്പം 'രോഗശാന്തി ശുശ്രൂഷ' എന്ന് പ്രത്യേകം കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. എന്നാൽ ചില എപ്പിസ്ക്കോപ്പൽ സഭകൾ ഇനിയും ഇതിന് വലിയ പ്രാധാന്യം നൽകുന്നില്ല.

പെന്തക്കോസ്തു വിഭാഗങ്ങളിലെ ഏറ്റവും വലിയ ശുശ്രൂഷയാണ് 'രോഗശാന്തി ശുശ്രൂഷ'. ഇതിനായി വിദേശങ്ങളിൽ നിന്ന് വരെ പ്രത്യേക 'രോഗശാന്തിവരക്കാർ' ഇവിടെ പാഞ്ഞെത്തുന്നു. (അവിടെ രോഗികൾ കുറവായിരിക്കും.) പടുകൂറ്റൻ സ്റ്റേജുകളും ആകർഷകമായ ലൈറ്റ് സൗണ്ട് സിസ്റ്റം കൊണ്ടും ഒരു 'മെഗാഷോ' രീതിയിലാണ് അവരുടെ 'അത്ഭുത രോഗശാന്തി' ശുശ്രൂഷ. ഈ ശുശ്രൂഷയുടെ പ്രധാന ആകർഷണം. 'സാക്ഷ്യം' പറയലാണ്. സാധാരണ തലവേദന മുതൽ കാൻസർ രോഗം വരെ മാറിയതായി സാക്ഷ്യപ്പെടുത്തുന്നു. തുടർന്ന് സ്റ്റേജിൽ വെച്ച് തന്നെ സൗഖ്യം വന്ന രോഗി ഓടാനും ചാടാനും 'രോഗശാന്തി' വരക്കാരൻ ആവശ്യപ്പെടുന്നു. അങ്ങനെ 'കർത്താവിന്റെ രോഗസൗഖ്യത്തെ' പരീക്ഷിച്ച് കുറവില്ലാത്തത് എന്ന് ബോധ്യപ്പെടുത്തി ദൈവത്തിന് കയ്യടിമേടിച്ച് കൊടുക്കുന്നു. കർത്താവിന്റെ ഒരു പരസ്യചിത്രം പോലെ പ്രസ്തുതരോഗശാന്തി വരക്കാരൻ സംഭവത്തെ അവതരിപ്പിച്ച് സ്വയം കർത്താവിന്റെ 'ബ്രാൻഡ് അംബാസഡറായി' അവരോധിക്കുന്നു. ഇത്തരം 'മെഗാഷോ' മാത്രമല്ലാതെ ഇതിന്റെ ചില ചെറിയരീതിയിലുള്ള അവതരണവും പല സ്ഥലങ്ങളിലും അരങ്ങേറുന്നുണ്ട്.

### അൽപ്പം ചരിത്രം

പെന്തക്കോസ്തു വിഭാഗക്കാരാണ് കൂടുതലായും ഇത്തരം 'രോഗശാന്തി ശുശ്രൂഷകൾ' നടത്തുന്നതെങ്കിലും ഇത് അവരുടെ സംഭാവനയല്ല. കത്തോലിക്കാ സഭയാണ് ഇത് ആദ്യം ആരംഭിച്ചത്. ഇപ്പോഴത്തേതിൽ നിന്നും വ്യത്യസ്തമായി പുണ്യവാളന്മാരുടെ തിരുശേഷിപ്പുമായും അവരുടെ ചില ദേവാലയങ്ങളുമായും ബന്ധപ്പെടുത്തി മാധ്യമപരസ്യങ്ങൾ വഴി 'അത്ഭുതരോഗശാന്തി' കഥകൾ അവർ പുറംലോകത്തേക്കവതരിപ്പിച്ചു. പിൽക്കാലത്ത് ഓർത്തഡോക്സ് സഭ ഉൾപ്പെടെ വിവിധ സഭകളും ഈ പാത പിൻതുടർന്ന് പരസ്യലോകത്തേക്ക് ചുവട് വച്ചു. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയുമായി ബന്ധപ്പെടുത്തി പല നിറംപിടിപ്പിച്ച കഥകളും പ്രചരിപ്പിക്കുവാൻ ഇത് ഇടയാക്കി. ദേവാലയത്തിന്റെ വരുമാനം വർധിച്ചതിനാൽ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയുടെ യഥാർത്ഥ വേദശാസ്ത്രം വിശ്വാസികളെ ഗ്രഹിപ്പിക്കാൻ സഭ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചില്ല. ഇത് വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത എന്ന വിശ്വാസ സത്യത്തെ തന്നെ ചോദ്യം ചെയ്യപ്പെടാൻ ഇടയായി.

കത്തോലിക്കാ സഭയുടെ ഇത്തരം കച്ചവട പ്രവണതകളെ എതിർത്തുകൊണ്ട് നവീകരണ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടു. പിൽക്കാലത്ത് നവീകരണ സഭയുടെ സ്വാധീനത്താൽ 'നവനവീകരണ' സംഘടനകൾ (പെന്തക്കോസ്തു പോലുള്ളവ) രൂപപ്പെട്ടു. പക്ഷേ ഈ വിഘടനങ്ങളൊന്നും തന്നെ 'കച്ചവട പ്രവണതകളെ തുടച്ച് നീക്കിയില്ല' മാത്രമല്ല 'രോഗശാന്തി ശുശ്രൂഷയുടെ' സാമ്പത്തിക വശത്തെ 'നവനവീകരണ' സംഘടനകൾ തിരിച്ചറിയുകയും അവരുടേതായ രീതിയിൽ മാറ്റം വരുത്തി അവർ പുനരവതരിപ്പിക്കുകയും ചെയ്തു. കത്തോലിക്കാ സഭയിൽ നിന്ന് വ്യത്യസ്തമായി 'വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത' എന്ന ആശയം മാറ്റി അവിടെ 'ജീവിക്കുന്ന പാസ്റ്റർമാരെ' പ്രതിഷ്ഠിച്ചു. ഇന്ന് ഒരുപടികൂടി കടന്ന് കർത്താവിനെപ്പോലും ഒഴിവാക്കി 'സ്വന്തം ചിത്രം' പ്രതിഷ്ഠിച്ച് രോഗശാന്തി ശുശ്രൂഷ കാര്യമായി പുരോഗമിക്കുന്നു.

ലോകക്രമത്തിൽ വരുന്ന മാറ്റങ്ങളെ വളരെപ്പെട്ടന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് നിരന്തരം മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്ന കത്തോലിക്കാ സഭ വളരെപ്പെട്ടന്ന് ചുവട്മാറ്റി തങ്ങളുടേതായ രീതിയിൽ രോഗശാന്തി ശുശ്രൂഷയെ അവതരിപ്പിച്ച് വിശ്വാസികളുടെ കൊഴിഞ്ഞുപോക്കിനെ തടഞ്ഞ് നിറുത്തി. എന്നാൽ ഓർത്തഡോക്സ് സഭകൾ സ്വതസിദ്ധമായ ശൈലിയിൽ ഉറക്കം നടിച്ച് ഏതാനും ലേഖനങ്ങളും ചർച്ചകളും നടത്തി പ്രശ്നത്തെ നിസാരവൽക്കരിച്ചു. ഫലമോ സഭയിൽ നിന്ന്

വിശ്വാസികളുടെ പുറത്തേക്കുള്ള ഒഴുക്ക് വർദ്ധിച്ചു.

### അത്ഭുതരോഗശാന്തി എന്നൊന്നുണ്ടോ?

രോഗം ഒരു യാഥാർത്ഥ്യമാണെങ്കിൽ രോഗശാന്തിയും യാഥാർത്ഥ്യമാണ്. ആധുനികലോകം 'അത്ഭുതരോഗശാന്തിയെ' കാണുന്നത് വൈദ്യശാസ്ത്രത്തിന്റെ വിവിധ ഭാഗങ്ങൾ പോലെ ഒന്നായിട്ടാണ്. അതിനാൽ തന്നെ അതിനെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യുന്ന സമീപനം സമൂഹത്തിൽ നിന്നുണ്ടാവുന്നത് സ്വാഭാവികമാണ്.

വൈദ്യശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ഈ ലേഖകന് പറയുവാനുള്ളത്. 'അത്ഭുതരോഗശാന്തി എന്നൊന്നില്ല എന്നാണ്. കാരണം 'അത്ഭുതരോഗശാന്തി'യുണ്ട് എന്ന് സമർത്ഥിച്ചാൽ അത് ദൈവം തരുന്നതും സാധാരണ രോഗശാന്തി (ചികിത്സയിലൂടെയുള്ളത്) ഡോക്ടർമാർ തരുന്നതുമാണെന്ന് സമ്മതിക്കേണ്ടിവരും. ഞാനുൾപ്പെടെയുള്ള ഒരു ഡോക്ടർമാർക്കും രോഗശാന്തി നൽകാനുള്ള കഴിവില്ല ജാതിമത ഭേദമെന്യേ മിക്ക ഡോക്ടർമാരും സമ്മതിക്കും. കടുത്ത നിരീശ്വരവാദികൾ പോലും (ഡോക്ടർമാരുടെ ഇടയിൽ കുറവാണ്) തങ്ങളാണ് രോഗസൗഖ്യം നൽകുന്നത് എന്ന് അവകാശപ്പെടുന്നില്ല. താങ്കൾക്ക് ലഭിച്ച പരിമിതമായ അറിവ്കൊണ്ട് ചികിത്സിക്കാൻ മാത്രമേ ഡോക്ടർമാർക്കറിയുകയുള്ളു. രോഗസൗഖ്യം നൽകുന്നത് ദൈവം മാത്രമാണ്. അതിനാൽ എല്ലാത്തരം രോഗസൗഖ്യങ്ങളും ദൈവം തരുന്നതാണ്. അതിനെ വേറിട്ട് കാണുന്നത് ദൈവനിന്ദയാണ് എന്നാണ് ഈ ലേഖകന്റെ അഭിപ്രായം.

ഇവിടെ ചർച്ച ചെയ്യുന്ന മറ്റൊരു വിഷയം 'രോഗശാന്തി ശുശ്രൂഷകൾ' കപടനാടകമാണോ എന്നതാണ്. അത്തരമൊരഭിപ്രായം ഈ ലേഖകനില്ല. കാരണം ദൈവത്തിന് പ്രവർത്തിക്കാൻ ആശുപത്രിയും മരുന്നും ഒന്നും ആവശ്യമില്ല. മനുഷ്യന്റെ ചിന്തയ്ക്കും ബുദ്ധിക്കുമപ്പുറമായി പ്രവർത്തിക്കാൻ കഴിവുള്ളവനാണ് ദൈവം. അതിനാൽ അവന്റെ പ്രവർത്തനം എവിടെയും എപ്പോഴുമുണ്ടാകാം സഭയുടെ കൂദാശകളിലൊന്നായ രോഗികളുടെ തൈലാഭിഷേകം തന്നെ സൗഖ്യദാന ശുശ്രൂഷയാണല്ലോ. നിർഭാഗ്യകരമെന്നു പറയട്ടെ ഭൂരിഭാഗവും ഇതിനെ 'അന്ത്യകൂദാശ' ആയിട്ടാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് രോഗശാന്തി ശുശ്രൂഷകളെ പൂർണ്ണമായും അവഗണിക്കുന്നില്ല ആധുനിക രോഗശാന്തി മേഖലയിലെ സിംഹഭാഗവും കള്ളനാണയമാണ് എന്ന് സമ്മതിക്കാതെ തരമില്ല. അവർ ദൈവം നല്കുന്ന രോഗസൗഖ്യത്തെ കച്ചവടച്ചരക്കാക്കി സ്വന്തം സ്വാർത്ഥ താൽപര്യത്തിന് ഉപയോഗിക്കുന്നു. ഇപ്രകാരം ദൈവികകൃപകളെ സ്വന്തം സ്വാർത്ഥതയ്ക്കനുസരിച്ച് വളച്ചൊടിക്കപ്പെടുമ്പോൾ അത് ദൈവം വിഭാവനം ചെയ്ത സൗഖ്യദാന പ്രേഷിതത്വത്തിൽ നിന്ന് അകന്ന് പോകുന്നു. ഈ വിഷയമാണ് യഥാർത്ഥത്തിൽ ചർച്ച ചെയ്യപ്പെടേണ്ടത്.

### കർത്താവിന്റെ സൗഖ്യദാന പ്രേഷിതത്വം

തന്റെ മനുഷ്യാവതാരകാലത്ത് യറുശലേമിൽ എമ്പാടും സൗഖ്യദാന ശുശ്രൂഷ നിർവ്വഹിച്ച കർത്താവും തുടർന്ന് വന്ന ശിഷ്യന്മാരും യഥാർത്ഥത്തിൽ ഇന്നത്തെ രീതിയിലുള്ള രോഗശാന്തി ശുശ്രൂഷയാണോ നിർവ്വഹിച്ചത് എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. കർത്താവ് വിഭാവനം ചെയ്ത സൗഖ്യദാന ശുശ്രൂഷ എന്തെന്ന് നർമ്മത്തിന്റെ കുലപതിയായ മാർത്തോമ്മാ സഭയിലെ വലിയ മെത്രാപ്പോലീത്താ ക്രിസോസ്റ്റം തിരുമേനി നർമ്മത്തിൽ കൂടിത്തന്നെ നമ്മെ ഓർമ്മപ്പിക്കുന്നു "കർത്താവ് കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കി. ഞാനായിരുന്നുവെങ്കിൽ സൗഖ്യമാക്കിയിട്ടേ തൊടുമായിരുന്നുള്ളൂ".

കർത്താവിന്റെ ശരീരത്തിന്റെ ഭാഗമായിരിക്കുന്ന ഓരോ ക്രിസ്ത്യാനിയും ഒരിക്കലും മറന്ന് കൂടാത്ത പ്രേഷിതദൗത്യമാണ് രോഗികളേയും നിസഹായരേയും തൊടുക എന്നത്. സൗഖ്യം കർത്താവ് നൽകിക്കോളും. 'തൊടുക' എന്നതാണ് യഥാർത്ഥ സൗഖ്യദാന പ്രേഷിതത്വം. അതാണ് ഓരോരുത്തരും നിർവഹിക്കേണ്ടത്. ഇക്കാരണത്താലാണ് ലോകം മുവുവൻ ഓടിനടന്ന് 'മെഗാഷോ' നടത്തുന്ന 'രോഗശാന്തി'വരക്കാരേക്കാൾ കൂടുതൽ സ്ഥാനവും മാനവും കൽക്കട്ടയുടെ തെരുവിഥീകളിൽ ഓടിനടന്ന് ആരാലും തൊടാനറച്ചിരുന്ന പുഴുത്ത് നാറിയ ജീവച്ഛവങ്ങളെ തൊട്ട് നെഞ്ചോട് ചേർത്ത് വെച്ച് ശുശ്രൂഷിച്ച മദർ തെരേസ എന്ന 'വിശുദ്ധ വനിതയ്ക്ക്' ലഭിക്കുന്നത്. ഇതാണ് യഥാർത്ഥ സൗഖ്യദാന പ്രേഷിതത്വം ചിന്തിക്കാൻ കഴിവുള്ളവർ ചിന്തിക്കട്ടെ. ■

Healing



## ആയുർവേദം

**ജീ**വിച്ചിരിക്കുന്ന മനുഷ്യനെ മുന്നിൽ കണ്ടുകൊണ്ടാണ് ആയുർ വേദം രചിക്കപ്പെട്ടത്. ശരീരത്തിൽ നിന്നും ജീവനെ വിഘടിപ്പിക്കുവാൻ രോഗം ശ്രമിക്കുന്നു. ശരീരത്തെ ജീവവാസയോഗ്യമല്ലാതാക്കിത്തീർക്കുന്ന രോഗത്തെ നശിപ്പിക്കുവാൻ ജീവകാരുണ്യത്തോടു കൂടി ശാസ്ത്രം രചിച്ച് ആ ശാസ്ത്രത്തിൽ ജീവശക്തിയേയും അതിന് ആധാരമായ ശരീരത്തെയും സംബന്ധിച്ച് വിവരിക്കുന്നു. സ്ഥൂല ശരീരത്തേയും അതിനെ ജീവവത്താക്കുന്ന സൂക്ഷ്മശക്തിയെ സംബന്ധിച്ചും അതിനുണ്ടാകുന്ന കുഴപ്പങ്ങൾ (രോഗാവസ്ഥ) അതിനുള്ള പരിഹാരം (ചികിത്സ) ഇവയെയും വിവരിച്ചു. രോഗം വരാതെ പൂർണ്ണ ആരോഗ്യവാനും ദീർഘായുഷ്മാനും ശ്രേഷ്ഠനുമായി ജീവിക്കുവാനുതകുന്ന ദിനചര്യ, ഋതുചര്യ, രസായന വാജീകരണ പ്രയോഗങ്ങൾ ഇവയുടെയും ദീർഘമായ വിവരണമാണ് ആയുർവേദ ഗ്രന്ഥങ്ങളിലൂടെ പ്രദർശിപ്പിച്ചിരിക്കുന്നത്.

ആയുർവേദമെന്നാൽ അയുസിനെ സംബന്ധിച്ച അറിവ് എന്നർത്ഥം.

ശരീരേന്ദ്രീയ സത്വാത്മയോഗമാണ് ജീവിതം. ഈ ജീവിതകാലത്തെയാണ് ആയുസ്സ് എന്ന് പറയുന്നത്. ശരീരം ഇന്ദ്രിയം, സത്വം ആത്മാവ് ഈ നാലിനെയും സംയോജിപ്പിച്ച വിജ്ഞാനത്തേയും ഇവയെത്തമ്മിൽ യോജിപ്പിച്ചു നില നിർത്താനുള്ള ഉപായങ്ങളെയും വിവരിക്കുന്നു.

* സ്ഥൂല ശരീരം അഥവാ അന്നമയ കോശം

* പ്രാണൻ അഥവാ പ്രാണമയ കോശം

* മനസ്സ് അഥവാ മനോമയകോശം

* ബുദ്ധി അഥവാ വിജ്ഞാന മയ കോശം

* ആനന്ദമയകോശം അഥവാ കാരണ ശരീരം

ഈ പറയപ്പെട്ട അഞ്ച് കോശങ്ങൾക്കും, അതീതമായി നിന്നുകൊണ്ട് അവയെ പ്രകാശിപ്പിക്കുന്ന ചൈതന്യ വിശേഷമാണ് ജീവൻ. (അവസാനത്തേത്) ഈ ജീവനെയാണ് അയുർവേദത്തിൽ ചികിത്സാധികാരിയായ കർമ്മപുരുഷനായി കൽപ്പിച്ചിരിക്കുന്നത്.

ആയുർവേദം, വേദാംഗമാണ് (വേദത്തിന്റെ ഭാഗം). ചികിത്സിക്കുമ്പോഴും മരുന്നു തയ്യാറാക്കുമ്പോഴുമെല്ലാം ദൈവികമായ പ്രാർത്ഥനകളും അനുഷ്ഠിപ്പുകളും ഇതിന്റെ ഭാഗമാണ്. അതുകൊണ്ടു തന്നെ ചികിത്സാ എന്നതിലുപരി ഒരു ഹോളിസ്റ്റിക് തലം ആയുർവേദത്തിനുണ്ട്. ■



# Healing

## ഹോളിസ്റ്റിക് ചികിത്സാ വിധി:

## വേദാധിഷ്ഠിതമായ 10 പ്രമാണങ്ങൾ



1. സന്തുഷ്ട ഹൃദയവും ഹൊളിസ്റ്റിക് ചികിത്സാ വിധിയും
   *(സദൃ. 17:22)*
2. പാപമോചനവും രോഗസൗഖ്യവും
   (വി. മർക്കോസ് 2:10, 7:20-23)
3. കുടുംബത്തിലെ പങ്കുവയ്ക്കലും ബന്ധങ്ങളിലെ ഊഷ്മളതയും മാനസീക സമ്മർദ്ദം അകറ്റി ചികിത്സയുടെ ഫലം ചെയ്യും.
   *(അപ്പോ. 2:44-46, ലൂക്കോ. 14:12-14, മത്താ. 19:6)*
4. ഹൃദയംഗമമായ ക്ഷമയും നിരപ്പാകലും ഉത്തമ ഔഷധമാണ്.
   *(ഗലാത്യർ 5:22, മത്താ. 5:7, 6:15, 15:35)*
5. സമാധാനം, ഹൃദയ വിശുദ്ധി, ദൈവഭക്തി എന്നിവ സമഗ്ര സൗഖ്യത്തിന്റേതാണ്.
   *(മത്താ. 5:8-9, 12:35-37, ലൂക്കോ. 10:27)*
6. പ്രകൃതിയുമായുള്ള ബന്ധം സൗഖ്യത്തിനു തകുന്നതാണ്.
   *(യെശയ്യാവ് 38:21, ലൂക്കോ. 18:45-43)*
7. കഠിനാധ്വാനവും പ്രവർത്തന സ്ഥിരതയും ശുശ്രൂഷാ മനോഭാവവും സമഗ്ര സൗഖ്യം നൽകും.
   *(മത്താ. 20:28)*
8. ഉത്തമ ഉപദേശങ്ങളുടെ കേൾവിയും അനുഗമിക്കലും വിശുദ്ധ ജീവിതാനുഭവങ്ങളും ഉത്തമ സൗഖ്യത്തിനു നിദാനമാണ്.
   *(മത്താ. 8:16, 21:28-31, മത്താ. 10:40-42)*
9. നോമ്പനുഷ്ഠാനം, പ്രാർത്ഥനാ ജീവിതം, ദൈവദർശനം, ആയത് സൗഖ്യത്തിലേക്ക് നയിക്കും.
   *(മത്താ. 14:34-36, 15:28, 20:29-34)*
10. പരിത്യാഗവും, സമർപ്പണവും, സഹനവും, സമഗ്ര സൗഖ്യം നൽകും.
   *(മത്താ. 19:21-22)*

*Fr. V.M.*

# കാതോലിക്കാദിനം

- സഭയ്ക്കായി ഒരു പ്രാർത്ഥനാദിനം
- വരുമാനത്തിലൊരംശം സഭയ്ക്കായി
- സഭാ തലവനായി റിശ്ശീസ്സാ

പൗരസ്ത്യ സഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയം ശീർഷകത്വത്തിന്റെയും പര്യായമായ കാതോലിക്കാ സിംഹാസനം അതിന്റെ ചരിത്ര വഴികളുടെ ഓർമ്മ പുതുക്കുന്നു.

വലിയ നോമ്പിന്റെ ആറാം ഞായറാഴ്ചയായ 36-ാം ഞായറാഴ്ച. അതായത് ഈ വരുന്ന ഏപ്രിൽ 10-ആണ് കാതോലിക്കാ ദിനമായി പരിശുദ്ധ സഭ കൊണ്ടാടുന്നത്. എല്ലാ ദേവാലയങ്ങളിലും പരിശുദ്ധ സഭയുടെ സുവർണ്ണ പതാക ഉയർത്തിക്കൊണ്ട് സഭയോടും പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടുമുള്ള കൂറും വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ട് പ്രത്യേക പ്രാർത്ഥനകളിലൂടെ സഭയാകമാനം ഏക മനസ്സോടെ ഈ സുദിനത്തിൽ സമർപ്പിതരാകുന്നു.

മൺമറഞ്ഞ പൂർവ്വ സൂരികളുടെ സുധീരമായ നിലപാടുകളും വിശ്വാസ പ്രഘോഷണങ്ങളും നെഞ്ചോടുചേർത്ത് ഈ ചരിത്ര സ്മരണ ഒരിക്കൽക്കൂടി ആവർത്തിക്കുമ്പോൾ ചരിത്രത്തെ കൈയ്യടക്കാൻ ആഗ്രഹിക്കുന്ന ചിലരെക്കുറിച്ച് ഓർക്കാതെ വയ്യ. കാതോലിക്ക എന്ന അഭിധാനം മലങ്കരസഭയുടെ ദൈവീക നൽവരമാണെന്ന് തിരിച്ചറിവോടെ 100-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന അതിന്റെ സ്ഥാപന നിമിഷങ്ങളെ പ്രാർത്ഥനാപൂർവ്വം സഭാ മക്കൾ സ്മരിക്കുന്നു.

## സൗത്ത് സോൺ വൈദിക സമ്മേളനം

**ശാസ്താംകോട്ട:-** ഓർത്തഡോക്സ് വൈദിക സംഘം സൗത്ത് കേന്ദ്രത്തിലെ കൊല്ലം, തിരുവനന്തപുരം, കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട് ഭദ്രാസനങ്ങളിലെവൈദികർ ഉൾപ്പെടുന്ന വൈദികസംഘം സൗത്ത് സോൺ സമ്മേളനം ഏപ്രിൽ 4-ന് ശാസ്താംകോട്ട മൗണ്ട് ഹോറേബിൽ വച്ച് നടത്തി. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് II, ഉദ്ഘാടനം ചെയ്തു. അഭി. ഗീവർഗീസ് മാർ ഈവാനിയോസ്, അഭി. സഖറിയ മാർ അന്തോണിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഡോ. സഖറിയാസ് മാർ അപ്രേം എന്നീ പിതാക്കന്മാർ സംബന്ധിച്ചു. വാർഷിക സമ്മേളനം മെയ് അവസാനവാരം നടത്തുമെന്ന് വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. തോമസ് അമയിൽ അറിയിച്ചു.

## എം.റ്റി.സി. മാവേലിക്കര

സെറാമ്പൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് മാവേലിക്കര എം.റ്റി.സി. യിൽ മലയാളം ബി.ഡി. കോഴ്സ് ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്താ, ഫാ. ഡോ. കെ. എം. ജോർജ് എന്നിവരെ ഫെബ്രുവരി 25-ന് കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചുമതലപ്പെടുത്തി.

## ബാലികാഭവൻ

**തെങ്ങേലി:** എം.ഡി.എം. ബാലികാഭവനിൽ ജാതി, മത, ഭേദമെന്യെ, 6-15 പ്രായമുള്ള ബാലികമാർക്ക് പ്രവേശനം നൽകുന്നു. അപേക്ഷയോടൊപ്പം പള്ളി വികാരിയുടെയും വാർഡു മെമ്പറുടെയും സാക്ഷ്യപത്രവും വേണം. മേൽവിലാസം "മാർ ഡയനീഷ്യസ്-ബാലികാഭവൻ, തെങ്ങേലി, കുറ്റൂർ, തിരുവല്ല-689106.




## BRIDE GROOM WANTED

An Orthodox family of Central Travancore, now residing at Chennai, invites proposals for thier daugher 24/165, MSc, MPhil and now doing Ph.D. (in Microbiology) from the parents of professionally qualified Orthodox boys.

***Contact No.***
**09841016398**
**044-22324407**

## BRIDE WANTED

സാമ്പത്തിക ഭദ്രതയുള്ള 36 വയസ്സും 164 c.m. ഉയരവുമുള്ള B.Com ബിരുദധാരിയും സൗദിയിൽ ദമാം എന്ന സ്ഥലത്ത് അക്കൗണ്ടന്റുമായ ഓർത്തഡോക്സ് യുവാവിന് അനുയോജ്യമായ ഓർത്തഡോക്സ് വനിതകളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. സാമ്പത്തിക പ്രശ്നമല്ല.

**Phone No. 0481-2399261**
**9847783073**

## BRIDE GROOM WANTED

തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം വേർപിരിഞ്ഞ ദുബായിൽ ഗവ. സർവ്വീസിൽ ജോലി ചെയ്യുന്ന ഓർത്തഡോക്സ് യുവതിക്ക് (26/5'4" B.Tech) അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

**Phone No. : 0097143377374, 9495113858, 9447563802**

## BRIDE WANTED

മർച്ചന്റ് നേവിയിൽ ഓഫീസറായ ഓർത്തഡോക്സ് യുവാവ് 27 വയസ്സ് (170 c.m.) വെളുത്തതും വിദ്യാഭ്യാസ യോഗ്യതയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും ആലോചന ക്ഷണിക്കുന്നു.

**Phone No. 0481-2457463**
**9895431170**

## അപേക്ഷകൾ ക്ഷണിക്കുന്നു

**കൊട്ടാരക്കര:** ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിന്റെ ചുമതലയിലുള്ള മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാലഭവനിൽ താമസിച്ച് പഠിക്കുന്നതിന് ആഗ്രഹിക്കുന്ന നിർദ്ദനരും, നിരാലംബരും, പഠിക്കുവാൻ സമർത്ഥരുമായ (5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള) വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. അപേക്ഷ ഫോം ബാലഭവനിൽ നിന്നും ലഭിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷകൾ ഏപ്രിൽ 30-ന് മുൻപ് ലഭിക്കേണ്ടതാണ്. തപാലിൽ ലഭിക്കേണ്ടതിന് മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് II ബാലഭവൻ. ബേത്‌ലഹേം ആശ്രമം, ചെങ്ങമനാട് പി.ഒ. കൊട്ടാരക്കര-691556

## ആവശ്യമുണ്ട്

വളയൻ ചിറങ്ങര ബാലഗ്രാമിൽ താമസിച്ച് കുട്ടികലെ നോക്കുന്നതിനായി സേവനസന്നദ്ധരായ ദമ്പതിമാരെ ആവശ്യമുണ്ട് ഭക്ഷണവും, അനുബന്ധ ചിലവുകളും ബാലഗ്രാമം വഹിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

മാനേജർ, ബാലഗ്രാം, വളയൻചിറങ്ങര പി.ഓ.,
പെരുമ്പാവൂർ,
0484-2657141, 9496464165.

## 35-ാം ചരമ വാർഷികം

**(മാനേജരച്ചൻ)**



**Rev. Fr. T. C. Jacob Thalakulam**

*Manager Old Seminary 1930-1960*
*Manager Catholicate Aramana 1960-1976*
*Chief Editor-Malankara Sabha Magazine*

**15-4-2011-ന് രാവിലെ 8 മണിക്ക് ചീരഞ്ചിറ സെന്റ് മേരീസ് പള്ളിയിൽ ദേവലോകം അരമന മാനേജർ ഫാ. എം.കെ. കുര്യന്റെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും.**



പ്രവാചകന്റെ വഴികൾ

6


**പ. ബാവാ തിരുമേനി യുടെ പ്രത്യേക താൽപ്പര്യ പ്രകാരമാണ് പ. സുന്നഹ ദോസ് ബലഹീനനായ എനിക്ക് 'സഭാരത്നം' എന്ന ബഹുമതി നൽകിയത്.**

# സഭാപിതാക്കന്മാരും ഞാനും

**എന്റെ നോട്ടത്തിൽ സത്യമായും യേശുവിനെ പിൻപറ്റിയ പിതാക്കന്മാരാണ് പ. പാമ്പാടി തിരുമേനിയും, പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും.**

**1934**-ൽ മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടാകുന്ന കാലഘട്ടത്തിൽ ഞാൻ അര മാർത്തോമ്മക്കാരനും, അര ഓർത്തഡോക്സുകാരനുമായിരുന്നു. ആദ്യമായി ഒരു ബിഷപ്പിനെ കാണുന്നത് പത്തിച്ചിറ സ്ക്കൂളിൽ IIIrd form-ൽ പഠിക്കുമ്പോഴാണ്. ബിഷപ്പ് പെക്കൻഹാം വാൽഷ് പത്തിച്ചിറ പള്ളിയിൽ കൺവൻഷന് വന്നപ്പോൾ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പ്രസംഗം പരിഭാഷപ്പെടുത്തിയത് ഞാനായിരുന്നു. പിന്നീട് പരിചയപ്പെട്ടത് മാർത്തോമാ സഭയിലെ ബിഷപ്പ് ഏബ്രഹാമിനെ ആയിരുന്നു. ഞാൻ മാർത്തോമ്മാ സഭയിൽ ചേരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. യാക്കോബായക്കാർ നിന്നെ വേണ്ടായെന്ന് പറയുമ്പോൾ ഇങ്ങുവന്നാൽ മതി എന്ന് എന്നോട് പറഞ്ഞു.

ഞാൻ സെമിനാരിയിൽ പഠിപ്പിക്കുവാൻ തുടങ്ങുമ്പോൾ വി. കെ. മാത്യു അച്ചൻ പ്രിൻസിപ്പാൾ ആയിരുന്നു. അദ്ദേഹം പിന്നീട് റമ്പാനായും മെത്രാനായും കാതോലിക്കാബാവായും ആയി ഉയർത്തപ്പെട്ടു. 1956 മെയ് 10-ന് പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായാണ് എന്നെ പൂർണ്ണ ശെമ്മാശ്ശനും കശീശയുമായി പട്ടം തന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ മുതൽ ഇപ്പോഴത്തെ പ. ബാവാ വരെയുള്ള പിതാക്കന്മാരോടുള്ള എന്റെ കാഴ്ചപ്പാട് വിവരിപ്പാൻ സ്ഥലം വളരെ വേണ്ടിവരും. ഞാൻ അമേരിക്കയിൽ പോകുന്നതിന് മുൻപ് യാത്ര പറയാനായി ചെന്നപ്പോൾ, പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നെ അനുഗ്രഹിക്കുകയും, എന്റെ പുറകേ അദ്ദേഹത്തിന്റെ ഡ്രൈവറുടെ കയ്യിൽ ഒരു



തുക കൊടുത്ത് വിടുകയും, അദ്ദേഹം ബസ്സ്റ്റാൻഡിൽ വന്ന് അത് എന്നെ ഏൽപ്പിക്കുകയും ചെയ്തു.

സഭയിലെ പിതാക്കന്മാരിൽ എനിക്കേറ്റവും അധികം കടപ്പാടുള്ളത് എന്റെ ബാല്യത്തിൽ കൊല്ലം ഭദ്രാസനാധിപനായിരുന്ന തേവോദോസ്യോസ് പിതാവിനോടും, പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടും, ഇപ്പോഴത്തെ പ. ദിദിമോസ് പ്രഥമൻ ബാവായോടുമാണ്. മറ്റുള്ളവരോട് സ്നേഹം കുറവാണെന്നല്ല.

അഭി. തേവോദോസിയോസ് പിതാവാണ്, അമേരിക്കയിൽ പോകുവാനുള്ള അനുവാദം തന്നതും, തിരികെ വന്നപ്പോൾ എന്നെ സെമിനാരിയിലേക്കയച്ചതും നമ്മുടെ എല്ലാ പിതാക്കന്മാരെപ്പോല അദ്ദേഹവും മുടക്കം കൂടാതെ നമസ്ക്കാരം നോമ്പ്, എന്നിവ നടത്തിയിരുന്നു.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് എന്നോട് പ്രത്യേക വാൽസല്യം ഉണ്ടായിരുന്നു. ഞാൻ എഴുതിയ നിഖ്യാ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാന ഗ്രന്ഥത്തിന്റെ ആദ്യപ്രതി അദ്ദേഹത്തിനാണ് സമർപ്പിച്ചത്. അതിലെ പട്ടത്വത്തെക്കുറിച്ചുള്ള ഒരു പരാമർശം അദ്ദേഹം തിരുത്തിത്തന്നു. ഞാൻ ശെമ്മാശനായിരുന്ന കാലത്തുപോലും കാതോലിക്കാ ദിനപ്പിരിവിന്റെ വിഹിതം വാങ്ങുവാൻ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി എന്നെയാണ് ദേവലോകത്ത് അയച്ചിരുന്നത് ആദ്യം വഴക്ക് പറയുമായിരുന്നെങ്കിലും, സെമിനാരിക്കുള്ള പണം തരുമായിരുന്നു. എനിക്ക് പൂർണ്ണ ശെമ്മാശപട്ടം, കശീശാപട്ടം എന്നിവ തലേന്നും പിറ്റേന്നുമായി ദേവലോകം ചാപ്പലിൽ പ. പിതാവാണ് നൽകിയത്. അന്നത്തെ കാപ്പി സൽക്കാരത്തിന്റെ ചിലവ് വഹിച്ചത് കോട്ടയം ഏലിയാ കത്തീഡ്രലിലെ മർത്തമറിയം സമാജക്കാരാണ്. എനിക്ക് സ്വന്തമായി ഒരു ഊറാറ പോലുമില്ലായിരുന്നു. എനിക്ക് മുൻപ് കശീശായായ ഒരാളുടെ ഊറാറയാണ് ഞാൻ വാങ്ങിയത്. പട്ടമേറ്റ ശേഷം ധ്യാനത്തിനും, മൗനത്തിനുമായി, പെരുനാട് ബഥനിയിലേയ്ക്ക് പോയി. അവിടെവച്ച് തക്സാതഴുകി, മടങ്ങിവന്ന് വയലത്തല വലിയ പള്ളിയിൽ ഗബ്രിയേൽ അച്ചൻ വികാരിയായിരിക്കുമ്പോൾ ഞാൻ പുത്തൻ കുർബ്ബാനയർപ്പിച്ചു.

ഇപ്പോഴത്തെ പ. ബാവാ തിരുമേനിയുടെ പ്രത്യേക താൽപ്പര്യപ്രകാരമാണ് പ. സുന്നഹദോസ് ബലഹീനനായ എനിക്ക് 'സഭാരത്നം' എന്ന ബഹുമതി നൽകിയത്. പത്തനാപുരത്തെ പരിശീലനം കൊണ്ട് സ്വായത്തമാക്കിയ ഭക്തിയുടെ പ്രയോജനമാണ് മലബാർ ഭദ്രാസനത്തെ ഈ മേൽ വളരുവാൻ ഇടയാക്കിയത്. അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതം മൂലമാണ് സഭ ഇന്ന് വളർന്നുകൊണ്ടിരിക്കുന്നത്. പ. സുന്നഹദോസിലും മാനേജിംഗ് കമ്മറ്റിയിലും അധികം സംസാരിക്കയിലെങ്കിലും, അദ്ദേഹത്തിന്റെ ആഗ്രഹം ദൈവം സാധിച്ചുകൊണ്ടിരിക്കുന്നു.

പരിശുദ്ധ പാമ്പാടി തിരുമേനിയെയും പത്രോസ് ഒസ്താത്തിയോസ് തിരുമേനിയും കുറിച്ച് എഴുതാതിരിക്കുവാൻ സാധ്യമല്ല.

ഞാൻ അമേരിക്കയിൽ നിന്ന് മടങ്ങിവന്ന് പരുമലയിൽ പോയി പ. ഗീവർഗീസ് ദ്വിതീയൻ ബാവായെ കണ്ടു. അദ്ദേഹത്തോട് 'നമ്മുടെ സഭ മിഷൻ ഒന്നും ചെയ്യുന്നില്ല എന്നു പറഞ്ഞപ്പോൾ മറുപടി പറഞ്ഞത് ഇന്നും ഓർക്കുന്നു,' എടോ നമ്മൾ മുടിഞ്ഞുപോയി എന്ന് എല്ലാവരും പറയുന്നുവെങ്കിലും നാം ഇപ്പോഴും ഇവിടെ ഉണ്ടല്ലോ എന്നാണ്. പിന്നീട് പാമ്പാടിയിൽ പോയി പ. പാമ്പാടി തിരുമേനിയെ സന്ദർശിച്ചു. തിരുമേനിയുടെ ശുശ്രൂഷകനായിരുന്ന പൊട്ടൻ, ഇന്ന് ഒന്നും കഴിക്കുവാൻ ഇല്ല എന്ന് ആംഗ്യം കാണിച്ചു. തിരുമേനിക്ക് അത് ഒരു പ്രശ്നമേ അല്ലായിരുന്നു. അന്നന്ന് ദൈവം പുലർത്തിയ പരിശുദ്ധനായ പിതാവായിരുന്ന അദ്ദേഹം. അദ്ദേഹത്തിന്റെ ഭക്തിയും, പ്രാർത്ഥനയും ദീനാനുകമ്പയും, അത്ഭുതങ്ങളും എല്ലാം സ്വന്തകണ്ണുകളാൽ കാണുവാൻ ബലഹീനനായ എനിക്ക് സാധിച്ചിട്ടുണ്ട്. ഒരിക്കൽ ദയറായിൽ അരി ഇല്ലാതെ വിഷമിക്കുമ്പോൾ, ഒരാൾ ഒരു കുഞ്ഞിനെ എഴുത്തിനിരുത്തുവാൻ വരികയും കുറച്ച് അരി നൽകുകയും ചെയ്തു. അന്നു തന്നെ രണ്ട് ചാക്ക് അരി മറ്റൊരാൾ കൊടുത്തുവിട്ടു. ലഭിക്കുന്നതൊന്നും കൂട്ടിവയ്ക്കുവാൻ അദ്ദേഹം പഠിച്ചിരുന്നില്ല. എന്റെ നോട്ടത്തിൽ സത്യമായും യേശുവിനെ പിൻപറ്റിയ പിതാക്കന്മാരാണ് പ. പാമ്പാടി തിരുമേനിയും, പത്രോസ് ഒസ്താത്തിയോസ് തിരുമേനിയും.

*(തുടരും...)*

22nd Death Anniversary
On April 23, 2011



**Mary Varghese**
**(Babykutty)**
Thotacattu Koickeril
Amichakary, Tiruvalla

**Faith is what you need And that's what you should feed"**
**Cried my inner voice**
**In a sense of rejoice**

From George's poem "Tears for Fears" From book "Images a Flashback"
Inserted by Rajan, Moly and Gibly

## Priest Hood

ഫാ. കെ. കെ. വർഗീസ്, മുട്ടം

# ഇത്ര മഹത്വമുള്ള പദവിയെ....

**വി. കുർബാന അനുഭവിക്കുന്ന സമയത്ത് പുരോഹിതൻ നടത്തുന്ന ഒരു പ്രാർത്ഥന ശ്രദ്ധേയമാണ്. 'അതിർത്തികൾ വഹിക്കുന്നവനെ നിന്നെ ഞാൻ എടുക്കുന്നു.**



പുരോഹിത ശുശ്രൂഷ ഈ ഭൂമിയിൽ നടക്കുന്നു എങ്കിലും സ്വർഗ്ഗത്തിലെ കർമ്മമായി കരുതണം. പരിശുദ്ധാത്മാവ് ഭൗമികരായ നമ്മെ മാലാഖമാരുടെ ശുശ്രൂഷയ്ക്കു വിളിക്കുന്നു. ആകയാൽ സ്വർഗ്ഗീയ കർമ്മങ്ങളിൽ ഉൾപ്പെട്ടവനെപ്പോലെ വിശുദ്ധ രഹസ്യങ്ങൾ പരികർമ്മിക്കുവാൻ വിശുദ്ധനായിരിക്കണം. ഈ ശുശ്രൂഷ നിർവ്വഹിക്കുമ്പോൾ അതനുഷ്ഠിക്കുന്നവൻ ഭൂമിയിലാണ് നിൽക്കുന്നത് എന്ന് എങ്ങനെ പറയുവാൻ കഴിയും?" സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പൗരോഹിത്യത്തിനെപ്പറ്റി പറയുകയാണ്.

മനുഷ്യാവതാരത്തിനിറങ്ങി വന്ന ദൈവപുത്രനെ കൈകളിൽ എടുക്കുവാൻ ഭാഗ്യം ലഭിച്ചത്, തിരുവചനമനുസരിച്ച് പ. കന്യകമറിയമിനാണ്. വൃദ്ധനായ ശിമയോനും ആ ഭാഗ്യം ലഭിക്കുന്നുണ്ട്. തന്റെ ക്രൂശ് മരണത്തിന് ശേഷം തന്റെ ശരീരം കൈകളിൽ എടുത്ത് കല്ലറയിൽ വയ്ക്കുവാൻ യോസഫും നിക്കോദിമോസും ഉണ്ടായിരുന്നു എന്നും നാം വായിക്കുന്നു. എങ്കിലും കർത്താവിന്റെ ജനനം മുതൽ അവന്റെ ക്രൂശിങ്കലോളം അവനെ പിന്തുടർന്നത് പരിശുദ്ധ മാതാവാണ്. പ. സഭയിൽ, പിന്നീട് ഈ ഭാഗ്യം തേടുന്നത് പുരോഹിതന്മാരാണ്. വി. കുർബ്ബാനയുടെ ആരംഭത്തിൽ അവന്റെ സിംഹാസനത്തിങ്കൽ വണങ്ങി, അമീറ സ്വന്ത കൈകളിലെടുത്ത് പീലാസായിൽ ക്രമീകരിച്ചത്, അവന്റെ തിരുരക്തമുൾക്കൊള്ളുന്ന കാസ കൈകളിലുയർത്തി ആഘോഷിച്ച്....

യെശയ്യാ പ്രവചനം 6-ാം അദ്ധ്യായത്തിൽ, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളവൻ എന്ന് സ്വയം വിലപിക്കുന്ന പ്രവാചകനെ, കൊടിൽ കൊണ്ട് എടുത്ത തീക്കട്ടയാൽ ശുദ്ധീകരിക്കുന്ന മാലാഖയെപ്പറ്റി വിവരിക്കുന്നുണ്ട്. ദൈവദൂതന്മാർ പോലും അവന്റെ സാന്നിധ്യത്തിങ്കൽ വിറച്ചു പോവുന്നു അതേസമയം അനേക കോടി പ്രകാശ വർഷങ്ങൾക്കു ഇപ്പുറത്ത് നിൽക്കുന്ന മനുഷ്യൻ തന്റെ നാഥനും, തന്റെ പരിശുദ്ധാത്മാവിനെ അയച്ച് തന്നെ നിർമ്മലനും നിഷ്കളങ്കനുമാക്കി തീർക്കുന്നവനെ കൈകളിൽ എടുത്ത് തന്റെ മാത്രം എന്ന വിധം ആഘോഷിക്കുന്നു. **ഓരോ വിശുദ്ധ കുർബ്ബാന അർപ്പണ വേളയിലും പുരോഹിതൻ ഉള്ളമുരുകി കേഴുകയാണ്; "എന്റെ ദൈവമേ, എന്റെ ദൈവമേ നിന്നെ ഞാൻ കൈകളിലെടുക്കുന്നു. തൃക്കൈയ്യാൽ എനിക്കൊന്നും ഭവിക്കരുതേ..."**

വി. കുർബ്ബാനഅർപ്പണത്തിൽ ഈ ഭാഗം വായിച്ചത്, ഇന്ന ഭാഗം ചെറി

യത് എന്ന വിവേചനമില്ല. മനുഷ്യരാശിയുടെ പൂർണ്ണ രക്ഷയ്ക്കുവേണ്ടി സ്ഥാപിതമായ ഈ പരിശുദ്ധ കൂദാശയുടെ തുടക്കം മുതൽ ഒടുക്കംവരെ ഒന്നുപോലെ പ്രധാനമാണ്. എങ്കിലും ചിലപ്പോൾ എങ്കിലും കാർമ്മികന് ഏതെങ്കിലും ഒരു ഭാഗം ഒരു പ്രത്യേകത പ്രദാനം ചെയ്യുന്നുണ്ട്. പ്രായമുള്ള ഒരു വൈദികൻ പറഞ്ഞു തന്നിട്ടുണ്ട്; തോമാ മാർ ദീവന്നാസ്യോസ് തിരുമേനി പറയാറുണ്ട്, പുരോഹിതന്റെ കൈകൾ മറ്റാരിലും വിശുദ്ധമാണ്. കാരണം അയാളുടെ ഇടങ്കൈയ്യിൽ ഇരുന്നാണ് ഒരപ്പം നമ്മുടെ കർത്താവിന്റെ വിശുദ്ധ ശരീരമാകുന്നത്. അതുകൊണ്ട് പൗരോഹിത്യ ശുശ്രൂഷ അനുഷ്ഠിക്കുന്നവന്റെ ശരീരവും ശുദ്ധമായിരിക്കണം. ബാറേക് കാദേശ് എന്ന ഭാഗം ചൊല്ലുമ്പോൾ അറിയാതെ നെഞ്ചിടിച്ചു പോവുന്നു.

വി. കുർബാന അനുഭവിക്കുന്ന സമയത്ത് പുരോഹിതൻ നടത്തുന്ന ഒരു പ്രാർത്ഥന ശ്രദ്ധേയമാണ്. 'അതിർത്തികൾ വഹിക്കുന്നവനെ നിന്നെ ഞാൻ എടുക്കുന്നു. ആഴങ്ങൾ ഭരിക്കുന്നവനെ നിന്നെ ഞാൻ വഹിക്കുന്നു. ദൈവമേ! എന്റെ വായിൽ നിന്നെ ഞാൻ വെയ്ക്കുന്നു.' എടുത്തു പറയുവാൻ മഹത്വങ്ങൾ ഒന്നുമില്ലാതിരുന്നിട്ടും വി. ദർഗായിലേക്കു അവനെന്നെ വിളിച്ചുവല്ലോ. ഇതെല്ലാം സമ്മതിക്കുന്നു എന്നതിലേക്കു, കൈയ്യടയാളമായ കുത്തുകൾ ഇട്ട്, കുത്തുകൾ കുരിശാകൃതിയിൽ യോജിപ്പിച്ച്, ഉറപ്പു നൽകിയ മഹത്വ രഹസ്യങ്ങളിൽ ഏറെയും സ്വജീവിതത്തിൽ നിന്ന് നഷ്ടമായിപ്പോയി എങ്കിലും തന്റെ അപാരമായ കരുണയാൽ, ഇപ്പോഴും നിസാരനായ എന്നെ തന്നോട് ചേർത്തു നിർത്തുന്ന പൊന്നു തമ്പുരാൻ വി. കുർബാനാനുഭവത്തിന് എന്നെ യോഗ്യനാക്കിയല്ലോ. സത്യത്തിൽ മഹാപുരോഹിതനായ ഉടയവന് പുരോഹിതന്മാരോട് എത്ര സ്നേഹമാണ്....!

അയാൾ പ്രാർത്ഥിക്കുമ്പോൾ അവൻ ശ്രദ്ധയോടെ കേൾക്കുന്നു അയാൾ യാചിക്കുമ്പോൾ അവൻ മറുപടി നൽകുന്നു. പരിശുദ്ധ സഭയിലെ മുഴുവൻ ജനങ്ങൾക്കു വേണ്ടി അയാൾ അവനോട് ദയയും കരുണയും യാചിക്കുന്നു. ദൈവത്തിനും മർത്ത്യർക്കും മധ്യേ നൽകുന്നു. ഹാ... മണ്ണിന്റെ മഹത്വം...! മൺപാത്രത്തിൽ വിലതീരാത്ത നിധി നിക്ഷേപിച്ച ദൈവത്തിന് സ്തുതി എന്ന പൗലോസിന്റെ ആഖ്യാനം ഭയത്തോടും വിറയലോടും മാത്രമേ ഒരു പുരോഹിതന് ഉൾക്കൊള്ളുവാൻ കഴിയൂ. കാരണം ആ വാചകത്തിന്റെ ഗൗരവം കൈവരുന്നത് മൺപാത്രത്തിന്റെ നിസാരതയും മാണിക്യത്തിന്റെ മഹത്വവും എന്ന ധ്യാന പൂർണ്ണിമയിലാണ്.

ബലിപീഠത്തിന്റെ വിശുദ്ധിക്കു ചേരാത്ത ഒരു നിമിഷവും നിന്റെ ജീവിതത്താൽ ഉണ്ടാവരുത് എന്ന് മല്പാനച്ചൻ ചെവിയിലോതി പുറത്തേക്കു വിടുമ്പോൾ ഓർത്തിരിക്കാനുള്ള ഒരു സംഗതി ആ **വിശുദ്ധി ബലിപീഠത്തിന്റെ ചാരത്തണയുമ്പോൾ മാത്രം എടുത്തണിയുകയും പിന്നീട് ഊരി വെയ്ക്കുകയും ചെയ്യേണ്ട ഒന്നല്ല, മറിച്ച് ജീവിതാനുഭവമായിത്തീരേണ്ട ഒരു യാഥാർത്ഥ്യമാണ് എന്നത് തന്നെ.**

ഒരു പുരോഹിതനും ഒരിയ്ക്കലും സ്വതന്ത്രമായതും സ്വന്തമായതുമായ ഒരു നിലനിൽപ്പില്ല. കാരണം അയാൾ പുരോഹിതനായിരിക്കുന്നത് പ. സഭയ്ക്കു വേണ്ടിയാണ്. അയാളുടെ ശുശ്രൂഷകൾ പൂർണ്ണതയിൽ എത്തുന്നത് വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യം കൂടി ഉറപ്പാക്കപ്പെടുമ്പോഴാണ്. പുറപ്പാട് പുസ്തകം 14-ാം അധ്യായത്തിൽ മോശയോടൊപ്പമുള്ളതും 1 രാജാ. 18-ാം അദ്ധ്യായത്തിൽ ഏലിയാവിനോടൊപ്പമുള്ളതും ഈ വിശ്വാസി സമൂഹം തന്നെയാണ്. വി. കുർബ്ബാന മധ്യേ പുരോഹിതന്മാർ നിസഹായനായി നിലവിളിക്കുകയാണ്. 'കർത്താവേ എന്നോട് ഉത്തരമരുളണമേ... എന്ന് 1 രാജാ. 18:37 അത് ഒരു വ്യക്തിഗത പ്രാർത്ഥന എന്ന തോന്നലുളവാകുമെങ്കിലും അതിനെല്ലാമപ്പുറം താൻ ആരേ പ്രതി ബലിപീഠത്തിങ്കലേക്കു വന്നുവോ ആ ഇടവകയോടും അതുൾപ്പെടുന്ന പ. സഭയോടും പ്രതിനിധീകരിച്ചാണ് ആ ശബ്ദമുയരുന്നത്. എല്ലാവർക്കും വേണ്ടി ഒരുവൻ മരിക്കുന്നത് നല്ലത് എന്ന് വായിക്കുന്നത് പോലെ എല്ലാവർക്കും വേണ്ടി ഒരു യാഗമർപ്പിക്കുന്നു, സ്വയം യാഗമായിത്തീരുന്നു. ബലിയർപ്പിക്കൽ ബലിയായി മാറുക, അപ്പം നുറുക്കുന്നവൻ സ്വയം നുറുക്കപ്പെടുക മുതലായ അനുഭവങ്ങൾ അന്യമാവുന്നു എന്ന തോന്നലിൽ നിന്നാവണം പൗരോഹിത്യം ചോദ്യം ചെയ്യപ്പെടലിനും പരിഹാസത്തിനും വിധേയമാവുന്നത്.

നിരന്തരമായ വേദപരിചയത്തിന്റെ അഭാവം ശുശ്രൂഷകളെ എത്രയധികമാണ് ബാധിക്കുന്നത്! പുതിയ വായനകൾക്ക് താത്പര്യമുണ്ടാകുന്നില്ല എന്നത് ഭീതിജനകമാണ്. വിദ്യാസമ്പന്നരായ ഒരു സമൂഹത്തിന്റെ മുന്നിൽ ഞങ്ങളുടെ അച്ചൻ ഇപ്പോഴും ഔട്ട്ഡേറ്റഡാണ് എന്ന അഭിപ്രായം കുറ്റപ്പെടുത്തലായല്ല മറിച്ച് സ്വയവിമർശനത്തിനും വിലയിരുത്തലിനും കാരണമാവണം. ഇതിന്റെയർഥം വൈദികർ എപ്പോഴും പുതിയ അറിവുകൾ പരതി ഇന്റർനെറ്റിന്റെ ചുവട്ടിൽ കുത്തിയിരിക്കുന്നവനും അടുത്ത നിമിഷം എന്താണ് സംഭവിക്കുന്നത് എന്നന്വേഷിച്ച് പരക്കം പായുന്നവനും ആകണമെന്നല്ല. മുൻഗണനകൾ, അതിൽ ഏതിന് മുൻഗണന നൽകണം priority of priority -എന്നത് മാത്രമാണ്.

വിശുദ്ധന്മാരായ ആചാര്യന്മാർ നടന്ന വഴികളിലൂടെയാണ് ബലഹീനനായ ഞാനും നടക്കേണ്ടത്/ നടക്കുന്നത് എന്ന ബോധ്യം നമ്മെ ഭരിക്കട്ടെ.

---

പുഴ കടന്ന് വന്ന്
നീയന്റെ
മുരളിക കൈയ്യേൽക്കും വരെയും
ഞാനിവിടെ നിന്നെ
പ്രതീക്ഷിച്ചു നിൽക്കുന്നു....

**-ടാഗോർ**

മലങ്കരസഭ

# പദപ്രശ്നം 23

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | | 6 |
| 7 | 8 | | 9 | | | |
| | 10 | | | | ■ | 11 |
| 12 | | | | 13 | | |
| | ■ | ■ | | | ■ | 14 |
| | ■ | 15 | | 16 | | |
| 17 | | | 18 | | 19 | |

## വലത്തോട്ട്

1. യഹൂദ രാജാവായ അഹസ്യാവിന്റെ മകൻ യോശാവ് എന്ന ശിശുവിനെ വാളിൽ നിന്നും രക്ഷിച്ച യോരാം രാജാവിന്റെ മകൾ (4)
5. പത്രോസ് എന്ന വാക്കിന്റെ അർത്ഥം (4)
8. വീഞ്ഞ് കുടിച്ചാൽ ഉണ്ടാകാവുന്ന ഒരു അവസ്ഥയായി ബൈബിളിൽ പറഞ്ഞിരിക്കുന്നത് (2)
9. യഹോവയുടെ കല്പന പ്രകാരം ഏലിയാവ് ദമ്മേശേക്കിന്റെ മരുഭൂമി വഴിയായി പുറപ്പെടുമെന്ന് അരാമിന്റെ രാജാവായി വാഴിച്ച ആൾ (4)
10. ലെബാനോനും..........മുകളും, ശെനീർ, ഹെർമ്മോൻ കൊടുമുടികളും വിട്ടുപോരുവാൻ കാന്തയോട് ആവശ്യപ്പെടുന്നു (ഉത്തമഗീതം) (3)
12. ആകമാന കത്തോലിക്കാ സഭയുടെ ആസ്ഥാനം (4)
13. ദൈവം തന്നതിനു നന്ദിയായി പഴയനിയമകാലം മുതൽ ദൈവത്തിനു നല്കിവരുന്ന പത്തിൽ ഒരു ഭാഗം (3)
15. മഴവില്ല് അടയാളമായി ലഭിക്കാൻ കാരണക്കാരനായ ആൾ (2)
16. എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന പട്ടക്കാരന് സ്ഥാനാഭിഷേകം ലഭിക്കുന്നതിനു മുമ്പ് ലഭിക്കുന്ന പൂർണ്ണ സന്യാസ സ്ഥാനം (3)
17. യിസ്രായേലിന്റെ മക്കളിൽ ഗാദിന്റെ പുത്രന്മാരിൽ കുടുംബം കുടുംബമായി പറഞ്ഞിരിക്കുന്നതിൽ ആറാമത്തെ കുടുംബം ഇവിടുന്നായിരുന്നു (3)
18. 3000 സദൃശ്യവാക്യങ്ങൾ പറഞ്ഞ ശലോമോന്റെ ജ്ഞാനം മഹലേലിന്റെ പുത്രനായ........യേക്കാൾ ശ്രേഷ്ഠമായിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു (2)
19. പൗലോസ് ശ്ലീഹായുടെയും കുരുടരുടേയും യാത്രയിൽ കപ്പൽച്ഛേദം ഉണ്ടായപ്പോൾ കടന്നുചെന്ന മെലീത്താ ഒരു .......... ആയിരുന്നു (2)

## താഴോട്ട്

2. പെട്ടകത്തിൽ നിന്നും പുറത്തിറങ്ങിയ നോഹ യഹോവയ്ക്ക്........ യാഗം അർപ്പിച്ചു (2)
3. ആദാമിന്റെ മൂന്നാമത്തെ പുത്രൻ (2)
4. നാലാം നൂറ്റാണ്ടിൽ പേർഷ്യയിലെ അസ്തർ രാജ്യത്തെ രാജകുമാരൻ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചു വിശുദ്ധനായിത്തീർന്നു. ഇദ്ദേഹത്തിനു സാറാ എന്നൊരു സഹോദരിയും ഉണ്ടായിരുന്നു (7)
5. ആശേരിന്റെ പുത്രന്മാരിൽ ബെരിയാമിന്റെ മക്കളിൽ ഹേബറിന്റെ പുത്രനായ യഫ്ളേത്തിന്റെ മൂത്ത പുത്രൻ (3)
6. ഭക്ഷണമല്ല.... അത്രെ ഞാൻ നിങ്ങൾക്ക് തന്നത് എന്ന് വചനം തന്നതിനെക്കുറിച്ച് പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു (2)
7. യോനാ പ്രവാചകനെ ധ്യാനിക്കുവാൻ 3 ദിവസത്തെ ഉപവാസ ദിനങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഇതിനു പറയുന്ന പേര് (5)
10. സക്കായി കയറിയിരുന്ന കാട്ടിൽ വളരുന്ന മരം (2)
11. പൂർണ്ണമായതു വരുമ്പോഴോ... ആയത് നീങ്ങിപ്പോകും (2)
13. സഭയിൽ സന്യാസിമാർ ഒരുമിച്ച് താമസിക്കുന്ന ഭവനത്തിന് പറയുന്ന സുറിയാനിപ്പേര് (3)
15. കായീൻ ഹാബേലിനെ കൊന്നതിനു ശേഷം അലഞ്ഞു തിരിഞ്ഞു നടന്ന സ്ഥലം (2)

## പദപ്രശ്നം-20, ശരിയുത്തരമയച്ചവർ

**വിജയി:- എലിസബത്ത് തോമസ് പത്തനാപുരം**

*ശരിയുത്തരം അയച്ചവരുടെ എണ്ണം വളരെ കൂടുതലായതിനാൽ പ്രസിദ്ധീകരിക്കാൻ സ്ഥലപരിമിതി മൂലം കഴിയുന്നില്ല. സദയം സഹകരിക്കുക.*
*- എഡിറ്റർ*

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
പദപ്രശ്നം,
മലങ്കരസഭ മാസിക
കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38

*ഉത്തരങ്ങൾ അയയ്ക്കേണ്ട*
*അവസാന തീയതി : 10-05-2011*

### പദപ്രശ്നം-20-ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 ബെ | സ് | 2 കു | ദി | ശ | 3 ഗീ | 4 ലോ |
| യ് | ■ | ന്തം | 5 യ | 6 ഹോ | വ | വീ |
| 7 ലി | ലി | 8 യോ | 9 ആ | 10 സ | ഗീ | സ് |
| നൊ | ■ | ഹ | 11 മേ | രെ | സ് | 12 യ |
| സ് | ■ | ന്ന | ൻ | 13 നി | സ | ൽ |
| 14 മൗ | ദ്യോ | 15 ന്നാ | 16 സോ | 17 യ | ഹ | ദോ |
| നം | ■ | ൻ | രാ | 18 മം | ദാ | ന |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:
ഫാ. തോമസ് മാത്യു, കൊട്ടാരക്കര
ഫോൺ: 9847555113)

# രാഷ്ട്രീയത്തിലെ വ്യക്തിബന്ധവും പ്രതിപക്ഷബഹുമാനവും



ഡോ. സിറിയക് തോമസ്
(മെംബർ, ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ)

വേനലിനോടൊപ്പം കേരളം തെരഞ്ഞെടുപ്പു ചൂടിലേക്കുകൂടി കടന്നിരിക്കുന്നു. മുന്നണികളും റിബലുകളും "കുലംകുത്തികളും" അപരന്മാരും റിബലുകളുമെല്ലാം വിജയത്തിനുവേണ്ടി മാത്രം സജീവമാകുന്ന കാലം രാഷ്ട്രീയം ഇത്രമേൽ 'പ്രൊഫഷണൽ' അല്ലാതിരുന്ന കാലത്തെ പൊതുജീവിതത്തിലും തെരഞ്ഞെടുപ്പിലും അന്നത്തെ നേതാക്കൾ കക്ഷിഭേദമില്ലാതെ പുലർത്തിയിരുന്ന മര്യാദയും സൗഹൃദവും പ്രതിപക്ഷബഹുമാനവും ഒക്കെ ആരേയും അത്ഭുതപ്പെടുത്തും.

പറയുന്നത് ചരിത്രമായതുകൊണ്ട് നമുക്ക് വൈസ്രോയിൽ നിന്ന് തുടങ്ങാം. വെല്ലിംഗ്ടൺ പ്രഭു മഹാകവി ടാഗോറിന്റെ ക്ഷണമനുസരിച്ച് ശാന്തിനികേതൻ സന്ദർശിക്കുവാൻ ചെന്നതായിരുന്നു. എല്ലാം ചുറ്റിനടന്ന് കാണവേ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ മുറികളും കാണണമെന്നായി വൈസ്രോയി. അപ്രതീക്ഷിതമായി വന്ന നിർദ്ദേശത്തിൽ അധികൃതർ അന്ധാളിച്ചു. ഭേദം പെൺകുട്ടികളുടെ മുറികളായിരിക്കുമെന്ന താരതമ്യത്തിൽ വൈസ്രോയിയെ അവർ അവരുടെ ഹോസ്റ്റലിലേക്കാണ് കൊണ്ടുപോയത്. കാണിക്കുവാൻ തയ്യാറാക്കപ്പെട്ട മുറിയിലേക്ക് ബുദ്ധിമാനായ വൈസ്രോയി കയറിയില്ല. അദ്ദേഹം മുന്നോട്ട് തന്നെ നടന്നു. ഏതോ ഒരു മുറിയുടെ മുന്നിൽ അദ്ദേഹം നിന്നു. ആ മുറി തുറക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അകത്ത് കയറിയവർ അത്ഭുതപ്പെട്ടു. മുറിയിൽ എല്ലാം കൃത്യമായ സ്ഥാനങ്ങളിൽ. പഴയ സാരികൾ കൊണ്ട് തയ്ച ജനാലകർട്ടനുകൾ. ഭംഗിയായി വിരിച്ചിട്ട കട്ടിലും കിടക്കയും. വസ്ത്രങ്ങളെല്ലാം അടുക്കിലും ചിട്ടയിലും. പഠനമേശയും അങ്ങിനെതന്നെ. താമസിക്കുന്ന വിദ്യാർത്ഥിയുടെ പേരെന്തെന്നായി വൈസ്രോയി. ടാഗോറിനത് നിശ്ചയമുണ്ടായിരുന്നില്ല. വാർഡൻ പറഞ്ഞു. "ഇന്ദിര പ്രിയദർശിനി" വൈസ്രോയിയും ഒരു നിമിഷം നിശബ്ദനായി നിന്നു. താൻ തടവിൽ വച്ചിട്ടുള്ള രാഷ്ട്രീയ പ്രതിയോഗിയായ ജവഹർലാൽ നെഹ്റുവിന്റെ മകൾ താമസിക്കുന്ന മുറി. തന്റെ എതിരാളിയുടെ മകളെക്കുറിച്ച് പ്രസന്നമുഖത്തോടെ വെല്ലിംഗ്ടൺ പ്രഭു ഒരു ആശിർവാദമെന്നോണം പറഞ്ഞു. "she will become great one day". വൈസ്രോയിയുടെ മനസിന്റെ മഹത്വം ഇന്ദിരയുടെയും ഇന്ത്യയുടെയും ഭാഗ്യമായി. പണ്ഡിറ്റ് ജീക്ക് അഭിമാനവും.

1960–കളിൽ എന്നോ ഒരു ദിവസം അന്നത്തെ ലോകസഭയിലെ പ്രതിപക്ഷനേതാവ് സ. എ.കെ. ഗോപാലനും ഭാര്യ സുശീലയും മുന്നോനാലോ വയസുള്ള മകളും ഡൽഹിക്കു പോകാൻ വിമാനത്താവളത്തിലെ വി.ഐ.പി. മുറിയിലേക്ക് കയറുമ്പോൾ കാണുന്നത് അതേ വിമാനത്തിൽ ഡൽഹിക്ക് പോകാനിരിക്കുന്ന അന്നത്തെ വ്യവസായ മന്ത്രിയും കോൺഗ്രസ് നേതാവുമായ കെ.എ. ദാമോദരമേനോനും ഭാര്യ ഷീല ദാമോദരമേനോൻ എം.എൽ.എ.യും അവർക്ക് നേരേ കൈകൂപ്പി വണങ്ങിക്കൊണ്ട് എ.കെ.ജി. മകളോട് പറഞ്ഞു, ദാമോദരനമ്മാവന്റെ കാൽ തൊട്ട് വന്ദിക്കൂ." എ.കെ.ജി.യുടെ മകളത് ചെയ്തു. ദാമോദരമേനോൻ ഇരുകൈകളും തന്റെ എതിൽ കക്ഷി നേതാവിന്റെ മകളുടെ തലയിൽ വച്ച് അനുഗ്രഹിക്കുകയും ചെയ്തു.

പണ്ഡിറ്റ് നെഹ്റുവിന്റെ എന്നത്തേയും എതിരാളി ആയിരുന്നല്ലോ സോഷ്യലിസ്റ്റ് നേതാവായിരുന്ന ഡോ. രാം മനോഹർ ലോഹ്യ. കുടുംബപരമായി തന്നെ എന്നും രാഷ്ട്രീയ എതിർചേരികളിൽ നിന്നവർ ഡോ. ലോഹ്യ അലഹബാദിൽ പ്രധാനമന്ത്രി നെഹ്റുവിനെതിരേ പാർലമെന്റിലേയ്ക്ക് മത്സരിക്കുന്ന സ്ഥിരം എതിരാളി. നിയമലംഘനങ്ങളുടെ പേരിൽ നെഹ്റുവിന്റെ സർക്കാർ ലോഹ്യയെ തടവിൽ പാർപ്പിക്കുന്നതും പതിവ്. വേനലായാൽ യു.പി. കാർക്ക് പ്രിയമുള്ളതാണ് ലക്നൗ മാമ്പഴം. ലോഹ്യയുടെ ബലഹീനതയും മാമ്പഴം തന്നെ. തന്റെ സർക്കാരിന്റെ തടവിൽ കിടക്കുന്ന ലോഹ്യക്ക് മാസക്കാലത്തെ നെഹ്റുവിന്റെ സമ്മാനം കൂടനിറയെ മാമ്പഴങ്ങൾ. രാഷ്ട്രീയത്തിനും അപ്പുറത്തുള്ള സൗഹൃദത്തിന്റെ മധുരം. ■

# ഒരൊറ്റ നിലപാട്

**അർഹമായ ഒരു കസേര അകാരണമായി നിഷേധിക്കപ്പെട്ടപ്പോഴും അയാൾ പരിഭ്രമിച്ചു വിവശനായി കണ്ടങ്ങൾ ചാണ്ടി തീണ്ടാപ്പാടകലേ നിർത്തിയവരെ പുണർന്ന് പുണ്യവാനായില്ല. അതാണ് ജോസഫ് എം. പുതുശ്ശേരി എന്ന കറ തീർന്ന ഓർത്തഡോക്സുകാരന്റെ നിലപാട്.**

## ശ്രീ. ജോസഫ് എം. പുതുശ്ശേരി



കേരള രാഷ്ട്രീയത്തിലെ സൗമ്യനാമമാണ് പുതുശ്ശേരിയുടേത്. നിയമസഭാ രേഖകളിൽ കലഹത്തിന്റെയും കയ്യാങ്കളിയുടെയും ചരിത്രമുണ്ടെങ്കിലും അതിരു വിടാത്ത ചിത്രമാണ് ജോസഫ് എം. പുതുശ്ശേരിയുടേത്, ഇക്കഴിഞ്ഞ രാഷ്ട്രീയ ചിത്രങ്ങളിൽ വരെ. കല്ലൂപ്പാറയുടെ മാനസപുത്രനായി, കേരള കോൺഗ്രസ്സിന്റെ സജീവ നേതാവായി ജനസേവനം തുടരുമ്പോവും കറയറ്റ സേവനവും, ചിന്തകളും സൂക്ഷിക്കുന്നൊരാൾ, തികഞ്ഞ മനുഷ്യസ്നേഹി പിറന്നുവീണ സംസ്ക്കാരത്തേയും മതചിന്തകളേയും ആത്മഹർഷത്തോടെ നോക്കിക്കാണുന്ന പുതുശ്ശേരി. രാഷ്ട്രീയ രംഗത്തെ മാന്യനായ നേതാവ്. ജോസഫ് എം. പുതുശ്ശേരിയുടെ ജനനം കലപ്പാറ തെക്കൻനാട്ടിൽ പുത്തൻവീട്ടിൽ റ്റി. എ. മാമ്മന്റേയും മറിയാമ്മയുടെയും പുത്രനായി 1959 ഏപ്രിൽ 28 നായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം പുതുശ്ശേരി എം.ജി.ഡി.എച്ച്.എസ്സിലായിരുന്നു. തിരുവല്ല മാർത്തോമ്മാ കോളേജിൽ പഠിച്ച് ബി.എ. ബിരുദം സമ്പാദിച്ചതിനശേഷം നിയമത്തിലും ബിരുദം നേടി. തുടർന്ന് സാമൂഹിക രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായി.
വിദ്യാർത്ഥിയായിരിക്കുമ്പോൾ കെ.എസ്.സി. പ്രവർത്തകനായിരുന്നു തുടർന്ന് വിവിധ പദവികളും ചുമതലകളും പുതുശ്ശേരിയെ തേടിവന്നു. അഖില കേരള ബാലജനസംഖ്യത്തിന്റെ വൈസ്പ്രസിഡന്റ്, കെ.എസ്.സി. സംസ്ഥാന ജനറൽ സെക്രട്ടറി അതിന്റെ തന്നെ പ്രസിഡന്റ്, കേരള യൂത്ത് ഫ്രണ്ടിന്റെയും K.T.U.C. യുടേയും സംസ്ഥാന ജനറൽ സെക്രട്ടറി കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡംഗം. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സെനറ്റംഗം വിവിധ ട്രേഡ് യൂണിയനുകളുടെ നേതാവ് മികവേറിയ സേവനങ്ങൾ...
ഇപ്പോൾ കേരള കോൺഗ്രസ് (എം) ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ് (എം) പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറി, ചീഫ് വിപ്പ്, ഔദ്യോഗിക വക്താവ് യു.ഡി.എഫ് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയംഗം തുടങ്ങിയ ചുമതലകൾ വഹിക്കുന്നു.
നിരണം ഭദ്രാസനത്തിലെ കല്ലൂപ്പാറ വലിയപള്ളി ഇടവകാംഗമായ ജോസഫ് എം. പുതുശ്ശേരി രാഷ്ട്രീയ രംഗത്തെ സജീവ പ്രവർത്തനങ്ങൾക്കിടയിലും സഭാ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ശ്രമിക്കുന്നുണ്ട്. മലങ്കരസഭാ മാനേജിംഗ്

കമ്മറ്റിയംഗമായും എം.ഒ.സി. കോളേജ് ഗവേണിംഗ് ബോർഡംഗമായും സേവനം നിർവ്വഹിച്ചിട്ടുണ്ട്. ജോസഫ് എം. പുതുശ്ശേരി 1991 ലും 2011 ലും 2006 ലും നിയമസഭാ സാമാജികനായി കല്ലൂപ്പാറയെ പ്രതിനിധീകരിച്ചു. കല്ലൂപ്പാറ മണ്ഡലത്തിൽ നിന്നുള്ള അവസാനത്തെ എം.എൽ.എ. എന്ന പദവിയും ഇനി ജോസഫ് എം. പുതുശ്ശേരിക്ക് സ്വന്തം

വായനയും സിനിമയും ഇഷ്ടപ്പെടുന്ന പുതുശ്ശേരി ഉത്തമനായ സഭാവിശ്വാസിയുമാണ്. അയിരൂർ ചെമ്പോത്തറയിൽ ലൈലിയാണ് സഹധർമ്മിണി. പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ മാമ്മൻ ജോസഫ്, ഇരട്ടകളായ മന്ന മറിയം ജോസഫ്, ചെറിയാൻ ജോസഫ് എന്നിവർ മക്കളാണ്. റ്റി. എം. അലക്സാണ്ടർ, സാറാമ്മ മാമ്മൻ, രേണു മാമ്മൻ എന്നിവർ സഹോദരങ്ങളുമാണ്.

അധികാര മോഹത്തിന്റെ രാഷ്ട്രീയ തന്ത്രങ്ങൾക്കൊപ്പം ഓടിത്തെളിയാത്ത ഒരാൾ. ബിയിൽ നിന്നും എമ്മിലേക്കു മാറിയതു ആദർശത്തിന്റെ അത്യഗ്നിയിൽത്തന്നെ.

സഭാ സേവനത്തിന്റെ പന്ഥാവിൽ വിളിപ്പുറത്തെ നാമം. എല്ലാ സഭാവേദികൾക്കും അലങ്കാരം. സഭ സമൂഹത്തിന്റെ പ്രകാശമാകണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു.

ഭിക്ഷാംദേഹികൾ കാട്ടിക്കൂട്ടുന്ന മുഖഭാവങ്ങൾ പുതുശ്ശേരിക്ക് യോജിക്കില്ല. സ്മിതവും, ഹാസവും, ശോകവുമെല്ലാം സ്വാഭാവികം തന്നെ ഇത് പൊതുജന സാക്ഷ്യം.

ഒടുവിൽ അർഹമായ ഒരു കസേര അകാരണമായി നിഷേധിക്കപ്പെട്ടപ്പോഴും അയാൾ പരിഭ്രമിച്ചു വിവശനായി കണ്ടങ്ങൾ ചാടി തീണ്ടാപ്പാടകലേ നിർത്തിയവരെ പുണർന്ന് പുണ്യവാനായില്ല. അതാണ് ജോസഫ് എം. പുതുശ്ശേരി എന്ന കറതീർന്ന ഓർത്തഡോക്സുകാരന്റെ നിലപാട്. ഇത്ര മാത്രം മനസ്സിലാക്കുക.

*റ്റിപ്പി & വി.വി.*





കൈക്കുടന്ന

# മാലാഖ

- ദൈവികമായ ഒരിടപെടലിന്റെ ആൾരൂപത്തെയാണ് മാലാഖയെന്ന് വിളിക്കുക. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ തരുന്നവരാണ് അവർ. കൂടുതൽ ശരികളിലേക്ക് കൈപിടിച്ച് നടത്തുന്നവർ. വിചാരങ്ങളുടെ വിശുദ്ധിക്ക് കാവൽ നില്ക്കുന്നവർ. വിണ്ണിന്റെ സന്ദേശങ്ങൾ മണ്ണിലോതുന്നവർ. ഭൂമിയുടെ മർമ്മരങ്ങളെ സ്വർഗ്ഗത്തിൽ എത്തിക്കുന്നവർ. ശരിക്കും, ഇതിനെല്ലാമപ്പുറം എന്തൊക്കെയോ കൂടെയാണ് മാലാഖമാർ.
- ഒരു ഗബ്രിയേലിന്റെ ഇടപെടലില്ലാതെ എങ്ങനെയാണ് ഉള്ളിൽ ക്രിസ്തു ഉരുവാകുക. മാലാഖമാർ സമ്മാനിക്കുന്ന സ്വപ്നങ്ങൾ ഇല്ലാതെ എങ്ങനെയാണ് യൗസേഫിനും നമ്മുക്കും ക്രിസ്തുവിന്റെ വളർച്ചയിൽ കൂടെയുണ്ടാവാനാവുക! ആരാണ് ഗബ്രിയേൽ? സുറിയാനി ഭാഷയിൽ പറയും 'ഗബറോദ് ആലോഹോ' അഥവാ 'ദൈവപുരുഷൻ' എന്ന്. തിരുവെഴുത്തിൽ അത്തരം വിശേഷണം ലഭിച്ച ചില മനുഷ്യരുണ്ട്. ഏലീയാവിനെയും ഏലീശായെയുമൊക്കെ പോലെ. ആസുരമായ പെരുമാറ്റങ്ങൾക്കൊണ്ട് നരകം തീർക്കുന്ന മനുഷ്യരുടെ കാലത്ത് ദൈവീകമായ ഇടപെടലുകൾക്ക് ധൈര്യം കാട്ടുന്നവരെയാവും മാലാഖമാരെന്ന് വിളിക്കാനാവുക. നമ്മുടെ പകർപ്പുകളുടെ പരിസരങ്ങളിൽ എണ്ണ വറ്റിയ കലശങ്ങളും മാവ് തീർന്നുപോയ പാത്രങ്ങളും ഉണ്ടാവും. ചില വീടുകളിൽ അമ്മയും മകനും തമ്മിലുള്ള ബന്ധം മരിച്ചിട്ടുണ്ടാവും. ഉവ്വ്, നമുക്ക് ചില കർത്തവ്യങ്ങളുണ്ട്, നമ്മുടെ ചുറ്റുപാടുകളെ നന്മകൾകൊണ്ട് നിറയ്ക്കാനും മൃതമായ ബന്ധങ്ങളെ ഉയിർത്തെഴുന്നേല്പ്പിക്കാനും.
- "നേരോടെ ന്യായം പാലിക്കുകയും ഓരോരുത്തൻ താന്താന്റെ സഹോദരനോട് ദയയും കരുണയും കാണിക്കുകയും ചെയ്‌വീൻ. വിധവയെയും അനാഥനെയും പരദേശിയെയും ദരിദ്രനെയും പീഡിപ്പിക്കരുത്; നിങ്ങളിൽ ആരും തന്റെ സഹോദരന്റെ നേരെ ഹൃദയത്തിൽ ദോഷം നിരൂപിക്കുകയും അരുത്" (സഖറിയാ 7:9,10). ദൈവശബ്ദത്തിന് ചെവികൊടുക്കാതെ ദുശ്ശാഠ്യം കാട്ടുകയും ഹൃദയത്തെ വജ്രംപോലെ കടുപ്പമാക്കുകയും ചെയ്ത ജനത്തെ യഹോവ ജാതികളുടെ ഇടയിൽ പാറ്റിക്കളയുന്നു. അങ്ങനെ അവർ മനോഹരദേശത്തെ ശൂന്യമാക്കിക്കളഞ്ഞുവെന്നാണ് തിരുവചനം. ദൈവരാജ്യത്തിന്റെ വശ്യതയെ തകർക്കുന്ന നമ്മുടെ ഇച്ഛാബലമില്ലായ്മയെ ഓർത്ത് അനുതപിക്കണം. ശൂന്യമാക്കുന്ന മ്ലേച്ഛതകൾക്ക് അറുതിയുണ്ടാവണം.
- ഗുരുകുലം. സഹപാഠികൾക്കെല്ലാം ഒരു ശിഷ്യനെക്കുറിച്ച് പരാതി. 'ഗുരോ, ഇവൻ മോഷ്ടാവാണ്. ഇവനെ പറഞ്ഞുവിടാതെ ഞങ്ങൾ ഇനി ഇവിടെ പഠിക്കില്ല'. ഗുരു എല്ലാവരെയും ചേർത്ത് നിർത്തി. കുറ്റമാരോപിക്കപ്പെട്ടവൻ തെറ്റ് ഏറ്റുപറഞ്ഞു. ഗുരു പരിഹാരം നിർദ്ദേശിച്ചു. "വാത്സല്യ കുഞ്ഞുങ്ങളെ, നിങ്ങൾക്കറിയാം മോഷ്ടിക്കുന്നത് തെറ്റാണെന്ന്; നന്മയും തിന്മയും തിരിച്ചറിയുന്നുമുണ്ട്. എന്നാൽ ഇവന്റെ പഠിപ്പ് നിങ്ങളുടെ അത്രയും നന്നായിട്ടില്ലല്ലോ! നിങ്ങൾക്ക് വേണമെങ്കിൽ വീടുകളിലേക്ക് മടങ്ങാം. ഇവൻ എന്റെയൊപ്പം നിന്ന് പഠനം തുടരട്ടെ." ഗുരു ദൈവമാകുന്നത് ഇത്തരം ചില പാഠങ്ങൾ തരുമ്പോഴാണ്. മാനുഷിക വിധികൾക്കപ്പുറമാണ് ദൈവീകനീതിയെന്ന് വിസ്മരിക്കരുത്.
- മാലാഖയുടെ കൂട്ടുണ്ടാവണം എല്ലായ്പ്പോഴും. തമ്പുരാന് അങ്ങനെയായിരുന്നല്ലോ. ജനനസമയത്ത് എന്തൊരു ആർപ്പുവിളിയാണ്. നോമ്പുകാലത്ത് തനിച്ചിരിക്കുമ്പോൾ കൂട്ടിനെത്തി ശുശ്രൂഷിക്കുകയാണ്. ഗത്സമേനയിലെ സങ്കടത്തിൽ ചേർന്ന് നില്പ്പുണ്ട്. കുരിശുമരണത്തിങ്കൽ പ്രാർത്ഥനയർപ്പിക്കുന്നുണ്ട്. കല്ലറ സൂക്ഷിക്കുന്നതും മാലാഖ തന്നെയാണ്. സ്വർഗ്ഗാരോഹണത്തിൽ എത്രയധികം ആനന്ദമാണ് അവർക്ക്. സത്യത്തിൽ, തമ്പുരാനെ പിരിഞ്ഞ് ഒരു നിമിഷം പോലുമിരിക്കാൻ മാലാഖമാർക്കാവുന്നില്ലല്ലോ! മനുഷ്യപുത്രന്മാർക്കെല്ലാം ഒരു മാലാഖയുടെ കൂട്ടുണ്ടാവുമെന്ന് പറഞ്ഞതും തമ്പുരാനാണ്.

**- സഖേർ**




## സ്വർഗ്ഗീയ അനുഭവം

എല്ലാവരെയുംപോലെ ജാൻസിയുടെ മാതാപിതാക്കളും അവളെ CBSE School -ൽ പഠിപ്പിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ സാമ്പത്തിക പ്രശ്നങ്ങൾ കാരണം അവരുടെ ആഗ്രഹം മാറ്റിവെച്ചു. ദുരിതങ്ങളുടെ ഇടയിലുള്ള അവരുടെ ജീവിതത്തിൽ ആ ആഗ്രഹം ഒരു സാങ്കല്പികമായിത്തീർന്നു. ജാൻസിയുടെ മനസ്സിലും ആ ആഗ്രഹം പൂവണിയാതെ ഇരുന്നില്ല... പക്ഷേ എന്തു ചെയ്യാൻ!!

എന്നിട്ടും പഠിക്കുന്ന കുട്ടിയായതിനാൽ ആ പിതാവിന് മകളുടെ ആവശ്യം നിരസിക്കാൻ കഴിഞ്ഞില്ല ദിവസവും കൂലിവേലയ്ക്ക് പോയി, മകളെ സി.ബി.എസ്.ഇ. സ്ക്കൂളിൽ ചേർത്തു. ഏഴാം ക്ലാസ്സ് വരെ സ്റ്റേറ്റ്സിൽ പഠിച്ചതു കാരണം ഇംഗ്ലീഷ് പറയാനും, പഠിക്കാനും, കുറച്ചു ബുദ്ധിമുട്ട് അനുഭവിച്ചെങ്കിലും തോറ്റ് പിന്മാറാൻ അവൾ ഒരുക്കമല്ലായിരുന്നു.

എങ്കിലും ഇവിടെ അവൾ ശരിക്കും ഒറ്റപ്പെടുക ആയിരുന്നു. ആ ക്ലാസ്സിൽ തീരെ മോശമായ ഭവനത്തിൽ നിന്നും വന്നത്



ജാൻസി ആയിരുന്നു. മറ്റുള്ളവർ വളരെ പ്രൗഢിയോടെ കാറിലും മറ്റും വരുമ്പോൾ ജാൻസി പലരുടെയും സഹായത്താലാണ്

## വരക്കളരി



ബ്ലസ്സൺ സാംസൺ ഏബ്രഹാം
നെല്ലിക്കൽ, കോയിപ്പുറം



കവിത

## കരുണ തേടി

ഒറ്റപ്പെടലിൻ അനുഭവം അറിഞ്ഞു ഞാൻ
ജീവിതത്തിൽ വേദന അറിഞ്ഞു ഞാൻ
ഒന്നു പൊട്ടിക്കരയുവാൻ
നെഞ്ചോട് ചേർക്കുവാൻ
നീ മാത്രം എൻ യേശുവേ
വേദന മാത്രം നിറഞ്ഞ എൻ ജീവിതത്തിൽ
സന്തോഷം തരാൻ നീ മാത്രം
നീ ഇല്ലാതെ മറ്റാർ എനിക്ക്
എൻ ദുഃഖങ്ങൾ പങ്കിടാൻ നീ മാത്രം
എൻ കണ്ണീർ ഒപ്പാൻ നീ മാത്രം
നീയില്ലാത്ത ഒരു ജീവിതം, കടലിൻ തിരമാല പോലെ
എന്നും കൂട്ടായ് നീ മാത്രം
നീ മാത്രം യേശുവേ....!

**ഷീലു മറിയം ബിജു, മണപ്പള്ളി**

നിങ്ങൾക്കറിയാമോ ▸▸

## മേശ കഴിക്കുക

മേശ എന്ന പദം മേശയിൽ ഒരുക്കുന്ന വിരുന്നിനെ സൂചിപ്പിക്കുന്നു. കർത്തൃമേശ എന്നു പറയുന്നത് യേശുക്രിസ്തു അന്ത്യമായി ശിഷ്യരുമൊത്ത് നടത്തിയ അത്താഴമാണ്. മേൽപ്പട്ടക്കാർ കഴിക്കുന്ന ഭക്ഷണത്തിനു "മേശ" എന്ന് ബഹുമാന സൂചകമായി പറയാറുണ്ട്.

സ്ക്കൂളിൽ വന്ന് കൊണ്ടിരുന്നത് മറ്റുള്ള കുട്ടികൾ അത് പറഞ്ഞ് അവളെ കളിയാക്കാൻ തുടങ്ങി. അവർ അവളെ വിളിച്ചിരുന്നത് "Cultureless girl" എന്നാണ്. അവൾക്ക് വിഷമം തോന്നിയെങ്കിലും ഒന്നും കാര്യമാക്കിയില്ല. എല്ലാം ഒരു പുഞ്ചിരിയോടെ നേരിടുമായിരുന്നു. അവളുടെ പരാതികളും, പരിഭ്രമങ്ങളും എല്ലാം പൊന്നുതമ്പുരാനോടു പറയുകയും, മുടങ്ങാതെ പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ആ പൊന്നു തമ്പുരാൻ മാത്രമായിരുന്നു അവളുടെ പ്രിയപ്പെട്ട സുഹൃത്തും വഴികാട്ടിയും. അവൾക്ക് ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു. "നല്ല മാർക്കോടെ പാസാകണം. ഒരു ജോലി നേടണം, തന്നെപ്പോലെ ഉള്ള കുട്ടികളെ സഹായിക്കണം."

ജാൻസിയെ പഠിപ്പിക്കാൻ അവളുടെ മാതാപിതാക്കൾ ഒരുപോലെ കഷ്ടപ്പെട്ടു കാശുണ്ടാക്കി എന്നിട്ടും സ്ക്കൂൾ ചിലവ് വഹിക്കാൻ കഴിഞ്ഞില്ല. എല്ലാ മേഖലകളിലും മിടുക്കിയായിരുന്നതിനാൽ അവളെ സഹായിക്കാൻ ദൈവദൂതനെപ്പോലെ ഒരാൾ എത്തി. തന്റെ മകളെ പഠിപ്പിച്ച്, വലിയനിലയിൽ എത്തിക്കണമെന്ന് ആഗ്രഹിച്ച് ജോണിനും, സാറായ്ക്കും ഈ well-wisher ഒരു സഹായമായി.

എല്ലാ പ്രതിബന്ധങ്ങളെയും നേരിട്ട്, ജാൻസി Distinction-നോടെ +2 പാസ്സായി. നല്ല മാർക്കു ഉണ്ടായതിനാൽ തുടർന്ന് പഠിക്കാനും ഒരു തടസ്സവും ഉണ്ടായില്ല. അങ്ങനെ ഉപരിപഠനത്തിനുപ്പോയി. അവളുടെ പ്രതീക്ഷയ്ക്ക് അപ്പുറത്തായിരുന്നു, അവൾക്കു കിട്ടിയ ഓരോ അംഗീകാരങ്ങളും സ്ഥാനമാനങ്ങളും ഇന്ന് ആ cultureless girl എല്ലാവരെയും നയിക്കുന്ന District Collector ആണ്...

ഏത് പ്രതിബന്ധങ്ങളെയും നേരിടാൻ ഒരു ലക്ഷ്യബോധവും, പ്രാർത്ഥനയും ഉണ്ടായാൽ മതി.... "ലക്ഷ്യം നമ്മളെ ജ്വാലയായ് പ്രകാശിപ്പിക്കും".

**സ്റ്റെഫി ആൻ ജേക്കബ്**

## വചനപാത...

ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു.
(വി. മത്താ. 13:4)

**അലീന ഉമ്മൻ, കുന്നിക്കോട്**

# കുട്ടിത്തമാശ

## ലോ-കപ്പ്

ഒരു ഫുട്ബോൾ മത്സരത്തിൽ വിജയിയായ മനുവിനോട് ഫുട്ബോൾ ക്യാപ്റ്റൻ ചോദിച്ചു.

ക്യാപ്റ്റൻ: ഫുട്ബോൾ ജേതാവായ താങ്കൾക്ക് ഏതു തരം കപ്പാണ് വേണ്ടത്. ലോക കപ്പോ, ഇന്ത്യാ-കപ്പോ?

മനു : സർ എനിക്ക് ലോക കപ്പും വേണ്ട ഇന്ത്യ കപ്പും വേണ്ട എനിക്ക് വേണ്ടത് ലോ-കപ്പാണ്.

- നെഹസാവ്, കുന്നിക്കോട്

* * * * * *

## കരച്ചിൽ

കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നത് കണ്ട റോസമ്മയോട് വികാരിയച്ചൻ.

: എന്തുപറ്റി റോസമ്മേ

റോസമ്മ: ചിന്നമ്മയുടെ കാര്യം ഓർത്തപ്പോൾ കരച്ചിൽ വന്നു.

വികാരി: പടിഞ്ഞാറ്റേലെയാണോ? അവർക്ക് എന്തുപറ്റി.

റോസമ്മ: അവൾക്കല്ല. സീരിയലിലെ ചിന്നമ്മയുടെ കാര്യമാ.


- റിജോ രാജു, കടമ്പനാട്

## കഥ

## ചോദ്യാവലി

ഒരിക്കൽ തിരുമേനി പള്ളി സന്ദർശനത്തിനായി പള്ളിയിൽ എത്തി ഇടവക്കാർ തിരുമേനിയെ ആദരവോടെ സ്വീകരിച്ചു. തിരുമേനി പള്ളിയിൽ എത്തിയപ്പോൾ പള്ളി അലംകൃതമായ അന്തരീക്ഷമായിരുന്നു. തിരുമേനിക്ക് സന്തോഷമായി. തിരുമേനി വിചാരിച്ചു. ഇവിടത്തെ ഇടവകക്കാരുടെ പെരുമാറ്റവും സ്വഭാവവുമൊക്കെ നല്ലതാണെന്ന് തിരുമേനിക്ക് മനസിലായി. തിരുമേനി കുർബ്ബാന അർപ്പിച്ചു. കുർബാനയിലെ ക്വയറിന്റെ പ്രകടനവും തിരുമേനിക്ക് ഇഷ്ടപ്പെട്ടു. അതുപോലെ ഇവിടത്തെ ജനങ്ങൾക്ക് ഭംഗിയായി കുർബാന ചൊല്ലാനും വേദപുസ്തകത്തിലും അറിവ് ഉണ്ടെന്ന് തിരുമേനിക്ക് മനസിലായി. അപ്പോൾ തിരുമേനി വിചാരിച്ചു ഇവിടെ ചിലരെ കാണാം. ഇവരുടെ അറിവുകൾ പരിശോധിക്കാനും എനിക്ക് അറിയാത്ത കാര്യങ്ങൾ പറഞ്ഞ് തരുകയും ചെയ്യുമെന്ന് തിരുമേനിക്ക് മനസിലായി. അങ്ങനെ തിരുമേനി വികാരിയച്ചനോട് കാര്യം ഉണർത്തി. അച്ചൻ ചിലപ്രമാണികളെ വരുത്തി. അവരുടെ നോട്ടവും ഭാവവുമൊക്കെ തിരുമേനിയെ സ്വാധീനിച്ചു. അച്ചൻ 5 പേരെ വിളിച്ചു. അവരോട് തിരുമേനി ചോദ്യങ്ങൾ ആരംഭിച്ചു. ആദ്യം ചോദിച്ചത് രാജനോടായിരുന്നു ചോദ്യം 1 പള്ളിയിൽ ധൂപം വീശുന്നത് എന്തുകൊണ്ട്? രാജൻ കേട്ടപാടെ ഉത്തരം നൽകി. പള്ളിയിലെ കൊതുകിനെ പുകയ്ക്കാൻ തിരുമേനി ഒന്നു ഞെട്ടി. അടുത്ത ചോദ്യം മത്തായിയോടായിരുന്നു ചോദ്യം. മാമോദീസായിൽ തണുത്ത വെള്ളത്തിൽ ചൂടുവെള്ളം കലർത്തുന്നത് എന്തുകൊണ്ട്? ഉടനെ മത്തായി ഉത്തരം പറഞ്ഞു. കുഞ്ഞിന് കിടുങ്ങൾ ഉണ്ടാകാതിരിക്കാൻ. എന്നാൽ തിരുമേനി പള്ളി ശുശ്രൂഷകൻ ശമുവേലിനോട് ചോദിച്ചു ചോദ്യം. കുർബാന പടിഞ്ഞാറോട്ട് വരുമ്പോൾ എങ്ങനെയാണ് വരുന്നത്. ഉടനെ ശമുവേൽ വെടിപൊട്ടിക്കുന്നതുപോലെ ഉത്തരം പറഞ്ഞു. അച്ചൻ വിലങ്ങ് വച്ചോണ്ടാണ് വരുന്നത്. തിരുമേനി അലക്സിനോട് ചോദിച്ചു. തുബ്ദേൻ എന്ന വാക്കിന്റെ അർത്ഥം. ഉടനെ അലക്സ് ഉത്തരം നൽകി. ഇരിപ്പ് എന്നാണ് തിരുമേനി ശരി. അടുത്ത ചോദ്യം ബാബുവിനോട് . സ്ലൂസോ എന്ന അർത്ഥം? ഉടനെ ബാബു ഉത്തരം നൽകി അപ്പുറുത്തെ വീട്ടിലെ സൂസിയെ വിളിക്കുന്ന പേരാണ് സ്ലൂസോ. തിരുമേനിക്ക് ഒരു കാര്യം പിടികിട്ടി. ഇവർക്ക് ഒരു ചുക്ക്പോലും അറിയില്ല. തിരുമേനി വിഷാദനിരതനായിയാത്രയായി.

**ബെൻ തോമസ്, പട്ടം**




# St. George Orthodox Syrian Church
## Akurdi-Chinchwad, Pune




## വിശുദ്ധ ഗീവർഗീസ് സഹദായുടെ
# ഓർമ്മപ്പെരുന്നാൾ

**മെയ് 8 മുതൽ 12**

**വി. മൂന്നിന്മേൽ കുർബ്ബാന**
**ഭക്തിനിർഭരമായ റാസ**
**ഗാനശുശ്രൂഷ**
**വചന ശുശ്രൂഷ**
**സാധുജനസഹായം**
**വെച്ചൂട്ട്**
**ആശിർവാദം**



**മുംബൈ ഭദ്രാസനാധിപൻ
ഡോ. ഗീവർഗീസ് മാർ കൂറിലോസ് തിരുമനസ്സിന്റെ
പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.**

## യാത്രാമംഗളങ്ങൾ



ഈ ഇടവകയിൽ മൂന്ന് വർഷം സേവനമനുഷ്ഠിച്ച് ഇടവകയ്ക്ക് അനേക വർഷങ്ങളുടെ പുരോഗതി നേടിത്തന്ന ഞങ്ങളുടെ എല്ലാമായ സിബി അച്ചന് അഭി. തിരുമേനിയുടെ അധ്യക്ഷതയിൽ മെയ് 12-ന് യാത്രയയ്പ്പു നൽകുന്നു.



# ജീവിത പാഠങ്ങൾ പകർന്ന കരുത്തുമായി...

**കേരളാ യൂണിവേഴ്സിറ്റി ഗവേഷണ വിദ്യാർത്ഥിയായ റെനിഷിന് പിന്നിട്ട വഴികൾ ഒരു കഥാപുസ്തകം പോലെ മാസ്മരികം... ഇനി ലക്ഷ്യം സിവിൽ സർവീസ്**

എട്ടിൽ പടിക്കുമ്പോഴോ... അതോ ഒമ്പതിലോ തന്റെ ഒരു ബന്ധുവിനോട് റെനീഷ് ടൂഷൻ ഫീസ് ചോദിച്ചു...

കടുത്ത സാമ്പത്തിക പ്രതിസന്ധി; സഹായിക്കാൻ മറ്റാരുമില്ല വലിയ പ്രതീക്ഷകളോടാണ് ചോദിച്ചത്... പക്ഷേ ചോദിച്ചത് അബദ്ധമായിപ്പോയെന്ന് ഉടനേ മനസ്സിലായി.

ഹൃദയവിശാലതയില്ലാത്ത 'വല്യ' ആളുകളുടെ മുന്നിൽ ഇനി മേലാൽ കൈ നീട്ടാനിടയാകരുതേ എന്ന് ആ കൊച്ചു ഹൃദയം പ്രാർത്ഥിച്ചു...

ദേവാലയത്തിന്റെ ഇരുണ്ട കോണിലിരുന്നു പ്രാർത്ഥിച്ച റെനിഷിന്റെ കൺകോണുകളിലെ നനവ് ദൈവം നിശ്ചയമായും കണ്ടിരിക്കണം...

നിശ്ചയമായും!

* * * *

ദൃഢനിശ്ചയവുമായി ചുവടുവച്ച അവൻ പിന്നീട് മുഖം കുനിച്ചില്ല, അല്ലെങ്കിൽ കുനിക്കേണ്ടി വന്നിട്ടില്ല എന്നു പറയുന്നതാകും വാസ്തവം. S.S.L.C. പരീക്ഷയ്ക്ക് 93% മാർക്കു വാങ്ങി ഉന്നത വിജയം നേടി ഇടവക മെത്രാപ്പോലീത്തായ്ക്ക് കാണാൻ ചെങ്ങന്നൂർ ബഥേൽ അരമനയിലെത്തിയപ്പോൾ അദ്ദേഹമാണ് തുടർന്നുള്ള വഴികൾ ഉപദേശിച്ചു തന്നത്.

"നീ പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഹ്യുമാനിറ്റീസിനു ചേരണം നിനക്ക് വ്യത്യസ്തമായൊരു ഭാവിയാണുള്ളത്..."

തിരുമേനിയുടെ വാക്കുകൾ ശിരസാ വഹിച്ചുകൊണ്ട് റെനീഷ് തുടർപഠനം ആരംഭിച്ചു പ്ലസ്ടുവിന് 4-ാം റാങ്ക് നേടി 90% മാർക്കോടെ. തുടർന്ന് ഡിഗ്രി കോഴ്സിന് പൊളിറ്റിക്കൽ സയൻസ് എടുത്തു പഠിച്ചു 70% മാർക്കോടെ അതും പാസായി. പൊളിറ്റിക്സിൽ തന്നെ ഉപരിപഠനം MA പൊളിറ്റിക്സിൽ 22-ാം റാങ്ക്....

പിന്നിട്ട പാതകകളിലെ ദൈവസാന്നിദ്ധ്യം ഓർത്തുകൊണ്ട് വാചാലനാവുകയാണ് റെനീഷ്.

"പ്രോത്സാഹിപ്പിച്ച, കൈത്താങ്ങൽ നല്കിയ ചിലരെങ്കിലും എനിക്ക് മറക്കാനാകില്ല പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ, അത്താനാസിയോസ് തിരുമേനി, ക്രിസോസ്റ്റമോസ് തിരുമേനി, ലോക്കൽ ഗാർഡിയനായിരുന്ന ട്രാൻസ്പോർട്ട് കമ്മീഷണർ രവി അങ്കിൾ ആർട്ടിസ്റ്റ് സജി അങ്കിൾ"

"ലോട്ടറി ബിസിനസ് നടത്തി പപ്പ വീട്ടിലെ കാര്യങ്ങൾ ഭംഗിയായി നിർവ്വഹിച്ചിരുന്നു. ഇപ്പോൾ വന്ന ലോട്ടറി നിരോധനം ഞങ്ങൾക്ക് 'ഭാഗ്യം' വേണ്ടപോലെ തരുന്നില്ല..." അർത്ഥഗർഭമായ ഒരു ചിരിയിലൂടെ റെനീഷിന്റെ കമന്റ്!

ചെങ്ങന്നൂർ തുണ്ടിയിൽ പുത്തൻപുരയിൽ റ്റി.എസ്. അലക്സാണ്ടറുടെയും, മേഴ്സിയുടെയും മൂത്ത മകനാണ് റെനീഷ്. ഏക സഹോദരൻ റോണി ബി.കോം. വിദ്യാർത്ഥി. ചെങ്ങന്നൂർ ബഥേൽ അരമനപ്പള്ളി ഇടവകാംഗം.

പരാധീനതകൾക്കിടയിലും വീട്ടിലെ ജോലികളും സ്വകാര്യ ട്യൂഷനും നടത്തി കൈത്താങ്ങാകുകയാണ് റെനീഷിന്റെ മാതാവ് ഡെയ്സി. MA വരെ പഠിച്ചതിന്റെ അറിവ് ട്യൂഷനിലൂടെ പകർന്നുകൊണ്ട് റെനീഷിന്റെ പഠനത്തിന് വലിയ പ്രോത്സാഹനമാണ് അമ്മ നല്കുന്നത്.

"സത്യത്തിൽ എന്റെ വളർച്ചയ്ക്കു പിന്നിലെ ശക്തി എന്റെ അമ്മയുടെ കണ്ണീരും പ്രാർത്ഥനയുമാണ്". റെനീഷ് പറഞ്ഞു നിർത്തുന്നു.

കേരള യൂണിവേഴ്സിറ്റി നടത്തിയ എൻട്രൻസിൽ മികച്ച മാർക്കോടെ പാസായി, ഡോക്ടറൽ ഗവേഷണം നടത്തുകയാണ് റെനീഷ് ഇപ്പോൾ. പക്ഷേ ലക്ഷ്യം ഇപ്പോഴും സിവിൽ സർവീസ് തന്നെ. ജീവിതം പഠിപ്പിച്ച പാഠങ്ങൾ ചവിട്ടിക്കയറിയ ഒരു വിജ്ഞാനദാഹിയുടെ ഉറച്ച ലക്ഷ്യബോധം.

*(സ്റ്റാഫ് റിപ്പോർട്ടർ)*



## പ. ബാവായുടെ ഡൽഹി സന്ദർശനം



**പ്രഥമ വനിതയ്ക്ക് മലങ്കരയുടെ പൂച്ചെണ്ടുകൾ**

പരിശുദ്ധ ബാവാ തിരുമേനി ഡൽഹിയിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീലിനെ സന്ദർശിക്കുന്നു. ഡോ. യൂഹാനോൻ മാർ ദിമത്രയോസ്, വന്ദ്യ വൈദീക ശ്രേഷ്ഠർ, പ്രതിനിധികൾ സമീപം.



**ഭാരതത്തിന്റെ പുണ്യ ഭൂമിയിൽ നാം...**

പരിശുദ്ധ കാതോലിക്കാബാവായും പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗും, ഡൽഹി സഹായ മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദിമത്രയോസും സൗഹൃദ സംഭാഷണത്തിൽ

## വൈദിക സംഘം ഭാരവാഹികൾ



സെൻട്രൽ സോൺ കോ-ഓർഡിനേറ്റർ ഫാ. വർഗീസ് കളീക്കൽ പത്തനംതിട്ട



നോർത്ത് സോൺ കോ-ഓർഡിനേറ്റർ ഫാ. സണ്ണി പുളിക്കക്കുടിയിൽ.



സൗത്ത് സോൺ കോ-ഓർഡിനേറ്റർ ഫാ. ജേക്കബ് സി. ഫിലിപ്പ്

## ഭദ്രാസന ഉദ്ഘാടനവും സുന്ത്രോണീസോയും

### ജോഷ്വാ മാർ നിക്കോദിമോസ് പ്രഥമ ഇടയൻ



**നിലയ്ക്കൽ:-** മലങ്കരയുടെ പുണ്യ ഭൂമിയായ നിലയ്ക്കലിൽ പരിശുദ്ധ സഭയ്ക്ക് ഒരു പുതിയ മെത്രാസനം. നിലയ്ക്കൽ എന്ന അഭിധാനത്തോടുകൂടി 2011 ഏപ്രിൽ 2 ശനിയാഴ്ച ഭദ്രാസനം ഉദ്ഘാടനം ചെയ്യപ്പെട്ടു.

ഭദ്രാസനത്തിന്റെ പ്രഥമ ഇടയൻ അതിന്റെ സ്വന്തം മണ്ണായ റാന്നി ആശ്രമ സുപ്പീരിയറായിരുന്ന അഭി. ജോഷ്വാ മാർ നിക്കോദിമോസ്.

ഏപ്രിൽ 2-ന് ഹോളി ട്രിനിറ്റി ആശ്രമ ചാപ്പലിൽ വി. കുർബ്ബാനയും തുടർന്ന് പുതിയ ആസ്ഥാന മന്ദിരമായ സെന്റ് തോമസ് അരമനയുടെ കൂദാശയും. 1.30 P.M.-ന് സുന്ത്രോണീസോ ശുശ്രൂഷയും പ. ബാവാ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. 2-ന് പൊതുസമ്മേളനം, അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, മാർ മാത്യു അറയ്ക്കൽ, അഭി. ഗീവർഗീസ് മാർ അത്താനാസിയോസ്, റൈറ്റ്. റവ. തോമസ് സാമുവേൽ, റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ, ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. ഉമ്മൻ ചാണ്ടി ശ്രീ. ജോസ് ബേബി, ശ്രീ. ആന്റോ ആന്റണി, ശ്രീ. രാജു ഏബ്രഹാം, ശ്രീ. ജോസഫ് എം. പുതുശ്ശേരി, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് , വി.റ്റി. ജോസഫ് കോർഎപ്പിസ്ക്കോപ്പാ, ഫാ. ഷൈജു കുര്യൻ വട്ടഴിയിൽ (ഭദ്രാസന സെക്രട്ടറി) തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

## പാവനസ്മരണയ്ക്ക് മുമ്പിൽ
ആദരാഞ്ജലികൾ



ഒരു വിശ്വാസി

## 40-ാം ചരമദിനം
30-3-2011



**ശോശാമ്മ വർഗീസ് (65)**
(പൊന്നു)
C/o വി.ഒ. വർഗീസ്
**വേളശേരി വടക്കേതിൽ**
**പാലക്കാട് പി.ഒ., ഇടക്കര-679331**
**ഫോൺ-04931-278113**

*"നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*

എന്ന്
*സന്തപ്ത കുടുംബാംഗങ്ങൾ*

*For Favours Received*




T. G. Varghese & Family
Thevarakattil Palapoika Sam Villa

## ST. MARY'S EMBROIDERY
**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO**

**0481-2425444,**
**Res. 2724224, 2727788**
**(Mob.) 9447136388**



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**

## വിശുദ്ധനാട് തീർത്ഥാടനം

അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദത്തോടെ വന്ദ്യ വൈദികരുടെ നേതൃത്വത്തിൽ യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ സ്ഥലങ്ങളിലേക്ക് എല്ലാ മാസവും യാത്ര പുറപ്പെടുന്നു.

**എല്ലാ ചിലവുകളും ഉൾപ്പെടെ 59,900/-**
**2011 ഏപ്രിൽ - 19 & 26, മെയ് - 16 & 27**

**പ്രത്യേകതകൾ:**

* കുറഞ്ഞ യാത്രാ ചിലവ്
* വൈദികരുടെ നേതൃത്വം
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം

**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Saji Sam
9496326768, 9447593801

**JORDAN VALLY TOURS & TRAVELS**
**Munjavilayil Building, Mallassery P.O.**
**Pathanamthitta, Kerala**
**Email: jordanvallytours@hotmail.com**




## ബലിവേദിയിലെ സാറാഫുകൾ

വി. മദ്ബഹായിൽ പ്രവേശിക്കുന്ന കുഞ്ഞുങ്ങൾക്കും, ശുശ്രൂഷയിലെ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർക്കും ഒരുത്തമ വഴികാട്ടി.

വില : 70 രൂപ ■

## വിശ്വാസ നിക്ഷേപം

ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റി ഒരു ലഘുപഠനം. പ്രത്യേകിച്ചും അനുഷ്ഠാനപ്രധാനമായി സഭയിൽ ഉന്നയിക്കപ്പെടാവുന്ന ചോദ്യങ്ങളും, മറുപടികളും...

**വില 100 രൂപ**

രണ്ടു ഗ്രന്ഥങ്ങളുടെയും രചന : ഫാ. യൂഹാനോൻ

വിലാസം : കാരുണ്യാശ്രമം, കട്ടേല, തിരുവനന്തപുരം ■

## ക്രിസ്തുവും വിശുദ്ധരും ശ്രേഷ്ഠ ദിനങ്ങളിൽ

വിശുദ്ധി ഇന്ന് ബാഹ്യമായി മാത്രം ഉയർന്നു നില്ക്കുമ്പോൾ, ഭക്തിയിലൂടെ ജീവിതത്തിലൂടെ വിശുദ്ധിയെ തങ്ങൾ ജന്മം കൊണ്ട മണ്ണിൽ നിന്ന് ഉയർന്ന് സമൂഹത്തിന് പ്രകാശം പകർന്നവരെ ആദരവോട് കാണുന്ന ഗ്രന്ഥമാണ്. ക്രിസ്തുവും വിശുദ്ധരും. ശ്രേഷ്ഠദിനങ്ങളിൽ.

ദാർശനിക വെളിച്ചത്തിൽ, പ്രസാധകർ, ഗ്രന്ഥകർത്താവ് ഫാ. വർഗ്ഗീസ് ഫിലിപ്പ് ഇടിച്ചാണ്ടി, വില - 50 രൂപ വീതം, email: vpidichandy@yahoo.com ■

## കൃപാപ്രവാഹം കളമൊരുക്കിയ കൃതാർത്ഥത

സത്യസന്ധമായ ആത്മകഥകൾക്ക് ഇനിയും വംശനാശം സംഭവിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്നതാണു കോട്ടയം ഭദ്രാസനത്തിലെ പ്രമുഖനും പ്രശസ്തനും സീനിയറുമായ പാമ്പാടി ഐക്കരപ്പടവിൽ പി. പി. ഗീവർഗീസച്ചൻ "കൃപാപ്രവാഹം കളമൊരുക്കിയ കൃതാർത്ഥത " എന്ന ചിന്തിപ്പിക്കുന്നതും ചിരിപ്പിക്കുന്നതും അതേ സമയം ദുഃഖസ്മരണകൾ ഉണർത്തുന്നതുമായ ആത്മകഥ.

ബി.എ. ക്കു പഠിക്കുമ്പോൾ ടൈഫോയിഡു ബാധിച്ചു കോട്ടയം ജില്ലാ ആശുപത്രിയിൽ മരണത്തോടു മല്ലടിച്ചു കിടന്നപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ സഹിച്ചു തന്നെ അതീവ വാത്സല്യത്തോടെ ശുശ്രൂഷിക്കുകയും, അതിനിടയിൽ രോഗബാധിതനായി ത്തീരുകയും ചെയ്ത പ്രിയപ്പെട്ട പിതാവ് ആശുപത്രിയിൽ കിടന്നു മരിച്ചതും രോഗം മൂലം അവശനായ തനിക്കു ശവസംസ്ക്കാരത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നതും ഇതൊന്നുമറിയാതെ കഴിഞ്ഞ അച്ചനെ സന്താപക്കടലിൽ താഴ്ത്തി, ഈ സംഭവത്തെപ്പറ്റി ആത്മകഥയിൽ ചേർത്തിട്ടുള്ള പിതാവിന്റെ ചിത്രത്തിനുള്ള അടിക്കുറിപ്പിൽ "വാത്സല്യനിധിയായ പിതാവിന്റെ നിർഭാഗ്യവാനായ പുത്രൻ" എന്നു പറയുമ്പോൾ തന്റെ ദുഃഖഭാരം മുഴുവൻ അതിൽ അന്വർത്ഥമായി ഉൾക്കൊണ്ടിരിക്കുന്നു. കൃപാ പ്രവാഹം കൊണ്ടേ ഇങ്ങനെ എഴുതാനാവൂ.

വന്ദ്യ ദിവ്യ കെ. വി. ജോസഫ് റമ്പാച്ചന്റെ അവതാരിക ഗ്രന്ഥകർത്താവിനെ വളരെയധികം അടുത്തറിയാവുന്ന പുണ്യചരിതനായ ഒരുത്തമ സുഹൃത്തിന്റെ സത്യാധിഷ്ഠിതവും അനിഷേധ്യമായ സാക്ഷ്യമാണ്.

ഐക്കരപ്പടവിലച്ചന്റെ പുസ്തകത്തിന്റെ അകവും പുറവും ചക്കരപോലെ മധുരമാണ്. 50 രൂപ വിലയുള്ള പുസ്തകം ഗ്രന്ഥകർത്താവിൽനിന്നു ലഭിക്കും.

*കെ. വി. മാമ്മൻ കോട്ടയ്ക്കൽ, വിലാസം: ഫാ. പി.പി. ഗീവർഗ്ഗീസ്, ഐക്കരപ്പടവിൽ, സൗത്ത് പാമ്പാടി.* ■

## കെ.സി. മാമ്മൻമാപ്പിളയുടെ ജീവിതദർശനം

അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ എഴുതിയ പ്രസ്തുത ഗ്രന്ഥം കൈപ്പറ്റിയിരിക്കുന്നു.

വില 90 രൂപ

വിതരണം : എം.ഒ.സി. പബ്ലിക്കേഷൻസ്, ദേവലോകം, കോട്ടയം–686038

**IInd Death Anniversary**
**30-04-2011**



**ANNA MERIN BABU**

Inserted by:-
**Babu Samuel, Babu Villa, Mampilly**


**SPOT ADMISSION**

*Adimission for*

**B, B-Tech, MSc, MCA, MBA, ME, MBBS, BDS, Polytech, BSc., GNM, ANM, BBA, etc.**


*No Donation, no service charges, low fees for admission*

*Please contact*
**Anu R.**
**9809836005, 9745817727**
**09843743431**

# OUTGOING STUDENTS 2011







സ്ത്രൈണം **രോഹിണി വർഗീസ്, തിരുവല്ല**

"And in the end, its not the years in your life that count. its the life in your years".

*- Abraham Lincoln.*



# സായന്തനത്തിലെ ദീപങ്ങൾക്ക്...

**ഒരു മണിക്കൂർ വായന ക്കൂട്ടായ്മ അനുഷ്ഠിച്ചി രുന്ന ഒരു വല്യപ്പച്ചനും വല്യമ്മച്ചിയും എനിക്കു ണ്ടായിരുന്നു.**

**അ**ണുകുടുംബങ്ങളിൽ വാർദ്ധക്യം പ്രശ്നമാവുകയും, വൃദ്ധസദനങ്ങൾ ബൂമിങ് ബിസിനസായി തീരുകയും, തലനരച്ചവർ തറവാട്ടു കോലായിൽ നിന്നും പിന്നാമ്പുറങ്ങളിലേക്കു നീക്കപ്പെട്ട് മൗനത്തിലാണ്ടു പോകുകയും ചെയ്യുന്ന ആസുരകാലമാണല്ലോ ഇത്. 'ഇടവകദിനം' എന്ന വാർഷികാഘോഷത്തിൽ വച്ച് വയോധികരെ പൊന്നാട അണിയിക്കുന്നതല്ലാതെ രണ്ടു വാക്കു പറയുവാനോ ഓർമ്മകൾ പങ്കുവയ്ക്കുവാനോ ഒരിടവകയും അവസരം നൽകുന്നതായി കേൾക്കാറില്ല. അവർക്കൊന്നും പറയാനില്ലെന്നോ! പാരമ്പര്യം, ചരിത്രം, നാടൻ കലകൾ, കവിതകൾ, ജീവിതാനുഭവങ്ങൾ... അങ്ങിനെ എന്തെല്ലാം അവർക്കു പങ്കുവെക്കാൻ കാണും! അക്ഷയ ഖനികളാണ് വന്ദ്യ വയോധികർ, "വാർധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും" എന്ന് സങ്കീർത്തനക്കാരൻ നിരീക്ഷിക്കുന്നു (92:14).

ഷെയിക്സ്പിയർ പറയുന്നു, ജീവിത നാടകത്തിൽ ഒരു മനുഷ്യൻ ആടിത്തീർക്കേണ്ട ഏഴു വേഷങ്ങളിൽ ആറാമത്തേതാണ് വാർദ്ധക്യം. എന്നാൽ ഫലം പുറപ്പെടുവിക്കുന്ന വാർദ്ധക്യം എന്ന ആശയം തന്നെയാണ് എന്റെ സ്വപ്നങ്ങളിലെന്നും ഉള്ളത്. ബുദ്ധിയിലും വിവേകത്തിലു ഒരു മനുഷ്യൻ തികച്ചും പക്വമതിയാകുന്ന 55-ാം വയസ്സിൽ അവനെ പെൻഷൻ കൊടുത്ത് വീട്ടിലേക്കയക്കുന്നത് നമ്മുടെ നാട്ടിലെ സാമ്പത്തിക ഘടനയുടെയും തൊഴിലില്ലായ്മയുടെയും പ്രശ്നം കൊണ്ടാണ്. സമ്പന്നരായ പാശ്ചാത്യ നാടുകളിൽ ജീവിതം അമ്പതുകളിൽ ആരംഭിക്കുന്നു. കാര്യമായ വ്യായാമം, കൊഴുപ്പില്ലാത്ത ആഹാരം, ശരിയായ മനോഭാവം, കൂട്ടായ്മ, പ്രാർത്ഥന എന്നിവയിലൂടെ ഒരു പരിധിവരെ വാർധക്യത്തിന്റെ പ്രശ്നങ്ങൾ കുറച്ചുകൊണ്ടുപോകാൻ സാധിക്കും. നമ്മുടെ നാട്ടിലെ സ്ത്രീ പുരുഷന്മാർ 55 കഴിഞ്ഞാലുടൻ തങ്ങളുടെ പക്വമായ ആശയങ്ങളും ശാസ്ത്രീയമായ അറിവും അനുഭവ സമ്പത്തുമൊക്കെ ഉപേക്ഷിച്ച് ശരിക്കും റിട്ടയർ ചെയ്യുവാൻ തത്രപ്പെടുന്ന പ്രവണത ഒട്ടും അഭികാമ്യമല്ല. സഭയ്ക്ക് ഇവരെ പ്രയോജനപ്പെടുത്താവുന്നതാണ്. ആത്മീയ പക്വത പ്രാപിച്ച ഇവർ സഭാസ്ഥാപനങ്ങൾക്ക് മുതൽക്കൂട്ടായിരിക്കും. കുറെക്കാലം കൂടെ തലച്ചോറ് പ്രവർത്തന നിരതമായിരുന്നാൽ ഇവരുടെ വാർധക്യം മികവുറ്റതാകും. പെൻഷനായവരെ ആർക്കും വേണ്ട എന്ന നിലമാറി, അവർക്കു വേണ്ടി കാത്തിരിക്കുന്ന ഒരു സ്ഥിതിവിശേഷം വരണം. കുടുംബത്തിലും നാട്ടിലും. മക്കളും കൊച്ചുമക്കളും അല്പം സ്നേഹവും വാത്സല്യവും അവർ ക്കായി കരുതണം എന്നതു സുപ്രധാനം തന്നെ.

ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ തൂപ്പുകാരി മറിയച്ചേട്ടത്തി മൂളി നടന്ന നാടൻപാട്ടുകൾ കുട്ടികളുടെ ഇടയിൽ ഹിറ്റായതും, ഒടുവിൽ മലയാളം ബിരുദ വിദ്യാർത്ഥികൾക്ക് അവ ടെക്സ്റ്റുബുക്കായി മാറിയതും വാർത്തയായിരുന്നല്ലോ.

രാവിലെ എന്താണു കഴിച്ചതെന്നു ചോദിച്ചാൽ എന്റെ അമ്മയ്ക്ക് ഓർമ്മിക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ വട്ടശ്ശേരിൽ തിരുമേനിയുടെ വിയോഗത്തിൽ തിരുവല്ല ബഥനി അരമനയിൽ 75 വർഷം മുമ്പ് അമ്മ ഉൾപ്പെട്ട ഗായകസംഘം ആലപിച്ച ഗാനം തെറ്റുകൂടാതെ പാടിത്തന്നു!

കാനഡയിൽ ഒരു മലയാളി ബാലന് സ്ക്കൂൾ പ്രോജക്ട് ഇപ്രകാരമായിരുന്നു- "ഒന്നാം ലോകമഹായുദ്ധകാലത്ത് ലോകത്തൊക്കെ കടുത്ത ക്ഷാമം ഉണ്ടായിരുന്നു. നിങ്ങളുടെ മുത്തശ്ശിമാരോടു ചോദിച്ച് അതേക്കുറിച്ച് റിപ്പോർട്ടു തയ്യാറാക്കുക." കേരളത്തിൽ നിന്നും അവന്റെ വല്യമ്മച്ചി പറഞ്ഞുകൊടുത്ത കഥകളിലൂടെ അവൻ ഒന്നാം സ്ഥാനം നേടുകയുണ്ടായി.

ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡുകളൊക്കെ വാർധക്യമാവുമ്പോഴാണ് ലഭിക്കുക. 85-ാം വയസ്സിൽ സാഹിത്യത്തിനുള്ള നോബൽ പുരസ്ക്കാരം നേടിയ ഡോറിസ് ലെസിങ്ങും, ജ്ഞാനപീഠമേറിയ ഒ.എൻ.വി.യും, 98 വയസ്സിനുള്ളിൽ 725 കഥാപുസ്തകങ്ങളെഴുതി ജനപ്രീതി നേടിയ ബാർബറാ കാർട്ട്ലാൻഡ് എന്ന കഥ മുത്തശ്ശിയും എത്രയും ചാരുതയുള്ള സന്ധ്യാ രാഗങ്ങൾ തന്നെ. ദൈവാശ്രയത്തിലും പ്രാർത്ഥനയിലും കഴിയുന്നവർക്കു വാർദ്ധക്യം അനുഗ്രഹകരമാകുന്നത് വി. ഗ്രന്ഥത്തിൽ പലയിടത്തും കാണാം. അബ്രഹാം-സാറാ, സഖരിയാ-എലിസബത്ത് എന്നീ ദമ്പതികളും, നീതിമാനായ ഇയ്യോബും, യേശുക്കുഞ്ഞിനെ കൈയിലെടുത്തോമനിക്കാൻ നിയോഗം ലഭിച്ച ജ്ഞാനമുത്തശ്ശൻ ശിമോനും അവരിൽ ചിലർ മാത്രം. ഇങ്ങനെ വാർധക്യം അഭിമാനമാകുന്ന എത്രയോ നിമിഷങ്ങൾ!

പകലത്തെ തിരക്കുകൾ കഴിഞ്ഞാൽ കുളിയും സന്ധ്യാപ്രാർത്ഥനയും അത്താഴവും കഴിഞ്ഞ് നേരെ കിടന്നുറങ്ങാൻ പോകാതെ, 'വായന ഒരു മനുഷ്യനെ പൂർണ്ണനാക്കുന്നു' എന്ന ഫ്രാൻസിസ് ബേക്കർ വാക്യം അന്വർത്ഥമാകും വിധം, ഒരു മണിക്കൂർ വായനക്കൂട്ടായ്മ അനുഷ്ഠിച്ചിരുന്ന ഒരു വല്യപ്പച്ചനും വല്യമ്മച്ചിയും

എനിക്കുണ്ടായിരുന്നു. 86 ഉം 100 ഉം വയസ്സുവരെ ഊർജ്ജസ്വലതയോടെ ജീവിച്ചു കടന്നുപോയവർ. അവരുടെ ചർച്ചകളും വിമർശനവും തമാശയുമൊക്കെ കൗതുകത്തോടെ ശ്രദ്ധിച്ചിട്ടാവാം ഞാൻ അക്ഷരങ്ങളെ പ്രണയിച്ചു തുടങ്ങിയത്. കുട്ടികളെക്കൊണ്ട് മൂന്നു നോമ്പിൽ യോനായുടെ അദ്ധ്യായങ്ങൾ വായിപ്പിക്കുന്നതും കൊച്ചുമക്കളെ തൊട്ടിലിലാട്ടുമ്പോൾ കൃഷ്ണ ഗാഥയിലെ "ഓമനക്കുട്ടൻ ഗോവിന്ദൻ..." ഈണത്തിൽ പാടുന്നതും, ലൈംഗിക പ്രസരമുള്ള നോവൽ, കഥയറിയാതെ ലൈബ്രേറിയിൽ നിന്നെടുത്തുകൊണ്ടു വന്ന് അപ്പച്ചനു വായിക്കാൻ കൊടുത്ത് നിറയെ ശകാരം കിട്ടിയതും, വല്യമ്മച്ചിയെക്കൊണ്ട് ആദ്യാക്ഷരം കുറിപ്പിക്കുവാൻ മുറ്റത്തു കുട്ടികൾ കൂടുന്ന, തെല്ലഭിമാനം തോന്നിക്കുന്ന കാഴ്ചയും ഒക്കെ എന്നെ ഒരു ഭാഷാപ്രേമിയാക്കി.

വല്യപ്പച്ചനും വല്യമ്മച്ചിക്കും ഇപ്പോൾ സ്വർഗ്ഗത്തിലെ ലൈബ്രേറിയിൽ അംഗത്വം ലഭിച്ചു കാണും. ആ ഗ്രന്ഥപ്പുരയിലാണല്ലോ ഞാനും കണ്ണു വച്ചിരിക്കുന്നത്!

"Live your life and forget your age"-
*Norman Vincent Peele* ■

## ജനകീയം

# പിടികിട്ടാപ്പുള്ളി

**ഡോ. സിറിയക് തോമസ്**

**സ്വാ**തന്ത്ര്യത്തിന്റെ ചൂടേറിയ നാളുകൾക്കിടയിൽ ഇടയ്ക്ക് ജയിൽ മോചിതനായി വന്ന ദിവസങ്ങളിലൊന്നിൽ എന്റെ പിതാവ് ആർ.വി. തോമസ് പാലായിലെ ജൂബിലിപെരുന്നാളിന്റെ പ്രദക്ഷിണം കണ്ട് ഒരു കടയിലിരിക്കുമ്പോഴാണ് പോലീസ് അന്വേഷിച്ചു നടക്കുന്ന ജയിൽ ചാടിയ രാഷ്ട്രീയ കുറ്റവാളി സഖാവ് എം.എൻ. ഗോവിന്ദൻ നായർ ഭക്തജനതിരക്കിലൂടെ നടന്ന് പോകുന്നത് കണ്ടത്. രാഷ്ട്രീയമായി എതിർചേരിയിലാണെങ്കിലും ഒളിവിൽ കഴിയുന്ന പ്രതി സർ.സി. പി. യുടെ പോലീസിന്റെ പിടിയിൽ പെട്ടാലുണ്ടാവുന്ന പ്രത്യാഘാതമോർത്ത ആർ. വി. അപ്പോൾ തന്നെ ഒരാളെ അയച്ച് എമ്മെന്നെ കടയിലേക്ക് വരുത്തി. എമ്മെന്നു നേരേ ക്ഷോഭിക്കുകയും ചെയ്തു. തന്റെ ഇളയ സഹോദരനെ കൂട്ടി എം. എന്നെ സ്വന്തം വീട്ടിലേയ്ക്ക് അയച്ചു. രണ്ടാഴ്ചയോളം സ്വന്തം വീട്ടിൽ ഒളിവിൽ പാർപ്പിക്കുകയും ചെയ്തു. നിരോധിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് നേതാവിനെ അറിയപ്പെടുന്ന കോൺഗ്രസ് നേതാവിന്റെ വീട്ടിൽ പോലീസൊട്ട് അന്വേഷിച്ചതുമില്ല. ഇന്ന് ഒരേ പാർട്ടിയിലെ നേതാക്കന്മാർക്കുപോലും ഇത്തരമൊരു വിശ്വാസം ഉണ്ടോ എന്നത് ഗവേഷണ വിഷയമാക്കാവുന്ന കാര്യം തന്നെ. രാഷ്ട്രീയത്തിൽ ഇന്ന് വ്യക്തി സൗഹൃദത്തിന്റെ സൗരഭ്യം എത്ര അകലെയായിരിക്കുന്നു/

'അച്ഛൻ രാഷ്ട്രീയവും മക്കൾ രാഷ്ട്രീയവും' ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ അരങ്ങുതകർക്കുന്ന ഇക്കാലത്ത് രാഷ്ട്രീയ എതിരാളികളെക്കുറിച്ച് ആർക്കും എന്തും ഏതും പറയുവാൻ മടിയില്ലാത്തപ്പോൾ നമ്മുടെ രാഷ്ട്രീയത്തിലും ഒരു കാലത്ത് അരങ്ങുവാണിരുന്ന "മാന്യത"യെക്കുറിച്ച് ഒരു നിമിഷം ഓർത്തുപോയെന്നു മാത്രം. പ്രതിപക്ഷ ബഹുമാനമെന്നത് ജനാധിപത്യത്തിന്റെ അസ്ഥിവാരമാണെന്നറിയാൻ നമുക്കിനിയും എത്രദൂരം സഞ്ചരിക്കണം?


## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C Medical Mission Eye Hospital, Kariambadi P.O., Pin-673591,Wayanad, Kerala, India**

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986 - ൽ ആരംഭിച്ചു. പരിശുദ്ധ ദിദിമോസ് കാതോലിക്കാബാവാതിരുമേനി പ്രസിഡന്റും രക്ഷാധികാരിയുമാണ്. അഭിവന്ദ്യ അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്.

തിമിരം ബാധിച്ച് കാഴ്ച്ച നഷ്ടപെട്ട് ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരെ സഹായിക്കുവാനാണ് ഗിവ്സൈറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇതിനകം ആയിരങ്ങൾക്ക് ആശ്വാസം പകർന്ന് കാഴ്ച നല്കാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥമുണ്ട്. ഈ മഹത്തായ യത്നത്തിൽ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്. ഈ പ്രോജക്ട് വഴി ഇതിനകം 4986 താക്കോൽ ദ്വാര തിമിര ശസ്ത്രക്രിയ ഇൻട്രാഒക്കുലർ ലെൻസിട്ട് സൗജന്യമായി നടത്തിയിട്ടുണ്ട്. കൂടാതെ മറ്റുവിവിധ തരത്തിലുള്ള 4245 ശസ്ത്രക്രിയകൾ വേറെയും അർഹതപെട്ടവർക്ക് സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 14,56,546 രൂപയുടെ സൗജന്യ ചികിത്സ നടത്തുകയുണ്ടായി. 1990 മുതൽ ഇതുവരെയുള്ള കാലത്ത് ഒന്നര കോടിയിൽ ഏറെ രൂപയുടെ സൗജന്യ ചികിത്സയാണ് ഈ ആശുപത്രി വഴി നടന്നത്.

ഗിവ് സൈറ്റ് പ്രോജക്ടിൽ സന്മനസുള്ള ആർക്ക് വേണമെങ്കിലും പങ്കാളികളാകാം, എത്ര ശസ്ത്രക്രിയകൾ വേണമെങ്കിലും സ്പോൺസർ ചെയ്യുവുന്നതുമാണ്. ഇതുവരെ ഓരോ ശസ്ത്രക്രിയക്കും 1000 രൂപ വീതം വച്ചായിരുന്നു സ്പോൺസർ നിരക്ക്. എന്നാൽ ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തന ചെലവുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോഴുള്ള നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ദയവായി മാന്യ സഹോദരങ്ങൾ തുടർന്നും ഈ കാര്യത്തതിൽ ഞങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിക്കുന്നവരുടെ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതുമാണ്

ജന്മ ദിനം വിവാഹദിനം, ഓർമ്മദിനം, ആദ്യശമ്പള ദിനം, പ്രൊമോഷൻ ലഭിച്ച ദിനം ഓർമ്മിക്കുക ഒരന്ധനു കാഴ്ച നല്കുന്നതിലൂടെ കർത്താവിനു പ്രസാദകരമായ ഒരു ജീവകാരുണ്യ പ്രവർത്തി ചെയ്യാം. **F.C.R.A** അംഗീകാരവും **80 G** ഇൻകംടാക്സ് ഇളവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡിഡി/എംഒ/ആയി അയക്കേണ്ട വിലാസം
TREASURER, GIVESIGHT PROJECT, M.O.S.C. MM. EYE HOSPITAL, P O KARIAMBADI, WAYANAD, KERALA, INDIA, PIN 673591

വെരി.റവ. അബ്രഹാം മാത്യു എടയകാട്ട് കോർഎപ്പിസ്ക്കോപ്പാ (സെക്രട്ടറി ഗവേണിംഗ് ബോർഡ്)

## In Everloving Memory of

### 41–ാം ചരമദിനം, ഏപ്രിൽ 18



**Dr. I. T. കുഞ്ഞപ്പൻ (73)**
**ഫിസിഷ്യൻ**
**തൃക്കണ്ണമംഗൽ, കൊട്ടാരക്കര**

*Inserted by*
**അന്നമ്മ കുഞ്ഞപ്പൻ**

| മക്കൾ | മരുമക്കൾ |
|---|---|
| Eng. സുരേഷ് കെ.തര്യൻ | Eng. സാലി സുരേഷ് |
| Dr. പ്രകാശ് കെ. തര്യൻ (B.P.T.) | Smt. റീനാ പ്രകാശ് |
| Dr. അനിൽ കെ. തര്യൻ (M.B.S.S. D.C.H.) | Dr. സൂസൻ അനിൽ M.D.S. |
| Dr. സന്തോഷ് കെ. തര്യൻ | സജിനി സന്തോഷ് |

## In Everloving Memory of

### Died on 8-2-2011



**C.K. ജോർജ് (77)**

*(റിട്ട. ഹെഡ്മാസ്റ്റർ, KLD ബോർഡ് ചെയർമാൻ, ജില്ലാ പഞ്ചായത്ത് മെമ്പർ, കൊട്ടാരക്കാര പഞ്ചായത്ത് പ്രസിഡന്റ്)*

*Inserted by*
**ദീനാമ്മ ജോർജ്**
**ചെറുകര,**
**തൃക്കണ്ണമംഗൽ, കൊട്ടാരക്കര**

| മക്കൾ | മരുമക്കൾ |
|---|---|
| കോശി ജോർജ്ജ് USA | ബെറ്റി USA |
| Dr. ജോർജ് വർഗീസ് | അനിജ |
| ജോർജ് മാത്യു USA | ബ്യൂല USA |
| Dr. മേരി മാത്യു | Dr. മാത്യു ജേക്കബ് |

# Breaking the Word

ഫാ. ഡോ. റെജി മാത്യു



# തിരുവചനധ്യാനം

***2011 ഏപ്രിൽ 17***

## രക്ഷകന് "ഹോശാനാ"

***(യോഹ. 12:12–19)***

നാലുസുവിശേഷങ്ങളും ഒരുപോലെ വിവരിക്കുന്ന ഒരു സംഭവമാണ് യേശുവിന്റെ ആഘോഷ പൂർവ്വമായ യെറുശലേം യാത്ര. ആദ്യത്തെ മൂന്നു സുവിശേഷങ്ങളും വായിക്കുമ്പോൾ നമുക്ക് കിട്ടുന്ന ചിത്രം ഈ യാത്ര യേശുവിന്റെ പരസ്യ ശുശ്രൂഷാക്കാലത്തെ ഏകയാത്രയായും, തന്റെ ഈലോകവ്യാപാരത്തിന്റെ ഉച്ചസ്ഥായിലുമായിട്ടാണ്. പൈതലായ യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നതും പന്ത്രണ്ടുവയസ്സുള്ള ബാലനായ യേശുവിന്റെ ദേവാലയ സന്ദർശനവും, പ്രലോഭനങ്ങളുടെ നടുവിലുള്ള യറുശലേം സന്ദർശനവുമൊക്കെ പരസ്യശുശ്രൂഷയ്ക്ക് മുൻപായിരുന്നല്ലോ. ചുരുക്കത്തിൽ തന്റെ മൂന്നരവർഷത്തെ പരസ്യശുശ്രൂഷയിൽ ഒരിയ്ക്കലായി താൻ നടത്തുന്ന യെറുശലേം സന്ദർശനത്തിലാണ് ജനങ്ങൾ "ഹോശന്നാ" പാടുന്നതും, യേശു ദേവാലയത്തെ ശുദ്ധീകരിക്കുന്നതും, ഫലം കായ്ക്കാത്ത അത്തിമരത്തെ ശപിയ്ക്കുന്നതുമെല്ലാം (മത്താ. 21:1–14, മർക്കോ 11:1–11, ലൂക്കോ 19:28–44). ഇതിൽ നിന്നും തികച്ചും വിഭിന്നമായ ഒരു ചിത്രമാണ് യോഹന്നാൻ ശ്ലീഹാ ഇന്നത്തെ വേദവായനയിൽക്കൂടി നമുക്ക് നൽകുന്നത്.

നാലാമത്തെ സുവിശേഷമനുസരിച്ച് യേശു തന്റെ പരസ്യശുശ്രൂഷക്കാലത്ത് ഒന്നിലധികം തവണ യറുശലേം ദേവാലയം സന്ദർശിച്ചിട്ടുണ്ട്. ദേവാലയത്തിന്റെ ശുദ്ധീകരണം തന്നെ യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭഘട്ടത്തിലാണ് യോഹന്നാൻ ശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നത് (യോഹ. 2:13–25). ഓശാനയുടെ ആരാധനയിൽ ഈ വായനകളിൽ പലതും വായിക്കുന്നതുകൊണ്ട് പ്രധാനമായും ഓശാന ദിനം നടന്നസംഭവങ്ങൾ എന്തൊക്കെയെന്ന് നമുക്ക് പരിശോധിക്കാം.

1. യെറുശലേം നഗരത്തിലേക്കുള്ള യേശുവിന്റെ ജൈത്രയാത്രയാണ് നമ്മുടെ ഓശാനപെരുന്നാളിലും പ്രധാന ശ്രദ്ധാകേന്ദ്രമായിരിക്കുന്നത്. യറുശലേം യിസ്രായേലിന്റെ വലിയ രാജാവായിരുന്ന ദാവീദുരാജാവാണ് തന്റെ തലസ്ഥാന നഗരമായി പണിതുയർത്തിയത്. യിസ്രായേലിന്റെ ചരിത്രത്തിൽ ഇത്ര മഹാനായ ഒരു ചക്രവർത്തി അതിനു മുൻപും പിൻപും ഉണ്ടായിട്ടില്ല. ഇതേ 'ദാവീദിന്റെ പുത്ര'നായി ജനിച്ച യേശുതമ്പുരാൻ യുഗങ്ങളായി യിസ്രായേൽക്കാർ പ്രതിക്ഷിച്ചിരുന്ന 'മശിഹാ' തന്നയാണെന്നുള്ള സത്യം വെളിവാക്കുന്ന തരത്തിലാണ് സുവിശേഷകർ യേശുവിന്റെ ജൈത്രയാത്ര വിവരിച്ചിരിക്കുന്നത്. യഹൂദന്മാരുടെ ഇടക്കാല ചരിത്രം വിവരിക്കുന്ന മക്കാബിയരുടെ പുസ്തകത്തിൽ വിജാതീയരാൽ ആക്രമിക്കപ്പെട്ട ദേവാലയം തിരികെ പിടിച്ച് നടത്തുന്ന സംഭവത്തെ അനുസ്മരിക്കുന്ന ആഘോഷത്തെപ്പറ്റി പറയുന്നുണ്ട്. ആണ്ടുതോറും കൂടാരപെരുന്നാളിനോടനുബന്ധിച്ച് നടത്തുന്ന ഈ ആഘോഷ പരിപാടിയിൽ ജനങ്ങൾ കുരുത്തോലയേന്തിയും (ഒലിവിന്റെ കൊമ്പുകൾ) നടത്തുന്ന പ്രദക്ഷിണമോർപ്പിക്കുന്നതാണ് യേശുവിന്റെ ജൈത്രയാത്ര (1 മക്കാ 13:51, 2 മക്കാ. 10:7). സഖറിയാ പ്രവാചകൻ പറയുന്നത് പൂർത്തീകരിക്കാനെന്നവണ്ണം യേശു കഴുതപ്പുറത്താണ് യറുശലേംയാത്ര നടത്തുന്നത് (സഖ. 9:9). ജനങ്ങൾ യേശുവിനെ വരവേറ്റുപാടുന്ന "ഹോശന്നാ" എന്ന പദത്തിന്റെയർത്ഥം ''ഞങ്ങളെ ഇപ്പോൾ രക്ഷിക്കേണമേ'' എന്നാണ്. 118–ാം സങ്കീർത്തനത്തിൽ പറയുന്നതരത്തിൽ ജനങ്ങൾ ഓർത്തിരുന്ന ഒരു പ്രാർത്ഥനയാണ് യേശുവിനെ എതിരേറ്റ ജനങ്ങൾ ആർത്തുല്ലസിക്കുന്നത്. "യഹോവേ ഞങ്ങളെ രക്ഷിയ്ക്കേണമെ.... യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ'' (സങ്കീ. 118:25–26) എന്നുള്ള ആഹ്വാനം വിവിധതരത്തിലാണ് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത് എന്നുമാത്രം.

2. നഗരത്തിൽ പ്രവേശിച്ച മശിഹായായ യേശുതമ്പുരാൻ പ്രധാനമായും ചെയ്യുന്നത് ദേവാലയത്തെ ശുദ്ധീകരിക്കുകയാണ്. പന്ത്രണ്ടുവയസ്സുകാരനായ യേശു "ഞാനെന്റെ പിതാവിന്റെ ഭവനത്തിലിരിക്കേണ്ടതല്ലയോ" എന്ന് അമ്മയോടു ചോദിച്ചതിന്റെ തുടർച്ചയെന്നോണമാണ് ഇവിടെ യേശുപറയുന്നത്. ''എന്റെ ആലയം സകലജാതികൾക്കും പ്രാർത്ഥനാലയം എന്നു വിളിയ്ക്കപ്പെടും എന്ന് എഴുതിയിരിക്കുന്നില്ലയോ? നിങ്ങളോ

അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു" (മർക്കോ. 11:17). ഇതുവരെ സമാധാനകാംക്ഷിയായി കാണപ്പെട്ടിരുന്ന യേശു ഇവിടെ ചാട്ടവാർ എടുത്ത് വില്ക്കുന്നവരെയും വാങ്ങുന്നവരെയും ഓടിക്കുകയും അവരുടെ മേശകൾ മറിച്ചിടുകയും ചെയ്യുന്നു. പെരുന്നാൾ ദിവസങ്ങളിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വന്നിരുന്ന തീർത്ഥാടകർക്കാവശ്യമായ പല സാധാനങ്ങളും യെറുശലേം ദേവാലയത്തിൽ ലഭ്യമായിരുന്നു. ഉദാഹരണമായി, യാഗമർപ്പിക്കുവാനുള്ള മൃഗങ്ങളും പക്ഷികളുമൊക്കെയായി ദീർഘദൂരത്തുനിന്നും വരികയെന്നുള്ളത് തീർത്ഥാടകർക്ക് തികച്ചും അസാദ്ധ്യമായിരുന്നു. ആയതിനാൽ ഇവയെ ഒക്കെ വില്ക്കുന്നയാളുകൾ ദേവാലയപരിസരത്തുതന്നെ ഉണ്ടായിരുന്നത് ഭക്തജനങ്ങൾക്ക് വലിയ ആശ്വാസം തന്നെയായിരുന്നു. ഇതുപോലെയായിരുന്നു ദേവാലയത്തിൽ നേർച്ചയിടാനുള്ള നാണയങ്ങളുടെ കാര്യവും. വിദൂരത്തു നിന്നും വന്നിരുന്നവർക്ക് തങ്ങളുടെ നാണയങ്ങൾ (ഉദാ. ദ്രഹ്മ) കൊടുത്താൽ ദേവാലയത്തിൽ സമർപ്പിക്കാനുള്ള ഷേക്കൽ അവിടെ തന്നെ ലഭിയ്ക്കുമായിരുന്നു. ഇതൊക്കെയും തീർത്ഥാടർക്ക് സൗകര്യപ്രദമായിരുന്നെങ്കിലും ഇതിന്റെയൊക്കെ പിറകിൽ വലിയ അഴിമതികൾ നടന്നിരുന്നു. മാത്രവുമല്ല, ദേവാലയത്തിൽ യാഗങ്ങളും, ധൂപങ്ങളും അർപ്പിക്കുവാൻ കടപ്പെട്ട പുരോഹിതന്മാരുടെ ഏജന്റുമാരാണ് ഈ കച്ചവടമൊക്കെ നിയന്ത്രിച്ചിരുന്നത്. അവരുടെ ശ്രദ്ധയും ഈ കച്ചവടത്തിലായി തീർന്നതിനാൽ ആരാധനകളുടെ ആത്മീയത കുറയുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ വേണം യേശുവിന്റെ ദേവാലയ ശുദ്ധീകരണത്തെ മനസ്സിലാക്കേണ്ടത്. ഇന്നും ദേവാലയങ്ങൾ ആത്മീയാരാധനകളിൽ നിന്നും മാറി കച്ചവടവൽക്കരിക്കപ്പെടുമ്പോൾ യേശു ചാട്ടവാറുമായി വന്ന് നമ്മുടെ ദേവാലയങ്ങളും ശുദ്ധീകരിക്കും എന്നോർമ്മവേണം.

3. യേശുവിന്റെ ദേവാലയ പ്രവേശനത്തിലെ മറ്റൊരു പ്രധാന രംഗം വി. മത്തായി ശ്ലീഹാ നന്നായി വിവരിക്കുന്നുണ്ട്. ജനങ്ങളെല്ലാം ''ഹോശന്നാ'' എന്നാർത്തുവിളിയ്ക്കുമ്പോൾ ദേവാലയമുറ്റത്തുണ്ടായിരുന്ന കുരുടന്മാരും മുടന്തന്മാരുമൊക്കെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയാണവിടെ (മത്താ. 21:14) . യേശു അവരെയെല്ലാം സുഖപ്പെടുത്തുകയും ചെയ്യുന്നു. ഇതെല്ലാം കണ്ടുനിന്ന പരീശന്മാരും പ്രധാന പുരോഹിതരും യേശുവിനെ വിമർശിക്കുന്നു. ഇത്തരത്തിൽ മൂന്നു തരത്തിലുള്ള പ്രതികരണമാണ് യേശുവിന്റെ ദേവാലയ പ്രവേശനത്തിൽ ജനങ്ങളിൽ നിന്നുണ്ടാകുന്നത്. കുട്ടികൾ "ഹോശന്നാ" എന്നാർത്തുവിളിയ്ക്കുമ്പോൾ, രോഗികൾ സഹായത്തിനായി അഭ്യർത്ഥിക്കിന്നു, പരീശന്മാർ യേശുവിനെ കുറ്റപ്പെടുത്തുന്നു. നാം ഇതിൽ ഏതു വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നു വേണം ഇന്നു തീരുമാനിക്കേണ്ടത്.

അവസാനമായി, ഓശാന പെരുന്നാൾ പൗരസ്ത്യ ആരാധനയിൽ പരിസ്ഥിതിയ്ക്കു നൽകുന്ന പ്രാധാന്യവും വ്യക്തമാക്കുന്നു. കുരുത്തോലകൾ വാഴ്ത്തുന്ന ശുശ്രൂഷയിൽ പട്ടക്കാരൻ പ്രാർത്ഥിക്കുന്നത് ഭൂമിയിലെ സകല സസ്യങ്ങൾക്കും, കാർഷിക വിഭവങ്ങൾക്കും പ്രകൃതിയ്ക്കും വേണ്ടിയാണ്. സുനാമിയും, ഭൂമികുലുക്കവും, അണുവികിരണവുമൊക്കെയായി ഇക്കഴിഞ്ഞ പതിനൊന്നാം തീയതി മുതൽ ജപ്പാനിലെ ജനങ്ങൾ കഷ്ടപ്പെടുന്നതു നാം കണ്ടുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് ജനങ്ങൾ മരിച്ചു. അണുപ്രസരണത്തിന്റെ നാശം എത്ര ഭീകരമാകുമെന്നു പറയുവാൻ സമയമായിട്ടില്ല. ഈയവസരത്തിൽ മനുഷ്യന്റെ ആത്മാവിന്റെ രക്ഷമാത്രമാകരുത് നമ്മുടെ പ്രാർത്ഥനാവിഷയം. സൃഷ്ടിയുടെ സന്തുലിതാവസ്ഥയും പ്രകൃതിയിലെ ജീവജാലങ്ങളുടെ പരസ്പരാശ്രയവും കാലാവസ്ഥയുടെ സ്ഥിരതയുമൊക്കെ ഉറപ്പാക്കേണ്ടത് ലോകരക്ഷകനായ ക്രിസ്തുവാണ്. അവനാണ് നാം "ഹോശന്നാ" പാടുന്നത്. "ദൈവമേ രക്ഷിയ്ക്കേണമേ" എന്നാണതിനർത്ഥം.

*2011 ഏപ്രിൽ 24*

## സർവ്വലോകത്തിനും സമാധാനം : ഉയിർപ്പ്

*(മത്തായി. 28:1-20)*

യേശുക്രിസ്തുവിന്റെ പുനരുത്ഥാനമെന്നത് ക്രിസ്തീയ ഉത്സവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിട്ടാണ് ആദിമ സഭ മുതൽ നാം കണ്ടുവരുന്നത്. പുതിയനിയമത്തിലെ സുവിശേഷങ്ങളും മറ്റു പുസ്തകങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് വ്യക്തമാകുന്ന ഒരു സംഗതി യേശുവിന്റെ കുരിശുമരണവും പുനരുത്ഥാനവുമാണ്. തന്റെ ജനനത്തിനോ മറുരൂപമലയിലെ രൂപാന്തരപ്പെടലിനോ ഒന്നും തന്നെ ഇത്തരത്തിലുള്ള ഒരു പരിഗണന കാണുന്നില്ല. അപ്പോസ്തോലപ്രവർത്തികളിൽ നാം കാണുന്നു. ആദിമസഭയിലെ പ്രസംഗങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലുമെല്ലാം അപ്പോസ്തന്മാരുടെ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു കുരിശാരോഹണവും മൂന്നാം ദിവസമുള്ള പുനരുത്ഥാനവുമാണ്. വി. മത്തായിയുടെ സുവിശേഷം 28-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നത് ശാബതിനുശേഷമുള്ള ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കല്ലറയിൽ എത്തുന്ന സ്ത്രീകളാണ് യേശു കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന് ആദ്യമായി അറിഞ്ഞത് എന്നാണ്. തന്റെ കുരിശുമരണ സമയത്ത് ഉണ്ടായതുപോലെ (മത്താ. 27:51) ഉയിർത്തെഴുനേൽപ്പുസമയവും ഒരു ഭൂകമ്പമുണ്ടായതായി (മത്താ. 28:2) നാം വായിക്കുന്നു. യേശുവിന്റെ ജീവിതത്തിലെ സുപ്രധാനാവസരങ്ങളിലൊക്കെ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ ഒന്നാമത്തെ സുവിശേഷകൻ രേഖപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ഒരു മാലാഖയാണ് ഉയിർത്തെഴുന്നേൽപ്പിനെ സംബന്ധിച്ച ദൂത് സ്ത്രീകൾക്ക് കൈമാറുന്നത്. മാത്രവുമല്ല, കബറടക്കപ്പെട്ട യേശുവിനെ കല്ലറയിൽ നിക്ഷേപിച്ച സ്ഥലം ശൂന്യമായിക്കിടക്കുന്നതും സ്ത്രീകൾ കാണുന്നുണ്ട് (മത്താ. 28:6). ചിതറിപ്പോയ പന്തിരുവരെ പുനരുത്ഥാനത്തിന്റെ സുവാർത്തയറിയിക്കുവാനുള്ള ചുമതലയും മാലാഖ സ്ത്രീകൾക്ക് കൈമാറുന്നുണ്ട്.

യേശുവിന്റെ കുരിശുമരണം ശിഷ്യന്മാർക്ക് നിരാശയും വിഷാദവുമാണ് പ്രദാനം ചെയ്തതെങ്കിൽ ഉയിർത്തെഴുന്നേൽപ്പ് വലിയ പ്രത്യാശയാണ് അവർക്ക് നൽകിയിരിക്കുന്നത്. ഇതാണ് ഉയിർത്തെഴുന്നേൽപ്പിന്റെ ഏറ്റവും വലിയ സന്ദേശം. സകല സംശയങ്ങളെയും ദൂരികരിക്കുന്നതാണ് ഉയിർപ്പിന്റെ ദൂത്. സകലതും നഷ്ടപ്പെട്ടു എന്നുകരുതുന്നവർക്കും, പ്രത്യാശയറ്റവർക്കും ഒക്കെ സന്തോഷവും സമാധാനവും ആശംസിക്കുന്നവനാണ് ഉത്ഥിതനായ ക്രിസ്തു. ഇന്നും രോഗങ്ങളാലും, ജീവിതത്തിലെ പ്രതിബന്ധങ്ങളാലും, ദുഷ്ടശക്തികളാലും മൊക്കെ സംഘർഷമനുഭവിക്കുന്നവർക്ക് ക്രിസ്തു ആശംസിക്കുന്നത് "സമാധാന"മാണ്. യേശുക്രിസ്തുവിനെ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നവർക്ക് ഈ ലോകത്തിലെ യാതൊന്നും തന്നെ പരാജയപ്പെടുത്തുകയില്ല എന്നാണ് പീഡനകാലത്ത് ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിച്ച ആദിമസഭാംഗങ്ങളും നമ്മെ പഠിപ്പിയ്ക്കുന്നത്. യെറുശലേമിലും, ഗലീലയിലും മറ്റു സ്ഥലങ്ങളിലുമായി ഉത്ഥിതനായ ക്രിസ്തു വെളിപ്പെട്ടതിനെ സംബന്ധിച്ച് നാം വായിക്കുന്നു. അടച്ചിട്ട മുറിയിൽ കഴിഞ്ഞ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതും, മാർ തോമ്മാശ്ലീഹാ ഉൾപ്പെടെയുള്ള ശിഷ്യർക്ക് വെളിപ്പെട്ടതും, എമ്മാവൂസിലേക്ക് യാത്രചെയ്ത രണ്ട് ശിഷ്യന്മാരുടെ കൂടെ സഹയാത്രികനായി നടന്നതും, മഗ്ദലനമറിയയ്ക്ക് തോട്ടക്കാരനെപ്പോലെ കാണപ്പെട്ടതുമെല്ലാമാണ് സുവിശേഷകർ വിവരിക്കുന്നത്. പൗലോസ് ശ്ലീഹാ കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ ക്രിസ്തുവിന്റെ വെളിപ്പെടലിന്റെ മറ്റൊരു ലിസ്റ്റ് നല്കുന്നുണ്ട്. ഇതനുസരിച്ച് ക്രിസ്തു പത്രോസിനും, യാക്കോബിനുമെല്ലാം പ്രത്യേകം പ്രത്യേകം വെളിപ്പെടുന്നുണ്ട്. അതുകൂടാതെ അഞ്ഞൂറിലധികം മനുഷ്യർക്കും കർത്താവ് വെളിപ്പെട്ടു (1 കൊരി. 15:3-8). ഏറ്റവുമൊടുവിൽ "അകാലപ്രജപോലെ" പൗലോസിനും പ്രത്യക്ഷപ്പെട്ടതായി നാം വായിക്കുന്നു.

ഇപ്രകാരം ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് വെളിപ്പെട്ട താണ് അവരുടെ അപ്പോസ്തോലത്വ ത്തിന്റെ അടിസ്ഥാനമായും പലപ്പോഴും ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അപ്പോ സ്തോലന്മാർ തങ്ങൾക്ക് ലഭിച്ച ഈ സന്ദേശം വിശ്വാസികൾക്ക് കൈമാറിയ താണ് അവരുടെ വിശ്വാസത്തിന്റെയും അടിത്തറ. അവർ "കേട്ടതും, കണ്ടതും, സ്പർശിച്ചതുമെല്ലാ"മാണല്ലോ വിശ്വാസി കൾ തങ്ങളുടെ ഹൃദയത്തിൽ നിക്ഷേപി ച്ചിരിക്കുന്നതും തങ്ങളുടെ രക്ഷയ്ക്ക് നിദാ നമായി നിത്യം സൂക്ഷിക്കുന്നതും. ഉത്ഥി തനായ ക്രിസ്തുവിനെ തന്റെ കൂടെ നടന്ന ശിഷ്യന്മാർ പോലും ഒറ്റനോട്ടത്തിൽ തിരി ച്ചറിയുന്നില്ലായെന്നുള്ളത് ശ്രദ്ധേയമായ ഒരുസംഗതിയാണ്. മൃതരായവർ ഉയിർത്തെ ഴുന്നേൽക്കുമ്പോൾ അവരുടെ ശരീരത്തി ലുണ്ടാകുന്ന മാറ്റങ്ങൾ പൗലോസ് കൊരി ന്ത്യരോട് പറയുന്നത് നാം വായിക്കുന്നു ണ്ടല്ലോ (1 കൊരി 15:35-49). ഇപ്രകാരമുള്ള പ്രത്യേകത കൊണ്ടുതന്നെയാവണം ഒരേ സമയത്ത് യറുശലേമിലും ഗലീലയിലും പ്രത്യക്ഷപ്പെടുവാൻ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന് സാധിച്ചത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരായ വിശ്വാസികൾക്കും ലഭിച്ചിരിക്കുന്ന വാഗ്ദാനം "അവൻ സക ലവും തനിയ്ക്കു കീഴ്പ്പെടുത്തുവാൻ കഴി യുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും'' (ഫിലി. 3:21) എന്നാണ്.

ഗിരിപ്രഭാഷണ സമയത്തെപ്പോലെ ക്രിസ്തു തന്റെ ശിഷ്യന്മാരെ ഗലീലയി ലുള്ള ഒരു ഉയർന്ന മലയിലേക്ക് കൂട്ടിക്കൊ ണ്ടുപോയിട്ട് അവിടെവച്ചാണ് പുനരുത്ഥാ നത്തിന്റെ രഹസ്യം അവർക്ക് വെളിപ്പെ ടുത്തുന്നത്. ക്രിസ്തുവിനെ കണ്ടയുടൻ അവർ സാഷ്ടാംഗംവീണ് അവനെ നമ സ്ക്കരിക്കുന്നു. അവരോട് ക്രിസ്തു അരു ളിചെയ്യുന്നത് "സ്വർഗ്ഗത്തിലും ഭൂമിയിലു മുള്ള സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു" വെന്നാണ്. തന്റെ മനുഷ്യാവതാരസമയത്ത് സ്വർഗ്ഗത്തിൽ നിന്ന് സകല അധികാരവുമുപേക്ഷിച്ച് ഈ ലോകത്തിലേക്ക് വന്ന് നമ്മിലൊരുവനെ പ്പോലെ ജീവിച്ച യേശുക്രിസ്തു (ഫിലി. 2:5-11) പുനരുത്ഥാനത്തോടെ തന്റെ പ്രതാ പവും സമസ്താധികാരങ്ങളും വീണ്ടെ ടുത്തു എന്നുവേണം ചിന്തിക്കുവാൻ (മ ത്താ. 28:18). ഇങ്ങനെ സർവ്വാധികാരവു മുള്ള ക്രിസ്തു തന്റെ ശിഷ്യന്മാരിൽ നിന്ന് പ്രതീക്ഷിയ്ക്കുന്നത് എന്താണെന്നുള്ള താണ് ഇന്നത്തെ വായനയുടെ കേന്ദ്രബി ന്ദു. സർവ്വജാതികളുടെയും അടുക്കൽ പോവുകയും, സകലരെയും പഠിപ്പിയ്ക്കു കയും, അവരെ ക്രിസ്തുവിന്റെ ശിഷ്യത്വ ത്തിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് ക്രിസ്തുശിഷ്യരുടെ സുപ്രധാന ദൗത്യം. ഇതിന്റെയൊക്കെ അടയാളമായി അവരെ യെല്ലാം "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ സ്നാനം കഴിപ്പിക്കുകയും" ചെയ്യുവാൻ ഉത്ഥിതനായ ക്രിസ്തു ആഹ്വാനം ചെയ്യു ന്നു. (മത്താ. 28:19-20). ഉയിർപ്പുപെരുന്നാ ളാണ് തങ്ങൾക്കേറ്റവും സുപ്രധാനമായ നിമിഷം എന്നഭിമാനിക്കുന്ന പൗരസ്ത്യസ ഭകൾ ഈ ആഹ്വാനത്തെ എപ്രകാരം പ്രാവർത്തികമാക്കുന്നുവെന്നത് ചിന്തിക്കേ ണ്ടതായിട്ടുണ്ട്. സുപ്രധാനമായ ഉയിർപ്പു പെരുന്നാൾ ആഘോഷിക്കുന്നു എന്നുപറ ഞ്ഞാൽ പെരുന്നാളിന്റെ ശുശ്രൂഷ ശ്രുതിമ ധുരമായും കാനോനികമായ ചിട്ടയോടും കൂടി നടത്തുകയും, നോമ്പു വീടലിന്റെ ഭക്ഷണം കഴിയ്ക്കുകയും ചെയ്യുന്നു എന്നു മാത്രമേ അർത്ഥമുള്ളോ? ഉയിർത്തെഴു ന്നേറ്റ ക്രിസ്തുവിന്റെ ആഹ്വാന മുൾക്കൊണ്ട് തന്റെ സുവിശേഷം ലോക മെമ്പാടും എത്തിയ്ക്കുകയും സുവിശേഷ പരമായി ജീവിച്ച് നമ്മുടെ ജീവി തത്തിലൂടെ ക്രിസ്തുവിന് സാക്ഷികളാകു കയും ചെയ്യുമ്പോഴല്ലേ ഉയിർപ്പിന്റെയാ ഘോഷം പൂർണ്ണമാവുകയുള്ളൂ?

*2011 മെയ് 1*

## ഉത്ഥിതനും മാർത്തോമ്മായും

*(യോഹ. 20:19-31)*

പുനരുത്ഥാനം ചെയ്ത ക്രിസ്തു വിന്റെ വെളിപ്പെടലുകളെക്കുറിച്ച് ഓരോ സുവിശേഷകനും നൽകുന്നത് വ്യത്യസ്ത മായ ചിത്രങ്ങളാണ്. യോഹന്നാന്റെ സുവി ശേഷത്തിൽ നാം വായിക്കുന്നത് മഗ്ദല നക്കാരി മറിയയ്ക്കും, അടച്ചിട്ട മുറിയിൽ കഴിയുന്ന ശിഷ്യന്മാർക്കും തിബര്യോസ് കടലിൽ മീൻ പിടിക്കാൻ പോയ ഏഴു ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെടുന്ന ക്രിസ്തുവിനെ സംബന്ധിച്ചാണ്. ഇതിൽ തന്നെ മഗ്ദലനമറിയത്തോടും, തോമ്മാ ശ്ലീഹായോടും, പത്രോസിനോടുമുള്ള സംഭാഷണ ശകലങ്ങളും അടങ്ങിയിരിക്കു ന്നു. ബാക്കിയുള്ള ശിഷ്യന്മാരോട് ക്രിസ്തു രണ്ടു കാര്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്.

ഒന്നാമത്, യേശുതന്റെ ശിഷ്യന്മാരെ ലോകമെമ്പാടും അയയ്ക്കുകയാണ് ചെയ്യു ന്നത് (യോഹ. 20:21) പിതാവാം ദൈവം തന്നെ അയച്ചതുപോലെ ക്രിസ്തുവും തന്റെ ശിഷ്യന്മാരെ അയ്ക്കുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16) എന്നു പറയു ന്നിടത്താണ് ക്രിസ്തുവിനെ അയച്ചതിന്റെ ലക്ഷ്യം കുടികൊള്ളുന്നത്. ഇതേ ലക്ഷ്യ ത്തോടുകൂടി ക്രിസ്തുവും തന്റെ ശിഷ്യ ന്മാരെ ലോകത്തിന്റെ നാനാഭാഗത്തേക്കും അയയ്ക്കുകയാണ് ചെയ്യുന്നത്. ലോകത്തി ലുള്ള സർവ്വമനുഷ്യരും ജീവനുള്ള ദൈവത്തെ തിരിച്ചറിയുകയും അവനിൽ വിശ്വസിച്ച് തങ്ങളുടെ ജീവിതത്തെ അച്ച ടക്കത്തിലാക്കുകയും ചെയ്യണമെന്നുള്ള താണ് ദൈവേഷ്ടം. സകലജാതികളെയും എന്റെ ശിഷ്യരാക്കിക്കൊള്ളുവിൻ എന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ നിന്നും വായിക്കുന്നതും ഇതേയർത്ഥം ഉൾക്കൊള്ളുന്നയാഹ്വാനമാണ് (മത്താ. 28:19) വി. മർക്കോസിന്റെ സുവിശേഷത്തി ലാകട്ടെ ഉത്ഥിതനായ ക്രിസ്തുവിന്റെയാ ഹ്വാനം "സർവ്വസൃഷ്ടികളോടും" സുവിശേ ഷമറിയിക്കാനാണ് (മർക്കോ 16:15). ദൈവ ത്തിന്റെ രക്ഷാകരപദ്ധതിയാൽ മനുഷ്യർ മാത്രമല്ല സമസ്തസൃഷ്ടികളും ഉൾപ്പെട്ടി രിക്കുന്നുവെന്നു വേണം ഇതിൽ നിന്നും മന സ്സിലാക്കുവാൻ.

രണ്ടാമത്, ക്രിസ്തു തന്റെ ശിഷ്യന്മാ രോട് ആവശ്യപ്പെടുന്നത് പരിശുദ്ധാത്മാ വിനെ പ്രാപിച്ച് സകല മനുഷ്യർക്കും പാപമോചനം നൽകുവാനാണ് (യോഹ. 20:23). ഇത് ഇന്നത്തെ വായനയിൽ മാത്രം കാണുന്ന ശ്രേഷ്ഠമായ ഒരു ഭാഗമാണ്. വി. ലൂക്കോസിന്റെ വിവരണമനുസരിച്ച് സഭ യ്ക്കുപരിശുദ്ധാത്മദാനം ലഭിയ്ക്കുന്നത് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പുക ഴിഞ്ഞ് അൻപതാം നാളിലാണ് (അപ്പോ. പ്ര. 2:4). ഇവിടെയാകട്ടെ ഉത്ഥിതനായ ക്രിസ്തു തന്റെ വെളിപ്പെടലുകളുടെ നാളു കളിൽ തന്നെ തന്റെ കൂടെയുണ്ടായിരുന്ന ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകു ന്നു. "അവൻ അവരുടെമേൽ ഊതി അവ രോട് പരിശുദ്ധാത്മാവിനെ കൈക്കൊ ൾവിൻ" (യോഹ. 20:23) എന്നുപറഞ്ഞ ശേഷം കെട്ടുവാനും അഴിയ്ക്കുവാനുമുള്ള അധികാരം അവർക്ക് നൽകുകയാണ്. ഈ ആത്മീയധികാരമാണ് അപ്പോസ്തോല ന്മാർ പിന്നീട് തങ്ങളുടെ ശിഷ്യന്മാർക്ക് കൈമാറിക്കൊടുക്കുന്നതും ഇന്നും പൗരോ ഹിത്യ നൽവരശുശ്രൂഷയിൽക്കൂടി പകർന്നുകൊടുക്കുന്നതും.

ഭാരതത്തിലെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായെക്കുറിച്ച് പറയുന്ന വേദഭാഗമെന്ന നിലയിൽ ഇന്നത്തെ വായന നമുക്ക് വളരെ പ്രാധാന്യമുള്ളതാ ണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു വെളി പ്പെട്ട രണ്ടവസരങ്ങളിൽ തോമാശ്ലീഹാ ഉൾപ്പെട്ടിരിക്കുന്നു; പന്തിരുവരോടുകൂ ടിയും (യോഹ. 20:24) മത്സ്യബന്ധനത്തി ലേർപ്പെട്ട ഏഴുപേരുടെ സമൂഹത്തിലും (യോഹ. 21:2) അദ്ദേഹമുണ്ടായിരുന്നു വെന്നു കാണാം. എന്തായിരുന്നാലും പന്തിരുവരോടൊപ്പമുള്ള അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ അഭാവത്തിൽ ക്രിസ്തു വെളിപ്പെട്ടപ്പോൾ അതുവിശ്വസി ക്കുവാൻ മാർതോമ്മാ, തയ്യാറായില്ല എന്ന കാരണത്താൽ അദ്ദേഹത്തെ "അവിശ്വാ സിയായ" തോമ്മാ (Doubting Thomas) എന്നുതന്നെ വിളിയ്ക്കാറുണ്ട്. ഇതിൽ എന്തെങ്കിലും വാസ്തവമുണ്ടോ? ഉത്ഥിത

നായ ക്രിസ്തുവിനെ സംബന്ധിച്ചുള്ള സന്ദേശം തന്റെ കൂടെ നടന്ന പന്തിരുവർ ഒരിക്കലും പെട്ടെന്ന് സ്വീകരിക്കുന്നതായി കാണുന്നില്ല. ക്രിസ്തു ഗലീലയിലെ മലമുകളിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പന്തിരുവരിൽ "ചിലരോ സംശയിച്ചു" എന്നു വി. മത്തായി ശ്ലീഹായും (മത്താ. 28:17), താൻ ഉയിർത്തെഴുന്നേറ്റു എന്ന മഗ്ദലനമറിയമിന്റെ വാക്കുകൾ പന്തിരുവർ തള്ളിക്കളഞ്ഞതായും (മർക്കോ 16:11-13) അക്കാരണത്താൽ ക്രിസ്തു അവരെ ശാസിക്കുന്നതായും (മർക്കോ 16:14) വി. മർക്കോസ് ഏവൻഗേലിസ്ഥനും, ഒഴിഞ്ഞ കല്ലറ കാണുകയും മാലാഖയുടെ ഉയിർത്തെഴുന്നേൽപ്പിന്റെ സന്ദേശം ശ്രവിക്കുകയും ചെയ്ത സ്ത്രീകളുടെ അറിയിപ്പ് "കടങ്കഥ" യായി കരുതിയ അപ്പോസ്തോലന്മാരെപ്പറ്റി വി. ലൂക്കോസും (ലൂക്കോ. 24:11) എഴുതുന്നുണ്ട്. ചുരുക്കത്തിൽ, ഉയിർത്തെഴുന്നേല്പിനെപറ്റി പരസ്യശുശ്രൂഷയിൽ യേശുപറഞ്ഞതാണെങ്കിൽ കൂടി അപ്പോസ്തോലന്മാരിൽ ആരും തന്നെ പെട്ടെന്ന് വിശ്വസിക്കുന്നില്ല. ഇതുകൊണ്ട് അവരെയാരും അവിശ്വാസിയെന്നും മുദ്രകുത്താനാവില്ല. തോമ്മാ ശ്ലീഹാ തന്നെ എന്താണ് പറയുന്നത്? യേശുവിന്റെ കൈകളിൽ ആണിപ്പാടുകൾ കാണുകയും അവന്റെ വിലാപ്പുറത്ത് സ്പർശിക്കുകയും ചെയ്യാതെ വിശ്വസിക്കുകയില്ലെന്നാണ് അദ്ദേഹം പറഞ്ഞത് (യോഹ. 20:25). ഇതൊരു സംശയത്തെക്കാളുപരി അദ്ദേഹത്തിന്റെ അവകാശവാദമാണ്. തന്റെ മകന് റാങ്കുകിട്ടി എന്നുപറയുമ്പോൾ ഒരമ്മ പറയുന്നു എന്നുകരുതുക. അവന്റെ പേര് പത്രത്തിൽ കാണാതെ ഞാൻ വിശ്വസിക്കില്ല. അതുകൊണ്ട് ആ അമ്മ അതു വിശ്വസിക്കുന്നില്ലായെന്നുണ്ടോ? മറിച്ച്, തന്റെ മകന് ലഭിച്ച ശ്രേഷ്ഠപദവിയെ വാത്സല്യത്തോടുകൂടി ഹൃദയത്തിലുറപ്പിക്കുന്ന കൂട്ടത്തിൽ ഒരമ്മയുടെ അവകാശമുന്നയിക്കുകയല്ലേ ചെയ്യുന്നത്. മാത്രവുമല്ല, തോമ്മാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനവും ശ്രേഷ്ഠമാണ്. "എന്റെ കർത്താവും എന്റെ ദൈവവുമെ" എന്നുള്ളത് പിന്നീട് ആദിമസഭയുടെ വലിയ വിശ്വാസപ്രഖ്യാപനമായി മാറിത്തീർന്നു എന്ന് ഓർക്കണം (യോഹ. 20:28). മറ്റു ശിഷ്യന്മാരും തന്നെ ഇത്തരത്തിലുള്ള വിശ്വാസ പ്രഖ്യാപനങ്ങൾ നടത്തുന്നില്ല. ഇതിലൊക്കെ ഉപരി നാം ചിന്തിക്കേണ്ട വസ്തുത യേശു ക്രൂശിക്കപ്പെട്ടു കഴിഞ്ഞപ്പോൾ മറ്റു ശിഷ്യന്മാരൊക്കെ അടച്ചിട്ടമുറിയിൽ വിഷാദത്തോടെ കഴിഞ്ഞപ്പോൾ തോമസ് എവിടെയായിരുന്നു എന്നുള്ളതാണ്. അക്കൂട്ടത്തിൽ തന്നെ എടുത്തുപറയേണ്ട ഒരു സംഗതി ഇദ്ദേഹമൊഴികെ മറ്റാരും തന്നെ ഉത്ഥിതനായ ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് സുവിശേഷപ്രവർത്തനത്തിനായി റോമാസാമ്രാജ്യത്തിന്റെ നാലതിരുകൾക്കപ്പുറം യാത്രചെയ്തിട്ടില്ലായെന്നുമുള്ളതാണ്. മാർതോമ്മായാകട്ടെ വളരെ ക്ലേശങ്ങൾ സഹിച്ച് ഭാരതത്തിലെത്തുകയും ഇവിടെയുള്ള വിജാതികളോടു സുവിശേഷമറിയിക്കുകയും ചെയ്തു. എല്ലാക്കാര്യങ്ങളെ സംബന്ധിച്ചും തർക്കിക്കുകയും വസ്തുതകൾ സൂക്ഷ്മമായി പരിശോധിച്ചശേഷം മാത്രം അവയെ അംഗീകരിക്കുകയും ചെയ്ത തോമസ് ഭാരതീയർക്ക് വലിയൊരു മാതൃകയാണ് അവശേഷിപ്പിച്ചത്. സൃഷ്ടിയെപ്പറ്റിയും, ദൈവത്തെപ്പറ്റിയും, മനുഷ്യനെപ്പറ്റിയും ഉള്ള അടിസ്ഥാനപരമായ ചോദ്യങ്ങൾ ചോദിക്കുകയും തങ്ങൾക്ക് ലഭിച്ച ഉൾക്കാഴ്ച വേദങ്ങളിൽക്കൂടിയും ഉപനിഷത്തുകളിൽക്കൂടിയും സംവേദനം ചെയ്ത ഋഷിമാരുടെയും മുനിമാരുടെയും നാട്ടിലാണ് അതേ ആത്മാവ് ഉൾക്കൊണ്ട പാലസ്തീൻ കാരനായ തോമസ് എത്തിപ്പെട്ടത് എന്നുള്ളത് അത്ഭുതകരമായിരിക്കുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായ നാമും അതേ ആവേശത്തിലും ആത്മാർത്ഥതയോടുകൂടെയും ദൈവത്തിൽ നിന്ന് വെളിപ്പെട്ട് കിട്ടുന്ന സത്യങ്ങൾ സമസൃഷ്ടികളോടും ലോകത്തോടും അറിയിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ■



## കൃതജ്ഞത

മേരിക്കുട്ടിയുടെ അകാല വിയോഗത്തിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ഭവനത്തിലും, സംസ്കാരശുശ്രൂഷകളിലും പങ്കെടുത്ത അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, ഡോ. സഖറിയാ മാർ അപ്രേം, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ജോഷ്വാ മാർ നിക്കോദിമോസ് എന്നീ തിരുമേനിമാരോടും, വന്ദ്യ റമ്പാച്ചന്മാർ, പ്രത്യേകിച്ച് ജോസഫ് റമ്പാച്ചനോടും, ബഹുമാനപ്പെട്ട വൈദീകർ, ഇടവക വികാരി കുര്യൻ വർഗീസച്ചൻ, കന്യാസ്ത്രീകൾ, എം.എൽ.മാർ, പഞ്ചായത്ത് പ്രസിഡന്റ്, മെമ്പറന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, ഡോക്ടർമാർ, ഹോസ്പിറ്റൽ സ്റ്റാഫുകൾ, ബാങ്ക് മാനേജർമാർ, പൗരമുഖ്യന്മാർ, ഇടവകാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, നാട്ടുകാർ, എന്നിവരോടുള്ള ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

മറിയാമ്മ വർഗീസ് (65)
(മേരിക്കുട്ടി)
അഞ്ചേരിൽ
മാരൂർ, ഇളമണ്ണൂർ

എന്ന്,

സന്തപ്തരായ കുടുംബാംഗങ്ങൾ

**എ.വി. വർഗീസ്, അഞ്ചേരിൽ**
**മനോജ് വി. അഞ്ചേരിൽ**
**ഡോ. ബിന്ദു റ്റി., അഞ്ചേരിൽ**

# പുരാതന മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രമായ

# കടമ്പനാട് പള്ളി പെരുന്നാൾ - ഏപ്രിൽ 28,29,30

**വേ**രുകൾ തേടിയുള്ള മനുഷ്യന്റെ യാത്രയ്ക്ക് മനുഷ്യോല്പത്തിയോളം ചരിത്രമുണ്ട്. പിതാക്കന്മാരെ ആദരിക്കുന്നതിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കുള്ള താല്പര്യത്തെയാണ് പുരാതനമായ കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഉയർത്തിക്കാട്ടുന്നത്.

**കടമ്പനാട് പള്ളി**

അതിമനോഹരമായ നിലയ്ക്കലിൽ വിശുദ്ധ ശ്ലീഹാ സ്ലീബാ നാട്ടി പുണ്യ ദേവാലയവും പ്രതിഷ്ഠിച്ചു, ആചാര്യരെയും പട്ടം കെട്ടി. പറപ്പാറ്റയുടെ നികൃഷ്ടമായ ആക്രമണത്താൽ അവിടെ താമസിക്കുവാൻ നിവൃത്തിയില്ലാതെ അവിടുത്തെ മുഴുവൻ ജനതയും പ്രാണ രക്ഷാർത്ഥം പ്രയാണമാരംഭിക്കുമ്പോൾ ദേവാലയത്തിന്റെ കുരിശും വഹിച്ചുകൊണ്ട് തീർത്ഥയാത്രയായി കടമ്പനാട്ട് എത്തി ആ കുരിശു നാട്ടി ആരാധന സ്ഥലമൊരുക്കുകയായിരുന്നു നിലയ്ക്കൽ ക്രിസ്ത്യാനികൾ. (ഇസ്സഡ്. എം. പാറേട്ട്, മലങ്കര നസ്രാണികൾ)

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ പള്ളിയുടെ അതേ പതിപ്പായി കടമ്പനാടു പള്ളി പുനർനിർമ്മിക്കുകയായിരുന്നു. അതേ കുരിശും അതേ പള്ളിയും അതേ വിശ്വാസികളും കടമ്പനാടു വന്നപ്പോൾ മാർത്തോമ്മായുടെ പൈതൃകം മുഴുവനായി കടമ്പനാട്ടു ദേവാലയത്തിനു ലഭിച്ചു. ഈ സ്ഥാപനം എ.ഡി. 325-ൽ ആണെന്നാണു പാരമ്പര്യ വിശ്വാസം. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ ഈ പള്ളി മദ്ധ്യതിരുവതാം കൂറിലെ പല പള്ളികളുടെയും തലപ്പള്ളിയാണ്. വലിപ്പം കൊണ്ടും അംഗസംഖ്യകൊണ്ടും മലങ്കരസഭയുടെ തിലകക്കുറിയായി നിലകൊള്ളുന്നു. 2 മീറ്ററോളം വീതിയുള്ള 4 ഭിത്തികളും പനയോലാകൃതിയിലുള്ള മുഖപ്പും വാതായനങ്ങളില്ലാതെ തന്നെ ഉള്ളിൽ നിലനിൽക്കുന്ന ശീതളാനുഭവവും ആത്മീയ അന്തരീക്ഷവും പൗരാണിക വാസ്തുവിദ്യയുടെ മുഖമുദ്രകളായി തിളങ്ങുന്നു.

അനേകർ ഈ ദേവാലയം ദർശിക്കുന്നതിന് ദിനംതോറും എത്തുന്നു എന്നതിന് ഈ ദേവാലയത്തിന്റെ മഹിമ വർദ്ധിപ്പിക്കുന്നു. അനേക ദേവാലയങ്ങളിൽ സമീപ ദേശത്തു തന്നെ നിർമ്മിക്കപ്പെട്ടെങ്കിലും ആയിരത്തിലധികം ഭവനങ്ങളും 2 സ്ക്കൂളുകളും ഉള്ള ഈ ദേവാലയത്തിൽ എല്ലാ ആത്മിക സംഘടനകളും പ്രവർത്തിക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. ജൂലൈ 3, ഡിസം 21 തീതികളിലെ വി. മാർത്തോമ്മാ ശ്ലീഹായുടെ പ്രധാന പെരുന്നാളുകളും എല്ലാ പരിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാളുകളും ഭംഗിയായി കൊണ്ടാടുന്നുണ്ട്.

**പരിശുദ്ധ മൂന്നാം മാർത്തോമ്മ**

1653-മുതൽ 1817 വരെ മാർത്തോമ്മാ എന്ന നാമധേയത്തിൽ 9 മെത്രാന്മാർ മലങ്കര സുറിയാനി സഭയെ നയിച്ചു വന്നു. പകലോമറ്റം പള്ളി വടക്കത്ത് തോമസ് അർക്കദിയാക്കോൻ 1653 മുതൽ 70 വരെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ സഭയെ നയിച്ചു. മഹാനായ മാർത്തോമ്മ എന്നറിയപ്പെട്ടിരുന്ന ഇദ്ദേഹം അങ്കമാലി ചെറിയപള്ളിയിൽ കബറടങ്ങി. തുടർന്ന് 1670-ൽ ആ കുടുംബത്തിലെതന്നെ വൈദികനെ മാർത്തോമ്മാ രണ്ടാമനെന്ന നാമത്തിൽ മെത്രാനാക്കി. 1686-ൽ കാലം ചെയ്ത അദ്ദേഹത്തിന്റെ ഭൗതിക ശരീരം നിരണം പള്ളിയിൽ കബറടക്കി. അദ്ദേഹത്തിന്റെ കാലശേഷം പകലോമറ്റത്തെ തന്നെ ഒരു വൈദികനെ മാർത്തോമ്മാ മൂന്നാമൻ എന്ന പേരിൽ സഭയിൽ മെത്രാനാക്കി. കടമ്പനാടു പള്ളി കേന്ദ്രമാക്കി അദ്ദേഹം മലങ്കരസഭയെ നയിച്ചു. 2 വർഷക്കാലം മാത്രമേ മലങ്കര മെത്രാപ്പോലീത്തായായി ഇദ്ദേഹം ജീവിച്ചിരുന്നുള്ളു എങ്കിലും ഉത്തമ ഭരണ സാരഥി എന്ന നിലയിലും ഭക്ത ശിരോമണി എന്ന നിലയിലും ജീവിതം നയിച്ച മഹാപരിശുദ്ധനായിരുന്നു. 1688-ൽ കടമ്പനാടു വച്ച് കാലം ചെയ്തു. ഏപ്രിൽ 22-ന് വി. മാർത്തോമ്മാ ശ്ലീഹായുടെ പള്ളിയുടെ മദ്ബഹായിൽ കബറടക്കി. ദേശവാസികൾ 'വലിയ അപ്പൂപ്പൻ' എന്ന് ഭക്തിപുരസ്സരം വിളിക്കുന്ന മൂന്നാം മാർത്തോമ്മായുടെ ഓർമ്മപ്പെരുന്നാളും എല്ലാ വർഷവും മേടം 8, 9 തീയതികളിൽ സമുചിതമായി ആഘോഷിക്കുന്നു. എന്നാൽ ഇക്കൊല്ലം ഈ ദിവസങ്ങൾ കഷ്ടാനുഭവ ആഴ്ച ആയതിനാൽ 28,29,30 തീയതികളിലായി ക്രമീകരിച്ചിരിക്കുന്നു. ഇവിടെനിന്നും പിരിഞ്ഞു പോയിട്ടുള്ള തുമ്പമൺ, കായംകുളം, മാവേലിക്കര, കറ്റാനം, കൈപ്പട്ടൂർ, കുടശ്ശനാട്, ഓമല്ലൂർ, പത്തനംതിട്ട, കൂടൽ, മുള്ളനിക്കാട്, ശൂരനാട്, തഴവ, പുത്തൂർ, പട്ടാഴി, കൊട്ടാരക്കര, തെങ്ങമം എന്നിവിടങ്ങളിൽനിന്ന് തീർത്ഥാടകർ പെരുന്നാളിൽ പങ്കെടുക്കുന്നു. മലങ്കരസഭയുടെ സ്വതന്ത്ര ഭരണ സീമയിൽ തദ്ദേശീയനായ മെത്രാന്മാർ അവരോധിക്കപ്പെട്ടപ്പോൾ മാർത്തോമ്മ ഒന്നാമൻ, മാർത്തോമ്മ രണ്ടാമൻ എന്നിവർക്കു ശേഷം വന്ന പകലോമറ്റം തറവാട്ടിലെ സ്വാത്വിക പ്രതിഭ തന്റെ ഭരണ സിരാകേന്ദ്രമായി തെരഞ്ഞെടുത്തതും കടമ്പനാടിനെ തന്നെയാണ്. ഒപ്പം ഒരു ദേശത്തിന്റെ സംസ്കൃതിയും, ചരിത്രവും രൂപപ്പെട്ടു. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ നിറസാന്നിധ്യവും പരിശുദ്ധ മൂന്നാം മാർത്തോമ്മായുടെ കബറിടമെന്ന അമൂല്യ നിധിയും ദൈവതേജസിനോടൊപ്പം ജ്വലിക്കുമ്പോഴുണ്ടാകുന്ന ശോഭയാണ് ഈ ദേവാലയത്തിന് തീർത്ഥാടന ഭാവം നല്കുന്നത്.

2010 മാർച്ച് 7-ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ കല്പനയിലൂടെ പ്രഖ്യാപിച്ച ഈ പുരാതന ദേവാലയത്തിൽ താമസിച്ചു ധ്യാനിക്കുവാനുള്ള അവസരവും, എല്ലാ ബുധനാഴ്ചകളിലും ധ്യാനവും മധ്യസ്ഥ പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നു.

നാനാജാതി മതസ്ഥരും ഒന്നുപോലെ ബഹുമാനിക്കുന്ന ഈ ദേവാലയത്തിന്റെ തീർത്ഥാടന ഭാവം മാനവജാതിക്ക് അമൂല്യമായ അനുഭവമാകട്ടെ!.


വികാരി, ഫാ. തോമസ് മാത്യു, അസി. വികാരിമാർ, ഫാ. ജോജി കെ. ജോയി, ഫാ. തോമസ് പി. മുകളിൽ എന്നിവരോടൊപ്പം ട്രസ്റ്റി ശ്രീ. എം. വി. മാത്യു മഠത്തിലഴികത്ത്, സെക്രട്ടറി ശ്രീ. ജോൺസൺ തുളശ്ശേരി മണപ്പുറത്ത് എന്നിവരും മറ്റ് ഭരണസമിതിയംഗങ്ങളും പെരുന്നാൾ പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

**വികാരി, ഫാ. തോമസ് മാത്യു**

## മൂന്നാം മാർത്തോമ്മാ അവാർഡ്

മലങ്കര സഭാംഗങ്ങളായി സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചവർക്കുള്ള പുരസ്ക്കാരമായി മൂന്നാം മാർത്തോമ്മായുടെ പേരിൽ അവാർഡ് ഏർപ്പെടുത്തുന്നു. മലങ്കരസഭാ ചരിത്രത്തിൽ പരിശോഭിതനായ മൂന്നാം മാർത്തോമ്മായ്ക്ക് ആധുനിക ചരിത്രത്തിന്റെ പ്രണാമം.

## ഒന്നാം ചരമവാർഷികം, 2011 മാർച്ച് 20, ഞായർ



**Late George Verghese Panicker**
(പണിക്കർ പാപ്പച്ചൻ)
**Panicker Veettil, Puthiacavu, Mavelikkara**

## In Loving Memory of

**April 21**



**Late Lt. K.C. Abraham**
**Palamoottil Polakunnil**
**Thonackadu, Mavelikara**

**March 29**



**Late Mrs. Chinnamma Abraham**
**Palamoottil Polakunnil**
**Thonackadu, Mavelikara**

*Inserted by:*

അന്നമ്മ വർഗീസ് ജോർജ്
ഡോ. മേരി & ഡോ. കോരുള
സൂസൻ & ഉമ്മൻ പി. ഏബ്രഹാം
ഡോ. സാറ & ഡോ. നൈനാൻ തോമസ്

സോഫിയ & ഉമ്മൻ വർഗീസ്
ജോൺ പി. പണിക്കർ & സൂസൻ പണിക്കർ
സിബി & റ്റോം കോശി

## For Favours Received





Eliamma O.M., Nellyadi





Rachel Punnoose



Kunjamma Varghese
Gujarat



ഒരു വിശ്വാസി

# SUNDAY SCHOOL NEWS



## ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ)

### ഒ.വി.ബി.എസ്.

അർത്ഥവത്തായ ഒരു വിഷയമാണ് നാം ചിന്തിക്കാൻ എടുത്തിരിക്കുന്നത്. അതേപ്പറ്റി ഒ.വി.ബി.എസ് മുൻ സെക്രട്ടറി ചെറിയാൻ തോമസ് സാർ എഴുതിയ ധ്യാനപുസ്തകത്തിലെ നല്ല ചിന്തകൾ ഓരോ ദിവസമായി കുട്ടികളുടെ ഉള്ളിലേക്കു പകർന്നു കൊടുക്കണം. മാതാപിതാക്കളെ, ഗുരുക്കന്മാരെ, പ്രായമുള്ളവരെയൊക്കെ, ബഹുമാനിക്കുക, ആദരിക്കുക എന്ന രീതി പാശ്ചാത്യ സംസ്ക്കാരത്തിൽ പൊതുവേകുറവാണ്. പ്രിയമുള്ളവരെ വൃദ്ധ മന്ദിരങ്ങളിൽ ആക്കുക എന്നതിൽ അസ്വഭാവികമായി ഒന്നും അവർ കാണുന്നില്ല. വാർദ്ധക്യത്തിലായവർക്കുവേണ്ടി മക്കൾ ത്യാഗം സഹിക്കണമെന്ന ചിന്തയും ഏറെക്കുറെ നഷ്ടപ്പെട്ടു കഴിഞ്ഞു. പാശ്ചാത്യ വിദ്യാഭ്യാസത്തിൽക്കൂടി നമ്മുടെ കുട്ടികളുടെയും ചിന്താധാരകൾ മാറ്റി മറിക്കപ്പെട്ടു "മാതാപിതാക്കളെ അനുസരിക്കുന്നത് ദൈവകല്പനയായി" ഉൾക്കൊള്ളുവാൻ നമ്മുടെ കുട്ടികൾക്ക് ഈ പഠനം മൂലം സാധിക്കണം. വിനോദ ഉല്ലാസപരിപാടികൾക്ക് അമിത പ്രാധാന്യം നൽകി ഒ.വി.ബി.എസിന്റെ ആത്മീയ ഉൾക്കാമ്പ് നഷ്ടപ്പെട്ടു പോകാതിരിക്കാൻ ഏവരും ശ്രദ്ധിക്കണം. നോമ്പിന്റെ നിഷ്ഠകൾക്കും കുറവു വരികയില്ലെന്ന് പ്രത്യാശിക്കാം.

### അവധിക്കാല ക്യാമ്പുകൾ

നമ്മുടെ പരുമല മാർ ഗ്രിഗോറിയോസ് സെന്ററിൽ വെച്ചു നടത്തപ്പെടുന്ന മൂന്നു ക്യാമ്പുകളെപ്പറ്റി വിശദമായ സർക്കുലർ ബന്ധപ്പെട്ട എല്ലാവർക്കും അയച്ചുകൊടുത്തിട്ടുണ്ട്. 10 ലും 12 ലും പ്രവേശിക്കുന്ന കുട്ടികൾക്കായി യഥാക്രമം ഏപ്രിൽ 27-30 നു വരെയും മേയ് 4-7 വരെയുമാണ് ക്യാമ്പ് നടത്തുന്നത്. പഠനത്തിൽ താരതമ്യേന, പ്രയാസവും വൈഷമ്യവും ഉള്ളവരെ സഹായിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ ക്യാമ്പിലും 75 കുട്ടികളെ പ്രവേശിപ്പിക്കാനുള്ള സൗകര്യമേ ഉള്ളൂ. 250 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്. ഏപ്രിൽ 15നകമെങ്കിലും ഇവരുടെ പേരു വിവരങ്ങൾ കേന്ദ്ര ഓഫീസിൽ എത്തിച്ചിരിക്കണം. സാമ്പത്തികമായി പ്രയാസമുള്ള കുട്ടികളുണ്ടെങ്കിൽ അതാതു സൺഡേസ്ക്കൂളുകളോ പള്ളികളോ കുട്ടികളുടെ ചെലവു വഹിക്കണം.

ആദ്ധ്യാപക പരിശീലന ക്യാമ്പ്: ഒരാഴ്ച നീണ്ടു നിൽക്കുന്ന ഈ ക്യാമ്പ് മെയ് 9 മുതൽ 14 വരെയായിരിക്കണം നടത്തപ്പെടുന്നത്. ഒരു ഭദ്രാസനത്തിൽ നിന്നും 5 വീതം 100 പേർക്ക് ഇതിൽ പങ്കെടുക്കാനുള്ള സൗകര്യം ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു. 750 രൂപയാണ് ക്യാമ്പ് ഫീസ്. അത്രയും ഫീസ് കൊടുക്കാൻ പ്രയാസമുള്ളവർക്ക് പള്ളിച്ചെലവിൽ അത് ഉൾപ്പെടുത്തണമെന്ന് പ്രസിഡന്റ് തിരുമേനിയുടെ കല്പന അതാതു പള്ളികൾക്ക് അയച്ചുകൊടുക്കുന്നതാണ്. ഈ ക്രമീകരണങ്ങൾ എല്ലാം നേരത്തെ ചെയ്യുമെങ്കിൽ പേരുവിവരങ്ങൾ നേരത്തെ ലഭിക്കേണ്ടിയിരിക്കുന്നു. അതും ഏപ്രിൽ 15 നകം കേന്ദ്ര ഓഫീസിൽ എത്തിച്ചിരിക്കണം. ഈ ക്യാമ്പുകളെപ്പറ്റി വിശദമായി സർക്കുലറിൽ വിവരിച്ചിട്ടുണ്ട്.

### മരണമില്ലാതെ ഉയിർപ്പില്ല

വീണ്ടും ഒരിക്കൽക്കൂടി കർത്താവിന്റെ കഷ്ടാനുഭവ ദിനാചരണങ്ങളിലേക്കു നാം അടുത്തു വരികയാണല്ലോ. സാത്താനെ ജയിപ്പാനുള്ള ആയുധമായി നാം നോമ്പിനെ പ്രാർത്ഥനകളിൽ ചിത്രീകരിക്കുന്നുണ്ടെങ്കിലും. തിന്മയുടെ ശക്തികൾ വർദ്ധിച്ചു വരുന്നതായിട്ടാണ് ആനുകാലിക സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. എന്നാൽ യഥാർത്ഥ വിശ്വാസികൾ ഇതിൽ പരിഭ്രമിക്കേണ്ടതില്ല. വലിയ നോമ്പിലും കർത്താവിന്റെ കഷ്ടാനുഭവ ദിനങ്ങളിലും കുട്ടികൾ കടന്നു പോകുമ്പോൾ നമ്മിൽ ഓരോരുത്തരിലും മരിക്കപ്പെടേണ്ട തിന്മകളക്കുറിച്ച് കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. കുട്ടികളിലും തിന്മപ്രവണതകൾ കൂടുതലായിക്കൊണ്ടിരിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആസക്തികളുടെ വർദ്ധനവ് തന്നെ ഒരു ഉദാഹരണം. മദ്യം, മയക്കുമരുന്ന്, അശ്ലീല പ്രവർത്തനങ്ങൾ, മൊബൈൽ, ഇന്റർനെറ്റ്, ഇരുചക്രവാഹനങ്ങൾ എന്നിവയുടെ ദുരുപയോഗം തുടങ്ങി പല കാര്യങ്ങളിലും യുവലോകത്തിന് ഉണ്ടായിരിക്കുന്ന ആസക്തികളെ നിയന്ത്രിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു. അങ്ങനെ തിന്മകൾ ഉള്ളിൽ മരിക്കുമ്പോൾ ക്രിസ്തുവിന്റെ ഉയിർപ്പിന്റെ അർത്ഥം ആന്തരാത്മാവിൽ ബോദ്ധ്യപ്പെടും. അത്തരത്തിൽ ഉയിർപ്പ് നമുക്ക് ഒരു ആത്മീയാനുഭവമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

Easter

ലാലു കെ. ജോൺ, കൊച്ചേരിൽ


# കർത്താവ് ഉയിർത്തെഴുന്നേറ്റു അവൻ സത്യമായും...

പാപത്തിന്റെ പ്രവാസത്തിൽ നിന്ന് മനുഷ്യകുലത്തെ രക്ഷപ്പെടുത്തുവാൻ വേണ്ടി കുരിശുമരണത്തെ സ്വന്ത കർത്തവ്യമായി കൈപ്പറ്റി ക്രൂശിലേറിയ ക്രിസ്തുവിനെക്കുറിച്ച് ഓർക്കുമ്പോഴും ക്രൂശിതനായ ക്രിസ്തുവിന്റെ രൂപമുള്ള കുരിശുകൾ കാണുമ്പോഴും ആലോചിക്കാറുണ്ട് മനുഷ്യശരീരം പീഡനത്തിന്റെ ഏതറ്റത്താണ്, വേദനകളോട് പ്രതികരിച്ചു യാതനയുടെ കുരിശ് സ്വയം സഹിക്കുന്നത് എന്ന്. മറ്റ് വികാരങ്ങളിൽ നിന്ന് വ്യത്യസ്തമായി വേദനയ്ക്കുള്ള ഒരു പ്രത്യേകത വേദനിക്കുന്ന ശരീരഭാഗത്തെ നമ്മുടെ ബോധം തന്നെ ശത്രുവായിക്കാണുന്നു എന്നുള്ളതാണ്. അത്തരം ഒരവസ്ഥയിലാവാം ദൈവപുത്രൻ ആയിരുന്നുവെങ്കിലും മനുഷ്യപുത്രൻ കൂടിയായിരുന്ന ക്രിസ്തു കുരിശിൽ കിടന്നുകൊണ്ട് നാലാമത്തെ വാചകം. “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്തേ” എന്ന് അത്യുച്ചത്തിൽ നിലവിളിച്ചത്.

മനുഷ്യർക്കിടയിലും മനസ്സുകൾക്കിടയിലും നവീകരണത്തിനു ശ്രമിച്ച ക്രിസ്തുവിനു നേരെ വിരൽ ചൂണ്ടി ഒരുവൻ ഇവൻ രാജ്യദ്രോഹി എന്ന് വിളിച്ചു പറഞ്ഞു. യഹൂദജനം ഒന്നടങ്കം അത് ഏറ്റു കൂവി. ആ ആരവംകേട്ട് വീടുകൾ വിട്ട് പുറത്തിറങ്ങി തെരുവിൽ തിളച്ചുനിന്നവരും അതേറ്റു പാടി. പക നിറഞ്ഞ ദയയറ്റ പരിഹാസപദങ്ങൾ. നാവിൽ നിന്ന് തുപ്പി. മടക്കിയ മുഷ്ടികൾ അന്തരീക്ഷത്തിലേയ്ക്ക് വലിച്ചെറിഞ്ഞ ജനതതി!! മുഖങ്ങൾ പലതാണെങ്കിലും സ്വരം ഒന്നായി വിളിച്ചുകൂവി ഇവൻ രാജ്യദ്രോഹി, ഇവൻ രാജ്യദ്രോഹി ഇവനെ ക്രൂശിക്കുക ക്രൂശിക്കുക എന്ന്. ശൂന്യതയിൽ ഉയരുന്ന ശബ്ദങ്ങൾ!! നിർദ്ദയമായ വാക്കുകൾ!!

(നോക്കൂ, ആൾക്കൂട്ടത്തിന്റെ വികാരങ്ങളിലും സമചിത്തതയില്ലായ്മയിലും ആവേശിച്ച സമൂഹം നിരായുധനും നിരപരാധിയുമായ ഒരുവനെതിരെ കളങ്കം ചാർത്തി എത്ര തന്മയത്വമായി അവനെ നശിപ്പിച്ചുവെന്ന്! കൂടുതൽ ആൾക്കാർ പറയുന്നതു കൊണ്ടും ചെയ്യുന്നതു കൊണ്ടും മാത്രം ഏതെങ്കിലും ഒരു കാര്യം ശരിയായിക്കൊള്ളണമെന്നില്ല. അതൊട്ടു Democracy യുമല്ല മറിച്ച് Mobocracy ആണ്. അതേപോലെ തന്നെ വിവേചനബുദ്ധി നേരാംവണ്ണം ഉപയോഗിക്കാനറിയാത്ത രാജാവായാലും ജനപ്രിയ രാഷ്ട്രീയക്കാരനായാലും അധികാര ഭദ്രതക്കു വേണ്ടി ആൾക്കൂട്ടത്തിന്റെ വികാരങ്ങളെ മുൻവിധികളോടെ പിൻപറ്റുമ്പോൾ സത്യത്തിനും നീതിക്കും ഇടയിൽ ഒരു ശൂന്യത സൃഷ്ടിക്കപ്പെടുന്നു. ഇതിനെ നമുക്ക് അനീതി എന്ന് വിളിക്കാം. ഭൂമിയുടെ ആഹ്ലാദങ്ങളിൽ അധികാരത്തിന്റെ സ്വാദ് ആഗ്രഹിക്കുന്ന ഏതൊരാൾക്കും സത്യവും ധർമ്മവും സഭ്യതയും സദാചാരവുമൊന്നും വിഷയമാകുവാൻ തരമില്ലല്ലോ, യുക്തിയെ ആശ്രയിക്കുകയല്ലാതെ. നിരർത്ഥക ശബ്ദങ്ങളിലും തിരിച്ചറിയാനാവാത്ത തിരക്കുകളിലും ആഴ്ന്നിറങ്ങി മുഖം നഷ്ടപ്പെട്ട ആൾക്കൂട്ടവും ഭരണാധികാരികളും എന്നും ഒന്നുപോലെയാണല്ലേ.)

കുരിശിന്റെ ഇരുവശങ്ങളിലേക്കും അല്പം ഉയർത്തി വലിച്ചു നീട്ടി ഇരുമ്പാണിയടിച്ച് ഉറപ്പിച്ചിരുന്ന കൈകളും ഒന്നിനുമേൽ ഒന്നായി നിലകൊള്ളുന്ന കാലുകളും എന്നിൽ സൃഷ്ടിക്കുന്ന ക്രിസ്തു ശരീരത്തിന്റെ രൂപം ‘Y’ എന്ന ആംഗലേയ അക്ഷരമാണ്. ‘Y’ എന്ന അക്ഷരത്തെ ശബ്ദാക്ഷരമായി കേട്ട് എഴുതുമ്പോൾ അത് ‘WHY’ എന്ന ചോദ്യമാകുന്നു. ഈ ആംഗലേയ പദത്തിന് നിഘണ്ടുവിൽ കൊടുത്തിരിക്കുന്ന അർത്ഥങ്ങൾ-എന്ത്, എന്തുകാരണങ്ങൾ, എന്തുകൊണ്ട് എന്നൊക്കെയാണ് മറ്റു ചിലപ്പോൾ ‘WHY’ അത്ഭുത പ്രകടനത്തിനായും ഉപ



യോഗിക്കുന്നു.

എല്ലാ നല്ല മൂല്യങ്ങളും എന്റെ പാപപരിഹാരത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ക്രിസ്തുവാണെന്ന് ഞാൻ ബോധപൂർവ്വം മറക്കുമ്പോൾ പാപസുഖങ്ങളിലേക്ക് ആകൃഷ്ടനായി നന്മകളെ എരിയിച്ചുകളയുമ്പോൾ, വ്യാജപ്രതിച്ഛായ സൃഷ്ടിക്കുന്നതിന് മറ്റുള്ളവരുടെ വില മതിക്കാനാവാത്ത മൂല്യങ്ങളെ നുണകൾകൊണ്ടും പരദൂഷണങ്ങൾകൊണ്ടും ഉടച്ചുകളയുമ്പോൾ, സത്യത്തിന് സാക്ഷിയാകാതിരിക്കുവാൻ ശ്രമിക്കുമ്പോൾ, സ്വയം പ്രശംസിച്ച് ചിരിക്കുമ്പോൾ ഏക തല സ്പർശിയായ യാഥാർത്ഥ്യങ്ങളെ മാത്രം കാണുമ്പോൾ മറ്റുള്ളവരുടെ നിസ്സഹായതകൾ കണ്ട് ചുണ്ടിൽ വഷളൻ ചിരി എടുത്തണിയുമ്പോൾ എല്ലാ തെറ്റുകളുടെയും അടിസ്ഥാനമായ മറവി എനിക്കുണ്ടാകുമ്പോൾ ഒക്കെ ചോരയൊലിക്കുന്ന കൈകളും താങ്ങാനാവാത്ത വേദനയുമായി കുരിശിൽ പുളയുന്ന ക്രിസ്തു എന്നോടു ചോദിക്കുന്നു WHY...? ഈ ചോദ്യത്തെ അവഗണിച്ച് വിലക്കുകളുടെ പ്രേരണകളെ ഞാൻ തേടുമ്പോൾ 'WHY' ഒരു ചോദ്യപദമെന്നതിനപ്പുറം എന്നേക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടപ്പെട്ടതിന്റെ വേദനയിൽ ക്രിസ്തുവിൽ നിന്ന് ഉയരുന്ന അതികഠിനമായ രോദനമായിട്ടാണ് എനിക്ക് തോന്നുന്നത്.

എന്നിട്ടുമെന്തേ ക്രിസ്തുവിനെ ഞാൻ എന്റെ ഉന്നവും ലക്ഷ്യവും അഭയസ്ഥാനവുമാക്കി തീർക്കാൻ ശ്രമിക്കാതെ, ഒരു പിടി ന്യായീകരണങ്ങളിലൂടെ എല്ലാ മൂല്യനിഷേധങ്ങളേയും മാറ്റുകൂട്ടുന്ന മൂല്യങ്ങളായി മറ്റുള്ളവർക്കു മുൻപിൽ നിരത്തി നാട്യസംസ്ക്കാരത്തിലേക്ക് അല്ലെങ്കിൽ തിരിച്ചറിയാനാവാത്ത വ്യാജ പ്രതിച്ഛായകളുടെ ഇരുണ്ട സംസ്ക്കാരങ്ങളിലേക്ക് ഞാൻ പിൻതിരിഞ്ഞു നടക്കുന്നത്?

എന്റെ ഉള്ളിൽ എന്നോടൊപ്പം ജീവിച്ച് എനിക്ക് താങ്ങും തണലുമാകേണ്ട ക്രിസ്തുവിനെ ഓരോനിമിഷവും കളങ്കപൂരിതമായ ചിന്തകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും കൊല്ലുകയും മനസ്സിൽ അഴുകാൻ അനുവദിക്കുകയും ചെയ്യുന്നതുവഴി എന്നിൽ ഉണ്ടാവേണ്ട പരിശുദ്ധാത്മ ശക്തിയാലുള്ള പുതുജീവിതത്തിന്റെ തുടക്കത്തിന് ഞാൻ തടയിടുകയല്ലേ ചെയ്യുന്നത്.

**എങ്കിലും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ നീട്ടിയ കൈകൾകൊണ്ട് എന്നെ കാരുണ്യത്തോടെ സംരക്ഷിക്കുകയും മാനവരാശിയെ അനുഗ്രഹിക്കുകയും ചെയ്യുന്നു എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.** ■



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം


# സമ്യഗ് ദർശനം

"അത്താഴം" ഒരു വിടവാങ്ങലിനു മുമ്പു സംഭവിക്കുന്ന ഭക്ഷണമേശയുടെ അടയാളമാണത്. ഒരുറക്കത്തിനു മുമ്പും ഒരുണർവ്വിനു വേണ്ടിയും സംഭവിക്കുന്നതാണ്. ഉറക്കത്തിൽ ഒരു പുതുക്കത്തിനുവേണ്ടിയുള്ള മൗനവും ഉണർവ്വ് ആ മൗനം ഭേദിക്കുന്ന ആഘോഷവുമാണ്. നിലത്തിനുവേണ്ടി കരുതിയ വിത്തിന് പുതുക്കത്തിനുവേണ്ടിയുള്ള മൗനവും അതു നാമ്പിടുമ്പോൾ ആ മൗനത്തെ ഭേദിക്കുന്ന ആഘോഷവുമുണ്ട്. ഓരോ അത്താഴങ്ങളും ആഘോഷിക്കപ്പെടുന്നിടത്ത് ദൈവം ഈയൊരു മൗനവും അതിന്റെ ശേഷമുള്ള പുതുനാമ്പിന്റെ ആഘോഷവും കരുതിയിട്ടുണ്ട്.

പ്രിയനിൽ പച്ചപ്പോടെ ചുറ്റിപ്പടർന്ന് പന്തലിച്ചിരിക്കുന്ന പ്രീയതമ അവർ ഒരുമനപ്പെടലിൽ ദൈവത്തെ തിരിച്ചറിയുന്നവരും സ്വയം അറിയുന്നവരുമാകുന്നു. കണ്ണിൽ കണ്ണിൽ നോക്കിയിരിക്കുന്ന അവരുടെ ഇടയിലെ മൗനത്തിന്റെ ആഘോഷമായി ഒലിവുതൈകളുടെ നാമ്പായി കുഞ്ഞുങ്ങൾ. ഈ അത്താഴമേശയിൽ നിന്ന് അന്യപ്പെട്ടുപോകുന്ന ധൂർത്തൻ എല്ലാവരിലും ഒരു ഭാവമാകാറുണ്ട്. എന്നാൽ ഈ അത്താഴമേശയിലേക്ക് മടങ്ങി വരുംവരെ അവനുവേണ്ടി ഒരു പ്രകാശത്തിന്റെ കണ്ണ് അവിടെ ജ്വലിക്കുന്നു. എന്നുവരുമ്പോഴാണ് അത്താഴമേശകൾ സമഗ്രമാകുന്നത്. പ്രകാശത്തിന്റെ തേടുന്ന കണ്ണില്ലാത്തതാണ് ഇന്നിന്റെ അത്താഴ മേശകൾ സമഗ്രമാകാത്തതും.


താലത്തിൽ കൈമുക്കുന്നവൻ അത്താഴമേശയിൽ നിന്നും അന്യപ്പെടാൻ പോകുന്നുവെന്ന് ഗുരു ഓർമ്മിപ്പിക്കുകയാണ്. ആ ഓർമ്മപ്പെടുത്തൽ മറന്നുകളഞ്ഞ് താലത്തിൽ കൈമുക്കിക്കൊണ്ടിരിക്കുന്നവർ എത്രപേരുണ്ടാകും. അന്യപ്പെട്ടവൻ ആത്മാവ് കൂടി അന്യപ്പെടുത്തി എന്നു കാണുമ്പോൾ ഒരു അത്താഴമേശ നമുക്ക് നമ്മുടെ പിടിപ്പുകേടുകൊണ്ട് സമാധാനത്തിനപ്പുറം ഒരു ദുരന്തംകൂടെ കരുതിവച്ചിട്ടുണ്ടെന്ന് ഓർക്കേണ്ടതല്ലേ? അത്താഴമേശയിലെ അനുരഞ്ജനം ധ്രുവീകരണമായി മാറരുതെന്നുണ്ടോ? ജീവൻ വരുമെന്നു വിചാരിച്ചിടത്ത് മരണം കടന്നു വരരുതെന്നില്ലല്ലോ? പുതുക്കത്തിൽ ഗുരു പറഞ്ഞു വച്ചിരിക്കുന്നത് തിരുവത്താഴമേശ മാത്രമാണ്. ഹൃദയത്തിൽ, സൗഹൃദങ്ങൾക്കിടക്ക്, കുടുംബത്തിന്റെ ഇടനാഴികളിൽ, ആരാധക സമൂഹത്തിന്റെ ബലിവേദിയിൽ, ജീവിതത്തിന്റെ എല്ലാ ഇടപെടലുകളുടെ ഇടനേരങ്ങളിലും മർക്കോസിനെപ്പോലെ ഒരു തിരുവത്താഴ മാളിക നമുക്ക് ഒരുക്കാനുണ്ടാകണം എന്നാണ് യേശു ഓർമ്മപ്പെടുത്തുന്നത്.

അത്താഴത്തിൽ ബദ്ധശ്രദ്ധനാകുന്നവൻ അകത്തു നില്ക്കുന്നുവെന്ന് ഗുരു പറയുന്നു. അത്താഴവിളി കേട്ടവൻ വന്നുകൊള്ളണമെന്നില്ല. വിളിയാൽ വന്നവൻ പരിഗണിക്കപ്പെടണമെന്നുമില്ല. ധരിച്ച വസ്ത്രത്തിന്റെ പേരിൽ പോലും ഇരുട്ടിലേക്ക് കരച്ചലിലും പല്ലുകടിയിലേക്കും വീണുപോകുന്നു. തിരുവത്താഴമേശ ഓർമ്മിപ്പിക്കുന്നത് കൊള്ളപ്പെടുന്നവനും തള്ളപ്പെടുന്നവനും ഉണ്ടെന്നാണ്. തിരുവത്താഴ മേശയ്ക്കു ശേഷമുള്ള മൗനം പുതുനാമ്പായി ഉത്ഥാനമേശയുടെ ആഘോഷങ്ങളിലേയ്ക്കാണ് നമ്മെ കൂട്ടിക്കൊണ്ടു വരിക. ഓർമ്മയ്ക്കായി ഗുരു തന്ന തിരുവത്താഴ മേശ ആത്യന്തികമായ അത്താഴമേശയിലേക്ക് (ദൈവരാജ്യം) നമ്മെ ദിനവും ഒരുക്കാനുള്ളതാണ് എന്ന ചിന്ത നമ്മിൽ കനൽപോലെ വീഴേണ്ടതല്ലേ? ■



Youth

ഫാ. വിൽസൺ മാത്യു
(ബേസിൽദയറ)



# Silence in Resurrection

**നമ്മുടെ മൗനത്തിന്റെ അർത്ഥമറിയാത്തവർ നമ്മുടെ വാചാലതകളുടെ അർത്ഥം തീരെയും ഗ്രഹിക്കില്ല...**

**വാ**ക്കുകളുടെയും, പെരുമാറ്റത്തിന്റെയും തലത്തിൽ നാമിനിയും ഉയരുവാനുണ്ട്. കഠിനവാക്കുകൾക്ക് സൗമ്യമനസ്സുകളെ സ്പർശിക്കുവാൻ സാധിയ്ക്കില്ലെങ്കിലും, സൗമ്യവചസ്സുകൾക്ക് ഏതു കഠിനഹൃദയത്തെയും സ്വാധീനിയ്ക്കുവാൻ സാധിയ്ക്കും എന്ന ചിന്ത നമ്മെ ഭരിയ്ക്കണം. "ഇവർ നിന്റെ നേരെ ഇത്രയേറെ ആരോപണങ്ങൾ ഉന്നയിച്ചിട്ടും നീ ഒരു മറുപടിയും പറയുന്നില്ലല്ലോ?" എന്ന് പീലാത്തോസ് അത്ഭുതപൂർവ്വം യേശുവിന്റെ നിശബ്ദതകണ്ട് ആരായുന്നുണ്ട്. എതിരാളികളുടെ വാചകക്കസർത്തുകൾക്കും, കള്ളസാക്ഷ്യങ്ങൾക്കുമിടയിൽ ന്യായമായതുപോലും മറച്ചുപിടിയ്ക്കുന്ന യേശു നമുക്കൊരു ധ്യാനചിന്തയും, ധ്യാനവും, ലക്ഷ്യവുമാകണം.

"ഞാൻ തന്നെ വഴിയും, സത്യവും, ജീവനുമാണെന്ന് പഠിപ്പിച്ചവൻ എന്താണ് സത്യമെന്ന പീലാത്തോസിന്റെ ചോദ്യത്തിനുമുമ്പിൽ നിശബ്ദനായി. നേരിട്ടുകണ്ടിട്ടും അറിയാത്തവനോട്, നിശബ്ദതയിലെ 'സത്യസത്ത' ഉൾക്കൊള്ളാത്തവനോട്, വിശകലനം നടത്തേണ്ട ആവശ്യമില്ല എന്ന് തമ്പുരാൻ ഉറപ്പിക്കുകയായിരുന്നു.

ചുറ്റുപാടിൽ നിന്നകന്ന് മരുഭൂമിയിൽ ഏകാന്തനായിരുന്ന് പിതാവിനോട് സംസാരിച്ച പുത്രനോട്, വാചാലതയുടെ നൂതന സൂത്രവുമായി, സാത്താൻ രംഗപ്രവേശം ചെയ്യുന്നു. സുഖസമൃദ്ധമായ ചുറ്റുപാടിലിരുന്ന് സുഖസമൃദ്ധിയെപ്പറ്റി ചർച്ചചെയ്യുന്നതിനുപകരം, മരുഭൂമിയിലെ ചൂടിലും, വിശപ്പിലുമിരുന്ന് സുഖചിന്ത ഉദിപ്പിയ്ക്കുന്നത് ഒന്നുകൂടി എളുപ്പമല്ല? ഏ. സി. മുറിയിലിരുന്ന് നടത്തുന്ന ബിസിനസ് തന്ത്രത്തെക്കാളുപരി, ഇത്തരം ചില തന്ത്രങ്ങളിലെ വാചാലതയാണ് സാത്താനിഷ്ടം.

'മഹാപുരോഹിത പ്രാർത്ഥനയ്ക്ക് ദീർഘസമയം ചിലവഴിച്ച തമ്പുരാൻ, പെസഹാനുഭവത്തിലും പീഢാനുഭവത്തിലും ഉച്ചരിച്ച വാക്കുകൾ പരിമിതമായിരുന്നു. ദീർഘങ്ങളായ ഉപദേശത്തെക്കാളുപരി, സഹനതയുടെയും, ത്യാഗത്തിന്റെയും ശബ്ദരഹിതവും, രൂപരഹിതവുമായ സത്തകളാണ് തമ്പുരാനിവിടെ സംവേദിപ്പിച്ചത്.

ക്രൂശിന്മേൽ പ്രാണനെ വെടിഞ്ഞ സമയത്ത് ദേവാലയത്തിലെ തിരശ്ശീല മുകൾതൊട്ട് അടിയോളം ചീന്തിപ്പോയി എന്നു നാം വായിക്കുന്നു. ദേവാലയത്തിൽ മാലാഖമാരുടെ പ്രതിഷേധസ്വരം ആരും കേട്ടില്ല. ക്രിസ്തീയ ആരാധനയുടെയും, ബലിഅർപ്പണത്തിന്റെയും പുതിയൊരു രൂപമാണിവിടെ നാം കാണുന്നത്. 'തന്റെ ദേഹമെന്ന തിരശ്ശീലയാണിവിടെ ചീന്തിയത്. പ്രതീകാത്മകമായി യേശു പ്രാണനെ വെടിഞ്ഞ അനുഭവം ഇവിടെ പ്രകടമാക്കുകയായിരുന്നു. പിതാവിനോടു സമനായവൻ, ഉന്നതത്തിൽ നിന്നിറങ്ങി പാപികളായവർക്കുവേണ്ടി ജീവൻ ഹോമിച്ച ദിവ്യാനുഭവമാണ് മുകൾതൊട്ട് അടിയോളം ചീന്തിയ തിരശ്ശീല നമ്മെ പഠിപ്പിയ്ക്കേണ്ടത്. മൃഗബലികൾക്കുപകരം, ഇനിയും മുതൽ ദേവാലയങ്ങളിൽ അനുഷ്ഠിയ്ക്കുവാൻ പോകുന്ന തിരുശരീരരക്തങ്ങളുടെ ആഘോഷവും, പ്രതിഷ്ഠയുമാണ് ചീന്തിയ തിരശ്ശീലയുടെ സന്ദേശം. സ്തുതികളിന്മേൽ അധിവസിക്കുന്നവൻ മാലാഖമാരുടെ സ്തുതിപ്പുകൾ ഒത്തിരികേട്ടതാണ്. ഇനിയുള്ളൊരു സ്തുതിപ്പും അതിനുസമവുമല്ല. മാലാഖമാരുടെ സ്തുതിപ്പും, പിതാവിന്റെ സാക്ഷ്യവും കേട്ടവൻ ബലഹീനമനുഷ്യരുടെ വാക്കുകളിൽ വിഷണ്ണനാകയില്ല എന്ന സത്യമാണ് നിശബ്ദതയുടെ ആത്മികസന്ദേശം. മരണത്തിൽ നിന്നുള്ള ഉത്ഥാനം പ്രതീക്ഷാഭരിതമാണ്. ദൈവം മനുഷ്യനായതും മനുഷ്യനായവൻ ഉയിർത്തെഴുന്നേറ്റതും വർണ്ണനാതീതമാണ്. ഉത്ഥാനത്തിനു പിന്നിലെ മരണവും, മരണത്തിനപ്പുറത്തുള്ള ഉത്ഥാനവും പ്രസക്തമാണ്. സംഗീതജ്ഞന് ഒരു പകരണം നഷ്ടപ്പെട്ടാലും, വേറൊന്നു കിട്ടും. മനുഷ്യവർഗ്ഗം പൊട്ടിപ്പോയ സംഗീത ഉപകരണത്തോട് താദാത്മ്യപ്പെടുന്നതിനുപകരം, സംഗീതജ്ഞനോട് താദാത്മ്യപ്പെടണം. മരിച്ചുയർത്ത 'ദിവ്യ സംഗീതജ്ഞനിൽ' നിന്നും ഉയിർപ്പിന്റെ സംഗീതം ദർശനമായി നാം പ്രാപിയ്ക്കണം. സഹോദരങ്ങളിലെ 'പൂർണ്ണത' കണ്ടെത്തുന്നതിനുപകരം, അതിനുപയുക്തമാകുന്ന മാർഗ്ഗങ്ങൾ നമുക്ക് പകർന്നു നല്കാം.

*"ഏഴുപ്രാവശ്യം എന്റെ മനസ്സിനെ ഞാൻ നിരസിച്ചു.*

- സൗമ്യത ഭാവിച്ച് ഉന്നതിപ്രാപിയ്ക്കുവാൻ വെമ്പിയപ്പോൾ
- മുടന്തർക്കുമുമ്പിൽ മുടന്തിനടന്ന് വിധേയത്വത്തിനു ശ്രമിച്ചപ്പോൾ
- പ്രയാസമുള്ളതും, പ്രയാസരഹിതവുമായവയിൽ പ്രയാസമുള്ളത് തിരഞ്ഞെടുത്തപ്പോൾ
- ഒരു തെറ്റുചെയ്യുകയും, മറ്റുള്ളവരും അങ്ങനെയൊക്കെ സാധാരണ ചെയ്യുന്നതാണെന്നു പറഞ്ഞ് സ്വയം സ്വാന്ത്വനപ്പെടുത്താൻ ശ്രമിച്ചപ്പോൾ
- ശക്തിരാഹിത്യത്തിനു മുമ്പിൽ മുഖം തിരിച്ച് സ്വന്തം ശക്തിയെ ക്ഷമാശീലത്തിനു തുല്യം കണക്കാക്കിയപ്പോൾ
- സ്വന്തം പൊയ്മുഖത്തിന്റെ തന്നെ അടയാളമാണെന്നറിയാതെ മറ്റൊരു മുഖത്തിന്റെ വൈരൂപ്യത്തെ തള്ളിപ്പറയുമ്പോൾ.
- ഒരു സ്തുതിഗീതം ആലപിച്ച് അതൊരു പുണ്യമായി ഗണിച്ചപ്പോൾ"

(ഖലീൽ ജിബ്രാൻ)

■

# ബുദ്ധിമാൻ

ഫാ. മുകളിൽ

BUDHIMAN




# അഖില മലങ്കര മർത്തമറിയം സമാജം ഒരുക്കുന്ന ജറുശലേം യാത്ര

## 80 സമാജാംഗങ്ങൾക്ക് കൂപ്പൺ പിരിവിലൂടെ സബ്സിഡി നൽകുന്നു

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ "അഷ്ടദശതി" (80-ാം വാർഷികം) വർഷാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ് അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ യേശുക്രിസ്തുവിന്റെ ജനന-മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശുദ്ധനാട് സന്ദർശിക്കുവാൻ വിശ്വാസികൾക്ക് അവസരം ഒരുക്കുന്നു.

- അഭി. തിരുമേനിമാർ, വൈദികർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

*2011-ൽ ഫെബ്രു. 24, ഏപ്രിൽ 25, മെയ് 10, ജൂൺ 15*



നവാഭിഷിക്ത തിരുമേനിമാർ ബേദ്ലഹേം പള്ളിയിൽ വി. കുർബാന അർപ്പിച്ചപ്പോൾ

*Contact:-*

**H.G. Dr. Zacharia Mar Theophilos (President)**
**Fr. John Sankarathil, (Samajam Vice President)**
**Accamma Paul (General Secretary)**
**Ph: 9847478894, 0481-2582518, 2571840, 9447123321**
**e-mail: sankarathilachen@gmail.com**
**web: www.biblicaldiscoverytours.com**



# ചുറ്റുവട്ടം

ജോയി കുളനട



## വെക്കേഷൻ ബൈബിൾ ക്ലാസ്സ്

സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ നടത്തി വരുന്ന വെക്കേഷൻ ബൈബിൾ ക്ലാസ്സ് 2011 മെയ് 9 മുതൽ 21 വരെ നടത്തപ്പെടുന്നു. സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും, പ്രഗത്ഭരായ വേദശാസ്ത്ര പണ്ഡിതരും നേതൃത്വം നൽകുന്നു. ബൈബിൾ പഠനം, വിശ്വാസ പഠനം, കൗൺസലിംഗ്, ആദ്ധ്യാത്മിക പരിശീലനം, എന്നിവയിലൂടെ ദിശാബോധമുള്ള തലമുറയെ സൃഷ്ടിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. എസ്.എസ്.എൽ.സി. മുതൽ മുകളിലോട്ട് പഠിക്കുന്ന ആദ്യം രജിസ്റ്റർ ചെയ്യുന്ന 80 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 500 രൂപ. വികാരിയുടെ കത്തുമായി വരുന്നവർക്ക് 450 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **പ്രിൻസിപ്പാൾ, സെ. പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര-3. 0479-2302473.**

## ഡോക്ട്രേറ്റ്



ഭാരതത്തിലെ പാശ്ചാത്യ സുറിയാനി സംഗീത പാരമ്പര്യം എന്ന വിഷയത്തിൽ സീരി (സെന്റ് എഫ്രേം എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്) ഇന്റർനാഷണൽ ഫാക്കൽറ്റി ഡോക്ടറൽ ബിരുദം നൽകിയ ഫാ. എം. പി. ജോർജ്. ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകനും, ശ്രുതി സ്ക്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക് ഡയറക്ടറുമാണ്.

## സൺഡേസ്ക്കൂൾ വിജ്ഞാനി 2010

ജസ്റ്റിൻ ആന്റു ജെയിംസ്. ജനറൽ നോളജിന് സോണൽ തലത്തിൽ 2-ാം സ്ഥാനം ഇളംകുളം സെന്റ് മേരീസ് ഇടവക.




## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 20,000 |
| Front Inside (Colour) | : | 15,000 |
| Back Inside (Colour) | : | 15,000 |
| Inner Page (Colour) | | |
| Full | : | 12,000 |
| Half | : | 6,500 |
| Quarter | : | 3,250 |
| Favours Block (Minimum) | : | 750 |
| Full page (B & W) | : | 5000 |
| Half page (B & W) | : | 3000 |
| Quarter page (B & W) | : | 2000 |
| Minimum (B & W) | : | 1000 |
| Matrimonial | : | 1000 |
| Favours Block (B & W) (Stamp Size) | : | 500 |




ജസ്റ്റിൻ ജോയി മെമ്മോറിയൽ ഇന്റർചർച്ച് വോളിബോൾ ടൂർണമെന്റിൽ വിജയികളായ ഗാന്ധിധാം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ടീം അംഗങ്ങൾ.

*Ua*




# അഖില മലങ്കര മത്സരപ്പരീക്ഷ വിജയികൾ




**9-ാം ക്ലാസ്സ്: ഹെമി രാജു.** ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് സൺഡേസ്ക്കൂൾ. കൊച്ചുപ്ലാപ്പറമ്പിൽ രാജു-ജസ്സി ദമ്പതികളുടെ മകൾ.



**5-ാം ക്ലാസ്സ്:അലിൻ സൂസൻ ജിജു** കടമ്പനാട് സെന്റ് തോമസ് കത്തീഡ്രലിൽ പാണന്റയ്യത്ത് തേജസ്സിൽ ജിജു പി. സാമിന്റെയും റെനി ബിജുവിന്റെയും മകൾ.



**12-ാം ക്ലാസ്സ്: ജിബിൽ ജോൺ ജോർജ്,** രണ്ടാം റാങ്ക്, സെന്റ് പോൾസ്, കൂടൽ, പത്തനാപുരം.



**6-ാം ക്ലാസ്സ് : ആൻ സാബു.** ചുങ്കത്തറ വലിയ പള്ളി കണ്ണോത്തുകുടിയിൽ സാബു - റീനാ ദമ്പതികളുടെ മകൾ. കോട്ടപ്പടി ഫാ. വി. കുറിയാക്കോസിന്റെ പൗത്രി.



**നിതിൻ പി. പ്രസാദ്:** ജനറൽ നോളജ് സോണൽ തലത്തിൽ ഒന്നാം സ്ഥാനം. ഇളംകുളം സെന്റ് മേരീസ് ഇടവക.



**അലീനാ സജി :** സിംഗിൾ സോംങ്ങ് സബ് ജൂനിയർ സോണൽ തലത്തിൽ ഒന്നാം സ്ഥാനം ഇളംകുളം സെന്റ് മേരീസ് ഇടവക.



**ശ്രുതി കിരൺ:** വാക്യമെഴുത്ത് ജൂനിയർ സോണൽ തലത്തിൽ ഒന്നാം സ്ഥാനം. ഇളംകുളം സെന്റ് മേരീസ് ഇടവക.



**8-ാം ക്ലാസ്സ് : ജെറിൻ വി. ഫീലിപ്പോസ്.** ആലപ്പുഴ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ബഥേൽ ഹൗസിൽ വി. ഫിലിപ്പോസിന്റെയും സൂസൻ ഫീലിപ്പോസിന്റെയും മകൻ.



സഹപാഠ്യ മത്സരത്തിൽ മലബാർ സോൺ ജൂണിയർ സിംഗിൾ സോങ്ങ് ഒന്നാം സ്ഥാനം, അബിയാ സാറാ തോമസ്. പുതുപ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം അരത്തമ്മാമൂട്ടിൽ ഫാ. ബാബു തോമസിന്റെയും, ഡെയ്സി തോമസിന്റെയും മകൾ.



അഖിലേന്ത്യാ സി.എ. പരീക്ഷയിൽ റാങ്ക് നേടിയ വളഞ്ഞവട്ടം സെന്റ് മേരീസ് ഇടവകാംഗം റിഞ്ചോ കുര്യൻ ഡാനിയേൽ. മുന്നൂറ്റിപുത്തൻപുരയ്ക്കൽ ശ്രീ. ഡാനിയേൽ കുര്യാക്കോസിന്റെയും, ശ്രീമതി ലിസ്സി ഡാനിയേലിന്റെയും മകൻ.



സംസ്ഥാന ഗണിതശാസ്ത്രമേളയിൽ സിംഗിൾ പ്രോജക്ട് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ സെയ്റ അലക്സാണ്ടർ തഴക്കര എം.എസ്. സെമിനാരി ഇടവകാംഗവും, എം.എസ്. ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയും. പത്തനംതിട്ട കാതോലിക്കേറ്റ് അദ്ധ്യാപകൻ പ്രൊഫ. അലക്സാണ്ടർ വി. ജോർജിന്റെ മകൾ.



2011-ഡൽഹിയിലെ റിപ്പബ്ലിക് ഡേ പരേഡിൽ നാഷണൽ ഗാർഡ് ആയി സെലക്ഷൻ ലഭിച്ച കേഡറ്റ് ശ്രീ. അലക്സ് ജോർജ് വഴിയമ്പലത്തിൽ, കോട്ടയം ബസ്സേലിയോസ് കോളജ് ഡിഗ്രി വിദ്യാർത്ഥി. മാർ ഏലിയാ കത്തീഡ്രൽ ഇടവകാംഗം.



ഇൻഡ്യൻ പതോളജിക്കൽ സൊസൈറ്റി നൽകി വരുന്ന യുവ ശാസ്ത്ര ഗവേഷകർക്കുള്ള അക്കാഡമിക് അവാർഡും ഗോൾഡ് മെഡലും ലഭിച്ച ജിബി മേരി വർഗീസ്. തളിപ്പറമ്പ് സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗം. ബാംഗ്ലൂർ IBM സോഫ്റ്റ് വെയർ പ്രോജക്ട് ലീഡർ സൈജു ജോർജിന്റെ ഭാര്യ.



**7-ാം ക്ലാസ്സ്, ഒന്നാം റാങ്ക് : ജൂലിയാ തോമസ്.** കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് പള്ളി ഇടവകയിൽ തയ്യിൽ ഡോ. റ്റി.സി. തോമസ് പ്രിയ തോമസ് ദമ്പതികളുടെ മകൾ.



സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരത്തിൽ മലബാർ സോൺ ജൂണിയർ ഗ്രൂപ്പ് സോങ്ങ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ നിഥിയാ ജോണി. അനു സൂസൻ, അബിയാ സാറാ തോമസ്. പുതുപ്പാടി സെന്റ് ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനികളാണ്.


എസ്ഥേർ
1
ഷാജി മലയാലപ്പുഴ
ബാബിലോണ്യർ യരുശലേം കീഴടക്കിയപ്പോൾ അനേകായിരം യഹൂദൻമാരെ തടവുകാരായി പിടിച്ചുകൊണ്ടുപോയി. പിന്നീട് പേർഷ്യൻ രാജാവ് ബാബിലോണിനെ പരാജയപ്പെടുത്തിയപ്പോൾ ആ തടവുകാരെ വിട്ടയച്ചു. ഒട്ടേറെ പേർ തിരികെ പോയി. ബാക്കിയുള്ളവർ ബാബിലോണിലും പേർഷ്യയിലും പാർത്തു.
നൂറു കണക്കിന് യുവതികളോടൊപ്പം എസ്ഥേറും രാജകൊട്ടാരത്തിലെ അന്തഃപുരത്തിൽ കാത്തിരുന്നു; അവരിലൊരാളെ രാജാവ് തന്റെ രാജ്ഞിയായി തെരഞ്ഞെടുക്കുമെന്നായിരുന്നു പ്രതീക്ഷ. ഒടുവിൽ ആ സുദിനം എത്തി.
എസ്ഥേർ ഇനി നീയായിരിക്കും ഈ പേർഷ്യൻ മഹാസാമ്രാജ്യത്തിലെ രാജ്ഞി
നന്ദി മഹാപ്രഭോ!
എന്നാൽ എസ്ഥേറിന്റെ പരിപാലകൻ കൂടെയായിരുന്ന ബന്ധു മോർദ്ദെഖായിയെ വിവാഹവിരുന്നിന് ക്ഷണിച്ചിരുന്നില്ല. അയാൾ പതിവായി കൊട്ടാരവാതിലിൽ കാത്തിരുന്നു.
പേർഷ്യൻ രാജ്ഞി ഒരു യഹൂദസ്ത്രീയാണെന്ന് എനിക്കും അവൾക്കും മാത്രമേ അറിയത്തുള്ളു
ചില നാളുകൾ കഴിഞ്ഞു. ഒരിക്കൽ രണ്ട് രാജഭൃത്യൻമാർ തമ്മിൽ രഹസ്യം പറയുന്നത് മോർദ്ദെഖായി കേട്ടു.
ബിഗ്ധാനേ, നമ്മുടെ പദ്ധതി പാളിപ്പോകരുത്
ഇല്ല, നാളെ ഈ സമയത്ത് രാജാവ് കൊല്ലപ്പെട്ടിരിക്കും. കൊന്നതാരെന്ന് ആരും അറിയുകയുമില്ല
മോർദ്ദെഖായി ഉടൻതന്നെ ഈ വാർത്ത എസ്ഥേറിന്റെ ചെവിയിലെത്തിച്ചു. എസ്ഥേർ രാജാവിനോടും പറഞ്ഞു.
മോർദ്ദെഖായി പറഞ്ഞു നഗരകവാടത്തിൽ ഇരിക്കുമ്പോൾ ബിഗ്ധാനും തേരേശും അടക്കം പറയുന്നത് അദ്ദേഹം കേട്ടു.
നീ ഇതെങ്ങനെ അറിഞ്ഞു?



തുടരും...